# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages - 68

വാല്യം - 8 | ലക്കം - 2 | മകരം - 1190 | ഫെബ്രുവരി 2015






എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ കേരള വനിതാ കമ്മീഷൻ ടിഡിഎം ഹാളിൽ സംഘടിപ്പിച്ച അദാലത്തിൽ ഡോ. ലിസ്സി ജോസ് സംസാരിക്കുന്നു. റിട്ട.ജഡ്ജ് കെ.രാമചന്ദ്രൻ, പി. രാമചന്ദ്രൻ(വേണു), ബി. ഭദ്ര, കെ.പി.കെ.മേനോൻ, അഡ്വ.മേഘ ദിനേശ്, സിനിമോൾ, അഡ്വ.സുരേഷ് എന്നിവർ വേദിയിൽ



ആറൻമുള ഹെറിറ്റേജ് ട്രസ്റ്റ് ടി.ഡി.എം.ഹാളിൽ നടത്തിയ "ആറൻമുളയുടെ നിറക്കൂട്ട്" ചിത്രപ്രദർശനം മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു. പി. രാമചന്ദ്രൻ (വേണു), പ്രൊഫ. എം. കെ. സാനു, സി.ജി.രാജഗോപാൽ, കലാധരൻ തുടങ്ങിയവർസമീപം



152-ാമത് വിവേകാനന്ദ ജയന്തിയോടനുബന്ധിച്ച് എറണാകുളം ബോട്ട്ജെട്ടിയിലെ സ്വാമി വിവേകാനന്ദ പ്രതിമയിൽ പുഷ്പാർച്ചന നടത്തി കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) സംസാരിക്കുന്നു. പി. വി. അതികായൻ, സി. ജി. രാജഗോപാൽ, കെ. പി. ഹരിഹരകുമാർ എന്നിവർ സമീപം

# എറണാകുളം കരയോഗം

**ടി.ഡി.എം. ഹാൾ കോംപ്ലക്സ്, ഡർബാർ ഹാൾ റോഡ്, കൊച്ചി - 682016**

## വിശേഷാൽ പൊതുയോഗ നോട്ടീസ്

2015 മാർച്ച് മാസം 1 - ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് നിയമാവലി 35 (i), 41(viii) പ്രകാരം ഒരു വിശേഷാൽ പൊതുയോഗം ടി.ഡി.എം. ഹാളിൽ കൂടുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

കരയോഗം ഭരണസമിതിയുടെയും, നവതി ആഘോഷകമ്മിറ്റിയുടെയും നിർദ്ദേശങ്ങൾ പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

പ്രസ്തുത വിശേഷാൽ പൊതുയോഗത്തിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു.

ഒപ്പ്

എറണാകുളം
26. 01. 2015

പി.രാമചന്ദ്രൻ (വേണു)
ജനറൽ സെക്രട്ടറി

## കാര്യപരിപാടി

**01.03.2015**

1. ഈശ്വര പ്രാർത്ഥന
2. അനുശോചനം
3. അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗം
4. 2014 ജൂൺ മാസം 29 - ാം തീയതി കൂടിയ പൊതുയോഗത്തിന്റെ മിനിറ്റ്സ്
5. എറണാകുളം കരയോഗം നവതി ആഘോഷ പരിപാടികളെ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കുക
6. എറണാകുളം കരയോഗം നവതി ആഘോഷത്തോടനുബന്ധിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളായ ഗുരുവായൂരിൽ ഗസ്റ്റ് ഹൗസ്, ഓഡിറ്റോറിയം, എറണാകുളത്ത് പോളിക്ലിനിക്, പരസ്പര സഹായ പദ്ധതി, കരയോഗത്തെക്കുറിച്ച് ഡോക്യുമെന്ററി ഫിലിം എന്നിവ ചർച്ച ചെയ്ത് തീരുമാനിക്കുക.
7. നവതി ആഘോഷത്തിനും പദ്ധതികൾക്കുമുള്ള ബഡ്ജറ്റ് ചർച്ച ചെയ്ത് അംഗീകരിക്കുക.
8. നിയമാവലി ഭേദഗതി ചർച്ച ചെയ്ത് അംഗീകരിക്കുക.
9. എറണാകുളം കഥകളി ക്ലബ് കരയോഗം ഏറ്റെടുക്കുന്നത് സംബന്ധിച്ച് തീരുമാനിക്കുക.
10. കൃതജ്ഞത

NB: *പൊതുയോഗത്തിൽ നിയമാവലി 35 (V) പ്രകാരം കരയോഗാംഗങ്ങൾക്ക് മാത്രമേ പങ്കെടുക്കുവാൻ അനുവാദമുണ്ടായിരിക്കുകയുള്ളൂ. അംഗങ്ങൾ കരയോഗം അംഗത്വ ഐഡന്റിറ്റി കാർഡ് നിർബന്ധമായും കൊണ്ടു വരേണ്ടതാണ്.*

*പ്രിയ കരയോഗാംഗങ്ങളെ,*

1925 ൽ സ്ഥാപിതമായ എറണാകുളം കരയോഗം, കഴിഞ്ഞ 89 വർഷമായി വളരെ വ്യത്യസ്തവും തനതായ ശൈലിയിലുമാണ് സമുദായ, സാമൂഹ്യ, ജീവകാരുണ്യ പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുളളത്. എറണാകുളം കരയോഗത്തിൻെറ പ്രശസ്തിക്കും വളർച്ചയ്ക്കും, സഹായവും, ഉപദേശങ്ങളും, നിർദ്ദേശങ്ങളും നൽകി നമുക്ക് മുൻപ് കടന്നുപോയ ഭാവനാസമ്പന്നരും, ദീർഘദർശികളുമായിരുന്ന പതിനൊന്ന് സ്ഥാപക നേതാക്കൻമാരെയും കാലാകാലങ്ങളിൽ ഈ പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത മുൻ സാരഥികളെയും, നമ്മുടെ മുന്നോട്ടുള്ള പ്രയാണത്തിന് സഹായിച്ചിട്ടുളള എല്ലാ മാന്യവ്യക്തികളേയും നന്ദിപൂർവ്വം സ്മരിക്കുന്നു.

എറണാകുളം കരയോഗം നവതി ആഘോഷം വളരെ സമുചിതമായും എന്നാൽ, വരുംതലമുറയ്ക്ക് ഉപകാരപ്രദവും കാലത്തിൻെറ ആവശ്യങ്ങൾക്ക് ഉതകുന്നതുമായ രീതിയിൽ എന്നും ഓർമ്മിക്കപ്പെടണം. അതിനുള്ള ശ്രമമാണ് നമുക്ക് ഇവിടെ ഇന്ന് തുടക്കം കുറിക്കേണ്ടത്. കൂടാതെ എറണാകുളം കഥകളി ക്ലബ് എറണാകുളം കരയോഗം ഏറ്റെടുത്ത് നടത്തുന്നതിനായി ഒരു നിർദ്ദേശം കൂടി ഭരണസമിതി പൊതുയോഗത്തിനു മുമ്പാകെ സമർപ്പിക്കുന്നു. ഈ വിഷയങ്ങളിൽ പൊതുയോഗത്തിൻെറ വിലയേറിയ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

നവതി ആഘോഷം സംബന്ധിച്ച് വിപുലമായ ഒരാഘോഷകമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജസ്റ്റിസ് ഡോ.കെ.എസ്.രാധാകൃഷ്ണൻ ചെയർമാനായ കമ്മിറ്റിയാണ് നവതി ആഘോഷം സംബന്ധിച്ച എല്ലാ പരിപാടികളും ആസൂത്രണം ചെയ്യുന്നത്. 2015 ഡിസംബർ 21 മുതൽ 25 വരെ വളരെ വിപുലമായി അഞ്ചു ദിവസം നീണ്ടു നിൽക്കുന്ന പരിപാടികൾക്കാണ് രൂപം കൊടുത്തിട്ടുളളത്. ആഘോഷ പരിപാടികളോടൊപ്പം, അതിലുപരിയായി, നവതി സ്മാരകമായി ചില പദ്ധതികളും വിഭാവനം ചെയ്യുന്നു. നവതി ആഘോഷത്തിൻെറ പദ്ധതികളും ബഡ്ജറ്റും വിശേഷാൽ പൊതുയോഗത്തിൻെറ അംഗീകാരത്തിനായി സമർപ്പിച്ചുകൊളളുന്നു.

**1. നവതി ആഘോഷം 2015**

2015 ഡിസംബർ 21 മുതൽ 25 വരെ കലാ സാഹിത്യ സാംസ്ക്കാരിക രംഗത്തുളള പ്രശസ്തരും പ്രഗൽഭരുമായവരെ പങ്കെടുപ്പിച്ചുകൊണ്ട് അഞ്ചു ദിവസം നീണ്ടു നിൽക്കുന്ന വ്യത്യസ്തവും, സമൂഹത്തിനും, സമുദായത്തിനും ഒരു പോലെ പ്രയോജനകരവും വിപുലവുമായ പരിപാടികൾ സംഘടിപ്പിക്കുക.

**2. ഗുരുവായൂരിൽ ഗസ്റ്റ് ഹൗസും, ഓഡിറ്റോറിയവും**

നവതി ആഘോഷത്തിൻെറ ഭാഗമായി എറണാകുളം കരയോഗത്തിൻെറ ഒരു സ്മാരക മന്ദിരം ഉണ്ടാവേണ്ടതാണ്. ആയതിന് നവതി ആഘോഷകമ്മിറ്റിയും, ഭരണസമിതിയും കൂടിയാലോചിച്ചതിൻെറ ഫലമായി കരയോഗത്തിൻെറ ആഭിമുഖ്യത്തിൽ ഗുരുവായൂർ കേന്ദ്രമായി ഒരു ഗസ്റ്റ് ഹൗസും, ഓഡിറ്റോറിയവും നിർമ്മിക്കുന്നത് നന്നായിരിക്കുമെന്ന് കരുതുന്നു. ആയത് കരയോഗാംഗങ്ങളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ പൂർത്തിയാക്കുന്നതിന് കഴിയുമെന്നാണ് ഭരണസമിതിയുടെ വിശ്വാസം. ഇതിനാവശ്യമായ 25/35 സെൻറ് സ്ഥലം കണ്ടെത്തി വാങ്ങുന്നതിനും, കെട്ടിട നിർമ്മാണത്തിനും മറ്റും ആവശ്യമായി വരുന്ന തുക അംഗങ്ങളിൽ നിന്നോ, ബാങ്കുകളിൽ നിന്നോ, കരയോഗത്തിൻെറ തൃപ്പൂണിത്തുറയിലുള്ള 16.870 സെൻറ് സ്ഥലം ആവശ്യമെങ്കിൽ വില്പന നടത്തിയോ ധനം സമാഹരിക്കാവുന്നതാണ്. കരയോഗത്തിൻെറ ഉടമസ്ഥതയിൽ കരയോഗം മാംഗല്യട്രസ്റ്റിൻെറ കീഴിൽ ഇതിൻെറ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതു വഴി, സാങ്കേതികവും നിയമപരവുമായി ഈ പദ്ധതി പ്രാവർത്തികമാക്കുവാൻ എളുപ്പമായിരിക്കുമെന്ന് ഭരണസമിതി വിലയിരുത്തുന്നു. പൊതുയോഗത്തിൻെറ അംഗീകാരത്തിനായി ഈ പദ്ധതി സമർപ്പിച്ചുകൊളളുന്നു.

**3. എറണാകുളത്ത് പോളിക്ലിനിക്**

ഇന്ന് വ്യക്തികളും കുടുംബങ്ങളും തങ്ങളുടെ താങ്ങാനാവാത്ത ഭാരിച്ച ജീവിതച്ചിലവിൻെറ ഒരു ഭാഗം ചികിത്സയ്ക്കും, അനുബന്ധ പരിശോധനകൾക്കും, മരുന്നുകൾക്കും വേണ്ടി ചിലവഴിച്ചു കൊണ്ടിരിക്കുകയാണ്. സാധാരണ ജനങ്ങൾക്ക് വളരെ ചുരുങ്ങിയ ചിലവിൽ അത്യാവശ്യം വേണ്ട പരിശോധനകളും ഹോമിയോ, അലോപ്പതി, ആയുർവേദം

എന്നീ വിഭാഗങ്ങളിലെ സേവനവും ലഭ്യമാക്കുക യാണ് പോളിക്ലിനിക് എന്ന പ്രസ്ഥാനം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതോടൊപ്പം തന്നെ ജനറിക് മെഡിസിൻ വിതരണത്തിനുള്ള ഒരു മെഡിക്കൽ ഷോപ്പും തുടങ്ങണമെന്നാണ് ഭരണസമിതിയുടെ ആഗ്രഹം. ടി വിഷയവും പൊതുയോഗത്തിൻെറ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

**4. ഡോക്യുമെൻററി**

ഈ നഗരത്തിൽ കഴിഞ്ഞ 89 വർഷമായി വിവിധ സാമൂഹ്യ, സാംസ്ക്കാരിക, ആദ്ധ്യാത്മിക, കലാ, സാഹിത്യ എന്നു വേണ്ട സമസ്ത മേഖലകളിലും തനതായ ശൈലിയിൽ ഇടപെടുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു സ്ഥാപനമെന്ന നിലയ്ക്ക് ചരിത്രപരമായ പല മുഹൂർത്തങ്ങൾക്കും ഈ പ്രസ്ഥാനവും ഇതിൻെറ സാരഥികളും സാക്ഷ്യം വഹിച്ചിട്ടുണ്ട്. അടുത്ത നൂറ്റാണ്ടിൻെറ അറിവിലേക്കായും പുതിയ തലമുറയുടെ വിജ്ഞാനത്തിനായും, ചരിത്ര ഗവേഷകരുടെ ആവശ്യത്തിലേക്കായും ഈ നഗരത്തിൻെറ ചരിത്രത്തോടൊപ്പം തന്നെ എറണാകുളം കരയോഗത്തിൻെറയും മറക്കാനാവാത്ത, ഒഴിവാക്കാനിടവരാത്ത, ചരിത്ര മുഹൂർത്തങ്ങൾ സൂക്ഷിച്ചു വയ്ക്കേണ്ടതും, രേഖപ്പെടുത്തേണ്ടതും അത്യാവശ്യമാണ്. അതിനായി കരയോഗത്തെ സംബന്ധിച്ച ഒരു ഡോക്യുമെൻററി ഫിലിമും, പരസ്യചിത്രവും നിർമ്മിക്കുവാനുള്ള നിർദ്ദേശം പൊതുയോഗത്തിൻെറ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

**പരസ്പര സഹായ പദ്ധതി**

എറണാകുളം കരയോഗത്തിൻെറ കീഴിൽ ഒരു പരസ്പര സഹായ പദ്ധതി തുടങ്ങുന്നത് നന്നായിരിക്കും എന്ന് ഭരണസമിതി കരുതുന്നു. വിദ്യാഭ്യാസം, വിവാഹം, ഗൃഹനിർമ്മാണം, വൈദ്യചികിത്സ തുടങ്ങി, ജീവിതത്തിൽ നമ്മൾ അഭിമുഖീകരിക്കുന്ന ഭാരിച്ച ചിലവ് വരുന്ന ജീവിതമുഹൂർത്തങ്ങളിൽ പരസ്പരം സഹായിക്കുവാൻ നമുക്ക് സാധിക്കണം. ആവശ്യങ്ങൾക്ക് ഉപകരിക്കുന്ന രീതിയിൽ, പ്രതിമാസ സമ്പാദ്യശീലം വളർത്തുവാൻ കഴിയണം. അതിനായി ഒരു പരസ്പര സഹായ പദ്ധതി തുടങ്ങുന്നതിന് പൊതുയോഗത്തിൻെറ അംഗീകാരത്തിനായി ഈ പദ്ധതി സമർപ്പിച്ചുകൊള്ളുന്നു.

**നിയമാവലി ഭേദഗതി**

നവതി ആഘോഷങ്ങളോടനുബന്ധിച്ച് വിഭാവനം ചെയ്തിട്ടുള്ള ഗുരുവായൂർ ഗസ്റ്റ് ഹൗസും ആഡിറ്റോറിയവും നിർമ്മിക്കുക എന്ന ബൃഹത്തായ പദ്ധതിയുടെ നടത്തിപ്പിനും കൂടാതെ ഭാവി കരയോഗപ്രവർത്തനങ്ങൾക്കും ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നതിനുവേണ്ടി കരയോഗ യോഗമെമ്മോറാണ്ടങ്ങളിലും നിയമാവലിയിലും പേജ് നമ്പർ ഒന്നിൽ മൂന്നാം വകുപ്പിലും പേജ് നമ്പർ ആറിൽ മൂന്നാം വകുപ്പിലും പ്രതിപാദിച്ചിട്ടുള്ള എറണാകുളം കരയോഗത്തിന്റെ പ്രവർത്തനം പൊതുവേ എറണാകുളം ജില്ലയുടെ അതിർത്തിക്കുള്ളിലായിരിക്കും എന്നത് വിപുലീകരിച്ച് ജില്ലക്ക് പുറത്തും സ്ഥാവരജംഗമവസ്തുക്കൾ ആർജ്ജിക്കുകയും അതിലൂടെ പൊതുവായ ഒരു സേവനം നല്കുകയുമാണ് ലക്ഷ്യം. ആയതിനുവേണ്ടി പൊതുയോഗത്തിനു മുമ്പായി ഈ നിയമാവലി ഭേദഗതികൾ അംഗീകാരത്തിനായി സമർപ്പിച്ചു കൊള്ളുന്നു.

| നിലവിലുള്ളത് | ഭേദഗതികൾ |
|---|---|
| (പേജ് നമ്പർ 1 ൽ മൂന്നാം വകുപ്പ്) **പ്രവർത്തനാതിർത്തി** ഈ കരയോഗത്തിന്റെ പ്രവർത്തനം പൊതുവേ എറണാകുളം ജില്ലയുടെ അതിർത്തിക്കുള്ളിലായിരിക്കും. | ഈ കരയോഗത്തിന്റെ പ്രവർത്തനം പൊതുവെ എറണാകുളം ജില്ലയുടെ അതിർത്തിക്കുള്ളിലായിരിക്കും. എന്നാൽ ആവശ്യമെന്നു തോന്നുന്ന പക്ഷം എറണാകുളം ജില്ലക്ക് പുറത്ത് കരയോഗത്തിന്റെ പേരിൽ സ്ഥാവരജംഗമ സ്വത്തുക്കൾ ആർജിക്കാവുന്നതും സേവനം നല്കാവുന്നതുമാണ്. |

| നിലവിലുള്ളത് | ഭേദഗതികൾ |
| --- | --- |
| (പേജ് നമ്പർ 6 ൽ മൂന്നാം വകുപ്പ് ) **പ്രവർത്തനാതിർത്തി** ഈ കരയോഗത്തിന്റെ പ്രവർത്തനം പൊതുവേ എറണാകുളം ജില്ലയുടെ അതിർത്തിക്കുള്ളിലായിരിക്കും. | ഈ കരയോഗത്തിന്റെ പ്രവർത്തനം പൊതുവെ എറണാകുളം ജില്ലയുടെ അതിർത്തിക്കുള്ളിലായിരിക്കും. എന്നാൽ ആവശ്യമെന്നു തോന്നുന്ന പക്ഷം എറണാകുളം ജില്ലക്ക് പുറത്ത് കരയോഗത്തിന്റെ പേരിൽ സ്ഥാവരജംഗമസ്വത്തുക്കൾ ആർജിക്കാവുന്നതും സേവനം നല്കാവുന്നതുമാണ്. |

## എറണാകുളം കഥകളി ക്ലബ്

എറണാകുളം കരയോഗത്തിൻെറ സഹകരണത്തോടെയും സഹായത്തോടെയും 57 വർഷങ്ങൾക്ക് മുൻപ് ടിഡിഎം ഹാളിൽ ആരംഭിച്ച **എറണാകുളം കഥകളി ക്ലബ്** എന്ന സംഘടന ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ നടത്തിക്കൊണ്ടു പോകുവാൻ സാമ്പത്തികമായും മറ്റും ചില ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു എന്നു കാണിച്ച് ക്ലബ് ഭാരവാഹികൾ കരയോഗം ഭരണസമിതിയെ സമീപിക്കുകയും, പ്രസ്തുത വിഷയം ഗൗരവമായി ഭരണസമിതി ചർച്ച ചെയ്തതിൻെറ അടിസ്ഥാനത്തിൽ ചില നിബന്ധനകൾക്ക് വിധേയമായി ക്ലബ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഒരു നിർദ്ദേശം പൊതുയോഗത്തിനു മുൻപാകെ സമർപ്പിക്കുന്നു. ക്ലബിൽ നിലവിലുള്ള ബാദ്ധ്യതകളോ, നിയപരമായ ഉത്തരവാദിത്തങ്ങളോ ഒഴിവാക്കേണ്ടതും, പുതിയ അംഗങ്ങളെ ചേർക്കുകയോ, വരിസംഖ്യ പിരിക്കുകയോ ചെയ്യുന്നതല്ല എന്നും, നിലവിലുള്ള ക്ലബ് അംഗങ്ങൾക്ക് സൗജന്യമായി എറണാകുളം കരയോഗം നടത്തുന്ന പ്രതിമാസ കഥകളി കാണുവാൻ അവസരം ഉണ്ടായിരിക്കുന്നതാണെന്നും എറണാകുളം കഥകളി ക്ലബ് ചാരിറ്റബിൾ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത സംഘടന എന്ന നിലയിൽ ക്ലബിൻെറ പൊതുയോഗം കൂടി നിയമപരമായി ബാദ്ധ്യത കഴിഞ്ഞുള്ള സ്ഥാവര ജംഗമ വസ്തുക്കൾ എറണാകുളം കരയോഗത്തെ ഏൽപ്പിച്ച് **എറണാകുളം കഥകളി ക്ലബ്** പിരിച്ചുവിടാൻ തീരുമാനിക്കേണ്ടതും, ക്ലബിൽ നിലവിലുള്ള അംഗങ്ങൾക്ക് തുടർന്ന് ക്ലബിൻെറ പ്രവർത്തനങ്ങളിൽ പ്രത്യക്ഷമായോ, പരോക്ഷമായോ, നിയമപരമായോ യാതൊരവകാശവും ഉണ്ടായിരിക്കുന്നതല്ല എന്നു തുടങ്ങിയ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ എറണാകുളം കഥകളി ക്ലബ് കരയോഗം ഏറ്റെടുക്കുന്നത് നന്നായിരിക്കും എന്നാണ് ഭരണസമിതിയുടെ അഭിപ്രായം. കേരളത്തിൻെറ തനതു കലയായ **കഥകളി** എന്ന മഹാകലാരൂപത്തെ നിലനിർത്തേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതും ഈ സമൂഹത്തിൻെറ തന്നെ ബാദ്ധ്യതയായതുകൊണ്ട് എറണാകുളം കരയോഗത്തെപ്പോലെ സാംസ്ക്കാരിക പൈതൃകമുള്ള സംഘടന മേൽതീരുമാനം പ്രാവർത്തികമാക്കുവാൻ മുൻകൈ എടുക്കണമെന്ന് ഭരണസമിതി ആഗ്രഹിക്കുന്നു. അതിൻെറ അടിസ്ഥാനത്തിൽ മേൽപറഞ്ഞ നിബന്ധനകൾക്ക് വിധേയമായി **"എറണാകുളം കഥകളി ക്ലബ്"** എന്ന പേര് നിലനിർത്തിക്കൊണ്ട്, കഥകളി ക്ലബ് ഏറ്റെടുക്കുവാനുള്ള തീരുമാനം പൊതുയോഗത്തിൻെറ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

എറണാകുളത്തെ നാഥനായ എറണാകുളത്തപ്പൻെറ അനുഗ്രഹത്താലാണ് എറണാകുളം കരയോഗത്തിൻെറ പ്രവർത്തനങ്ങൾ അനുനിമിഷം മുന്നോട്ടു പോകുന്നത്. എറണാകുളം കരയോഗത്തിൻെറ അന്തസ്സിനും അതുപോലെ തന്നെ അഭിവൃദ്ധിക്കും വേണ്ടിയുള്ള ഒരു കാൽവയ്പായിട്ടായിരിക്കണം നവതി ആഘോ

ഷവും മേൽസൂചിപ്പിച്ച പദ്ധതികളും വിലയിരുത്തേണ്ടത്. കരയോഗാംഗങ്ങൾ ഈ ആഘോഷങ്ങളെയും, പദ്ധതികളെയും കുറിച്ചുള്ള നിർദ്ദേശങ്ങളോ, ഉപദേശങ്ങളോ ആയി അവ തുറന്ന ചർച്ചയ്ക്ക് വിധേയമാക്കണം. 2025 ൽ എറണാകുളം കരയോഗത്തിൻെറ ശതാബ്ദി ആഘോഷിക്കുന്ന ആ ദിനം ലക്ഷ്യം വെച്ചായിരിക്കണം ഇന്നത്തെ പ്രവർത്തനങ്ങൾ വീക്ഷിക്കേണ്ടത്. വരുന്ന 10 വർഷത്തെ ഈ പ്രസ്ഥാനത്തിൻെറ പുരോഗതിയും, വളർച്ചയും, സേവന മേഖലയും വിപുലപ്പെടുത്തുകയാണ് നമ്മുടെ ഉദ്ദേശ്യം. പൊതുയോഗത്തിൻെറ മുൻപാകെ വെച്ചിട്ടുള്ള എല്ലാ പദ്ധതികളും അംഗീകരിക്കണം എന്ന് അപേക്ഷിക്കുന്നു.

കരയോഗത്തിൻെറ ഓരോ അംഗങ്ങളെയും പൊതുയോഗത്തിലേയ്ക്ക് ക്ഷണിക്കുന്നതോടൊപ്പം, നിങ്ങളുടെ ഓരോരുത്തരുടെയും, ആശംസയും, അനുഗ്രഹവും ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീഗുരുവായൂരപ്പൻെറ അനുഗ്രഹം എല്ലാവർക്കും ഉണ്ടാവട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട്,

കരയോഗം ഭരണസമിതിക്കു വേണ്ടി
പി.രാമചന്ദ്രൻ (വേണു)
ജനറൽ സെക്രട്ടറി

എറണാകുളം
26. 01. 2015

**ERNAKULAM KARAYOGAM**

**STATEMENT OF BUDGET FOR NAVATHI TO BE CONDUCTED IN DECEMBER 2015**

(Amount in Rupees)

| Particulars | Amount | Particulars | Amount |
|---|---|---|---|
| To Guest house at Guruvayur | 154,350,000 | By Receipts from Time Share | 90,000,000 |
| To Cost of Polyclinic | 10,000,000 | By Loan from Members and Banks | 72,500,000 |
| To Corpus for Mutual Assistance schemes | 12,500,000 | By Internal Generation/ Corpus Donation | 14,350,000 |
| | | By Sponsorships and Donations | 3,060,000 |
| To Navathi Celebration Expenses | 3,060,000 | | |
| **Total** | **179,910,000** | **Total** | **179,910,000** |

Note : The disposal of Land at Tripunithura of Ernakulam karayogam is an additional source for funding the project, as a backup option

Sd/- **PRESIDENT** Sd/- **GENERAL SECRETARY** Sd/- **TREASURER**

Ernakulam
26-1-2015

വാല്യം 8 ♦ ലക്കം – 2 ♦ ഫെബ്രുവരി 2015

ഉള്ളടക്കം — നം


| | |
|---|---|
| പൊതുയോഗ നോട്ടീസും നിയമാവലി ഭേദഗതി | - 3 |
| എഡിറ്റോറിയൽ | - 8 |
| വിശേഷ ദിവസങ്ങൾ | - 9 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | - 10 |
| ബാലലോകം | - 11 |
| വദതു സംസ്കൃതം | - 12 |
| രാഗപരിചയം | - 13 |
| വാസ്തു | - 14 |
| പ്രാണന്റെ ഗതി | - 15 |
| ജയദേവരോട് | - 17 |
| ഭാരതീയ പൈതൃക സന്ദേശം | - 18 |
| ശുക്രാചാര്യൻ നടപ്പിലാക്കിയ മദ്യ നിരോധനം | - 21 |
| വഴക്കാളി | - 23 |
| ക്ഷേത്രമഹാത്മ്യം | - 24 |
| ഗാന്ധിസൂക്തം | - 26 |
| ഇഷ്ടം | - 27 |
| സ്വസ്തിനഃ പൂഷാ വിശ്വവേദാ | - 30 |
| ഭൂമിയുടെ ജീവിതശൈലി രോഗത്തിന്... | - 34 |
| വൈലോപ്പള്ളി മലയാള കവിതയിലെ വേറിട്ട സ്വരം | - 36 |
| പ്രായത്തിന്റെ പരിമിതികൾ | - 40 |
| വിറ്റാമിൻസ് | - 42 |
| വ്യക്തിവിശേഷം - കെ.പി. കേശവമേനോൻ | - 44 |
| ശബ്ദമലിനീകരണം | - 45 |
| ഗ്രീവാ സ്തംഭം | - 47 |
| ആദരാഞ്ജലി | - 50 |
| ചരമവാർഷികം | - 52 |
| മാസഫലം | - 54 |
| മാംഗല്യം | - 55 |



**പത്രാധിപസമിതി**

**കെ.പി. കൃഷ്ണമേനോൻ**
*(മാനേജിംഗ് എഡിറ്റർ)*

**എം. ശ്രീവല്ലഭൻ നായർ**
*(എക്സിക്യൂട്ടീവ് എഡിറ്റർ)*

**കെ. വി. രാമചന്ദ്രൻ**
*(എഡിറ്റർ)*

**പി. രാമചന്ദ്രൻ (വേണു)**
**കെ. ടി. മോഹനൻ**
**എ. മുരളീധരൻ**
**എം. രാജലക്ഷ്മി**




*എഡിറ്റോറിയൽ........*

# മതപരിവർത്തനം

അടുത്തിടെയായി പാർലമെന്റിലും, ദൃശ്യമാധ്യമങ്ങളിലും ചില രാഷ്ട്രീയ പാർട്ടികളുടെ യോഗങ്ങളിലും ഒക്കെ വളരെയേറെ ചർച്ചയ്ക്ക് വിധേയമായിട്ടുള്ള ഈ വിഷയത്തിന് ഇപ്പോൾ ഇത്രയ്ക്ക് പ്രാധാന്യം കിട്ടുവാനുള്ള കാരണം എന്താണ്? മറ്റൊന്നുമല്ല, പതിവിന് വിപരീതമായി മറ്റു മതങ്ങളിൽ നിന്നും, ഹിന്ദുമതത്തിലേയ്ക്ക് കുറെ ആളുകൾ മടങ്ങി വരികയുണ്ടായി. നൂറ്റാണ്ടുകളായി ഹിന്ദുമതത്തിൽ നിന്നും, ലക്ഷക്കണക്കിനാളുകളെ മറ്റ് ചില മതങ്ങളിലേയ്ക്ക് മതം മാറ്റം നടത്തിക്കൊണ്ടിരുന്നപ്പോഴൊന്നും ഉണ്ടാകാതിരുന്ന മതേതര വികാരം നമ്മുടെ ചില രാഷ്ട്രീയപാർട്ടികളിൽ ഇപ്പോൾ ആളിക്കത്തുകയാണ്. ഹിന്ദുമതത്തിലെ പാവപ്പെട്ടവരെ പ്രലോഭനങ്ങളാലും പ്രതിഫലനങ്ങൾ നല്കിയും ഒക്കെയാണ് അന്യമതസ്ഥർ അവരുടെ മതത്തിലേയ്ക്ക് മാറ്റിയെടുക്കുന്നതെന്നാണ് കേൾക്കുന്നത്. ഇതിലേയ്ക്കായി കോടിക്കണക്കിന് രൂപ ഭാരതത്തിലേയ്ക്ക് ചില വിദേശരാജ്യങ്ങളിൽ നിന്നും എത്തുന്നുണ്ടെന്നും കേൾക്കുന്നു. ഇത്രയും കാലം ഈ നാട് ഭരിച്ചവർ എന്തേ ഇതിനൊരു നിയന്ത്രണം ഏർപ്പെടിത്തിയില്ല. നിയമവിരുദ്ധമായ ഇമ്മാതിരി മതം മാറ്റത്തിന് മൗനാനുവാദം നൽകിയതാര്? ലോകത്തിലെ ഏറ്റവും പുരാതനവും, ലോകോത്തരവുമായ മഹത്തായ സംസ്കാരത്തിലധിഷ്ഠിതമായ ഹൈന്ദവ തത്വസംഹിതകൾക്കും, ജീവിതചര്യകൾക്കും തുല്യമായി മറ്റൊന്നില്ലെന്ന് അനുഭവിച്ചറിയുന്നത് ഇതിൽ നിന്ന് വിട്ട് മറ്റ് മതങ്ങളിലേയ്ക്ക് ചേക്കേറുമ്പോഴാണ്. അടിച്ചേല്പിക്കപ്പെടുന്ന തെറ്റിദ്ധാരണകളിൽ പെട്ട് വഞ്ചിതരായി എന്നും, “ലോകാ സമസ്താ സുഖിനോ ഭവന്തൂ” എന്ന് പ്രാർത്ഥിക്കുന്ന, ലോകസമാധാനത്തിനായി ശാന്തി മന്ത്രം ജപിക്കുന്ന ഉദാത്തമായ തത്വസംഹിതകളാലും ഉത്കൃഷ്ഠമായ സാംസ്കാരിക ജീവിതചര്യകളാലും പരിപോഷിപ്പിക്കപ്പെട്ടിട്ടുള്ള തന്റെ പൂർവ്വ മതത്തെപ്പറ്റി ഓർത്ത്,

വൈദേശിക മതങ്ങളിലേയ്ക്ക് മാറിയശേഷം, ദുഃഖിക്കുന്നവരും, പറ്റിയ തെറ്റ് തിരുത്താൻ ശ്രമിക്കുന്നവരും നിരവധിയാണ്. തെറ്റിദ്ധാരണാ ജനകമായ പ്രചരണങ്ങൾ നടത്തി ആളുകളെ കബളിപ്പിച്ച് മതം മാറ്റുന്നതല്ലേ ഭരണാഘടനാ വിരുദ്ധമായ മതം മാറ്റം. താനോ തന്റെ പൂർവ്വി കർക്കോ, അറിഞ്ഞോ, അറിയാതെയോ പറ്റിയ തെറ്റ് തിരുത്തി സ്വന്തം ഇഷ്ടപ്രകാരം, തന്റെ തനതായ സാംസ്കാരിക മഹിമയിലേയ്ക്ക് മടങ്ങി വരുന്നത് എങ്ങനെ മതം മാറ്റമാകും. ഏതാണ് മതം മാറ്റം എന്നുള്ളതല്ല ഇവിടെ പ്രശ്നം. കപട മതേതരവാദികളായ ചില രാഷ്ട്രീയ പാർട്ടികളുടെ കാപട്യം കാണു മ്പോഴാണ് മൂക്കത്ത് വിരൽ വെച്ചു പോകുന്നത്. കഴിഞ്ഞ 50 വർഷത്തിനുള്ളിൽ വൈദേശിക മതങ്ങളിലേയ്ക്ക് മതം മാറ്റം നടത്തിയവർ എത്ര? ഹിന്ദുമതത്തിലേയ്ക്ക് മതം മാറി വന്നവർ എത്ര? ഈ കണക്ക് സർക്കാർ വെളിപ്പെടുത്തണം. ലൗജിഹാദും അതുപോലെയുള്ള ഗൂഢതന്ത്ര ങ്ങളിലൂടെ മാറ്റപ്പെട്ടവരേയും കണക്കിൽ ഉൾപ്പെടുത്തണം. എന്നിട്ട് തീരുമാനിക്കുക ആരാണ് മതംമാറ്റത്തെ പ്രോത്സാഹിപ്പിക്കുന്ന തെന്ന്. ഹിന്ദുമതത്തിലേയ്ക്ക് കുറെ ആളുകൾ തിരികെ വന്നതിനെതിരെ പാർലമെന്റിൽ ബഹളം നടന്നുക്കൊണ്ടിരുന്നപ്പോൾ തന്നെ യാണ് യു.പി.യിലും, ബീഹാറിലും കുറെ ആളുകളെ ക്രിസ്തുമതത്തിലേയ്ക്ക് മതം മാറ്റിയ വാർത്ത പുറത്തു വന്നത്. എന്നാൽ ഈ ബഹള ക്കാർ അതിനെക്കുറിച്ച് മൗനം പാലിക്കുകയാണ് ഉണ്ടായത്.

ഒരു നിയമമുണ്ടെങ്കിൽ അത് എല്ലാ വർക്കും ഒരുപോലെ ബാധകമായിരിക്കണം. ഇവിടെ അതല്ലല്ലോ. മതേതരമെന്ന ലേബലൊ ട്ടിച്ചുകൊണ്ട് ഹിന്ദുവിന് ഒരു നിയമയവും കൃസ്ത്യാനിക്ക് മറ്റൊരു നിയമവും മുസ്ലീമിന് ഇതൊന്നുമല്ലാത്ത വേറൊരു നിയമവുമല്ലെ നടപ്പാക്കുന്നത്. ഇപ്പോൾ മുതലക്കണ്ണീരു പൊഴിക്കുന്ന രാഷ്ട്രീയപാർട്ടികളോട് ഒരു അഭ്യർത്ഥന മതം മാറ്റം പരിപൂർണ്ണമായും നിരോധിക്കുക. ആരും ആരെയും എങ്ങോട്ടും മാറ്റേണ്ടാ നിങ്ങൾ ഇപ്പോൾ കാണിക്കുന്ന കോലാഹലങ്ങൾക്ക് അല്പമെങ്കിലും ഉദ്ദേശ ശുദ്ധിയുണ്ടെങ്കിൽ മതം മാറ്റ നിരോധനം നടപ്പിലാക്കുവാൻ ശ്രമിക്കുക. അതാണ് ഉത്തമം, അതാണ് കരണീയം.

■

# വിശേഷ ദിവസങ്ങൾ

*ഫെബ്രുവരി 15 മുതൽ മാർച്ച് 14 വരെ*

| | | |
|---|---|---|
| **ഫെബ്രുവരി** | 17 | ശിവരാത്രി |
| | 18 | തൃപ്പൂണിത്തുറ ഉത്സവം ആറാട്ട് |
| | 19 | ഏറ്റുമാനൂർ മഹാദേവ ക്ഷേത്രത്തിൽ കൊടിയേറ്റ് |
| | 20 | ശ്രീരാമകൃഷ്ണ ജയന്തി |
| | **22** | **കരയോഗം ശ്രീമദ്ഭാഗവത സപ്താഹ യജ്ഞം ആരംഭം** |
| | 23 | പൂന്താന ദിനം |
| | 24 | കുംഭഭരണി |
| | 28 | ഏറ്റുമാനൂർ ആറാട്ട് |
| **മാർച്ച്** | **1** | **കരയോഗം ശ്രീമദ്ഭാഗവത സപ്താഹ യജ്ഞം സമാപനം** |
| | | തിരുനാവായ ഏകാദശി |
| | 2. | ഗുരുവായൂർ കൊടിയേറ്റ്, മരട് കൊട്ടാരംഭഗവതി ക്ഷേത്രത്തിൽ താലപ്പൊലി തെക്കേചേരുവാരം |
| | 5. | ചോറ്റാനിക്കര മകം, ആറ്റുകാൽ പൊങ്കാല |
| | 7. | തൃപ്പൂണിത്തുറ ഉത്രം തിരുനാൾ ഉത്സവം |
| | 8. | വനിതാദിനം |
| | 11. | ഗുരുവായൂർ ആറാട്ട് |
| | 13. | വൈക്കത്തഷ്ടമി |

# ജനറൽ സെക്രട്ടറിയുടെ പംക്തി

എറണാകുളം കരയോഗത്തിൻെറ ഒരു വിശേഷാൽ പൊതുയോഗം മാർച്ച് 1-ാം തീയതി വൈകുന്നേരം 4 മണിക്ക് കൂടുവാൻ തീരുമാനിച്ചിട്ടുണ്ട്. 2015-ലെ കരയോഗത്തിൻെറ നവതി ആഘോഷം സമുചിതമായി നടത്തുന്നതിനും അതുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനും, തീരുമാനം എടുക്കുന്നതിനും വേണ്ടിയാണ് ഈ യോഗം വിളിച്ചു കൂട്ടുന്നത്. എറണാകുളം നഗരത്തിൽ സമുദായ, സാംസ്ക്കാരിക, കലാ, ജീവകാരുണ്യ, ആദ്ധ്യാത്മിക പ്രവർത്തനങ്ങളിൽ മുന്നിട്ടു നിൽക്കുന്ന എറണാകുളം കരയോഗത്തെപോലുള്ള പ്രസ്ഥാനം സമൂഹത്തിനു വേണ്ടിയും, സമുദായത്തിനു വേണ്ടിയും കൂടുതൽ പ്രവർത്തികളും, സേവനങ്ങളും നൽകേണ്ട കാലഘട്ടമാണ് നവതി വർഷം.

നവതി സ്മാരകങ്ങളായി ഗുരുവായൂരിൽ ഒരു ഗസ്റ്റ് ഹൗസും, ഓഡിറ്റോറിയവും എറണാകുളത്ത് പോളിക്ലിനിക്, കരയോഗം അംഗങ്ങളും അവരുടെ കുടുംബാംഗങ്ങൾക്കുമായി വിദ്യാഭ്യാസം, വിവാഹം, ഭവനനിർമ്മാണം, ആരോഗ്യം എന്നിവയ്ക്കായി പരസ്പര സഹായ പദ്ധതി, 2015 ഡിസംബർ 21 മുതൽ 25 വരെ വിപുലമായ നവതി ആഘോഷ പരിപാടികൾ എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ളത്. വിശേഷാൽ പൊതുയോഗം മേൽപറഞ്ഞ വിഷയങ്ങൾ ചർച്ച ചെയ്ത് അംഗീകരിക്കുന്നതോടൊപ്പം തന്നെ 57 വർഷങ്ങൾക്ക് മുൻപ് ടി.ഡി.എം.ഹാളിൽ എറണാകുളം കരയോഗത്തിൻെറ സഹായസഹകരണത്തോടെ ആരംഭിച്ച എറണാകുളം കഥകളി ക്ലബ്, ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ക്ലബിൻെറ പ്രവർത്തനം കരയോഗം ഏറ്റെടുത്തുകൊണ്ട് കഥകളി എന്ന പൈതൃക കലാരൂപത്തെ സംരക്ഷിക്കുന്നതോടൊപ്പം എറണാകുളം കരയോഗം ആരംഭിച്ച ആ പ്രസ്ഥാനം ഏറ്റെടുക്കുക വഴി കരയോഗത്തിൻെറ പ്രവർത്തനമേഖല വിപുലീകരിക്കുവാൻ കൂടി ആഗ്രഹിക്കുന്നു. ആയത് പൊതുയോഗത്തിൻെറ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഗുരുവായൂർ പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യമായ ഒരു നിയമാവലി ഭേദഗതിയും പൊതുയോഗത്തിൻെറ അംഗീകാരത്തിനായി ഇത്തരുണത്തിൽ സമർപ്പിക്കുന്നു.

2015 ഫെബ്രുവരി 22 മുതൽ 1 വരെ ബ്രഹ്മശ്രീ ശ്രീഹരി ഗോവിന്ദൻ നമ്പൂതിരി ആചാര്യനായി 28-ാമത് ശ്രീമദ് ഭാഗവത സപ്താഹയജ്ഞം ടി.ഡി.എം. ഹാളിൽ നടത്തുന്നു. എറണാകുളം കരയോഗത്തിൻെറ ജീവകാരുണ്യ സേവന പ്രവർത്തനങ്ങളോടൊപ്പം തന്നെ ആദ്ധ്യാത്മിക പ്രവർത്തനങ്ങൾക്കും നാം നേതൃത്വം നൽകി വരുന്നുണ്ട്. ഹൈന്ദവ സമൂഹത്തിൻെറ നിലനില്പിനും, ആചാരങ്ങൾക്കും, അനുഷ്ഠാനങ്ങൾക്കും പ്രാമുഖ്യം നൽകുന്നതിനോടൊപ്പം തന്നെ ഭാരതീയ സംസ്ക്കാരത്തിന് ഊന്നൽ നൽകിക്കൊണ്ട് എന്നാൽ അന്ധമായ അനാചാരങ്ങൾക്കും അവിശ്വാസങ്ങൾക്കും എതിരായി പ്രവർത്തിക്കുകയാണ് എറണാകുളം കരയോഗത്തിൻെറ ലക്ഷ്യം. ഭാരതത്തിൻെറ ഇതിഹാസ ഗ്രന്ഥങ്ങളായ രാമായണം, ശ്രീമദ് ഭാഗവതം, ഉപനിഷത്തുകൾ, ഭഗവദ്ഗീത എന്നിവ പ്രചരിപ്പിക്കുകയും ആയത് ഭാരത സംസ്ക്കാരത്തിൻെറ നിലനില്പ്പിന് അത്യന്താപേക്ഷിതമാണെന്ന് ഓർമ്മപ്പെടുത്തുകയുമാണ് നമ്മെപ്പോലുള്ള പ്രസ്ഥാനങ്ങളുടെ ലക്ഷ്യം.

2015 മാർച്ച് 2ാം തീയതി വൈകുന്നേരം 6.30 മണിക്ക് ടിഡിഎം ഹാൾ ഗംഗയിൽ പണ്ഡിറ്റ് ഗോപാൽ പ്രസാദ് ദുബെയും സംഘവും "ചാവു ഡാൻസ്" അവതരിപ്പിക്കുന്നതാണ്.

കരയോഗത്തിൻെറ തുടർന്നുള്ള പ്രവർത്തനങ്ങളിൽ എല്ലാ കരയോഗാംഗങ്ങളുടെയും, സഹകരണവും, നിർദ്ദേശങ്ങളും അഭ്യർത്ഥിച്ചു കൊള്ളുന്നു.

ജനറൽ സെക്രട്ടറി



■

# ബാലലോകം





ലക്ഷ്മി ദേവി നായർ

ചിന്തിക്കു, പ്രവർത്തിക്കു

പ്രിയപ്പെട്ട കൂട്ടുകാരെ,

ശ്രമിച്ചാൽ അസാധ്യമായി ഒന്നുമില്ലെന്ന് കൂട്ടുകാർക്കറിയാമോ ?

വിധിയെ തോല്പിച്ച് ജീവിതം വിജയകരമാക്കിയവർ നിരവധിയാണ് എന്നും നിങ്ങൾ കേട്ടിട്ടുണ്ടാവുമല്ലോ? എല്ലാവരിലും എന്നപോലെ അവരിലും നല്ല കഴിവുകൾ ഉള്ളവരുണ്ട്. ശാരീരികമായ അവശതകളെ കഠിനമായ അദ്ധ്വാനം കൊണ്ട് അവർ മറികടക്കുന്നു. ഹെലൻ ആഡംസ് കെല്ലർ അത്തരത്തിലുള്ള ഒരു വനിതയാണ്. അമേരിക്കയിലെ അലാബാമയിൽ ജനിച്ച അവർ അന്ധതയേയും, ബധിരതയേയും കണക്കാക്കാതെ അന്ധർക്കും, ബധിരർക്കും വിദ്യാഭ്യാസം നൽകണം എന്ന സന്ദേശവുമായി വിവിധരാജ്യങ്ങൾ സന്ദർശിക്കുകയും, അതിനു വേണ്ടി പ്രവർത്തിക്കുകയും നിരവധി ബഹുമതികൾ നേടുകയും ചെയ്തു. നല്ലൊരു സാമൂഹ്യ പ്രവർത്തകയായിരുന്ന അവർ ബെയ്രിലി ലിപിയിൽ ധാരളം കഥകൾ എഴുതിയിട്ടുണ്ട്. മനുഷ്യരിലുണ്ടാവേണ്ട ഐക്യത്തെക്കുറിച്ച് ഹെലെൻ കെല്ലർ പറഞ്ഞു 'ഒരുമയോടെ നിന്നാൽ ഒരു പാട് കാര്യങ്ങൾ നമുക്ക് നേടാനാവും'. കൂട്ടുകാർ കുറച്ചുകൂടി വലുതാവുമ്പോൾ കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാം.

മറ്റൊരു ഉദാഹരണം കൂടി കൂട്ടുകാരോട് പറയട്ടെ. 25 വർഷം സംസാരശേഷി ഇല്ലാതിരുന്നിട്ടും റേഡിയോ ജോക്കികളുടെ ലോകത്തിൽ ഒന്നാമനായ വ്യക്തിയാണ് ആർ.ജെ.ഡെൽ 'തളരല്ലേ സ്നേഹിതാ' എന്ന നല്ലൊരു റേഡിയോ പരിപാടിയിലൂടെ മഹാനഗരമായ കൊൽകൊത്ത നഗരവാസികളുടെ ഹൃദയം അദ്ദേഹം കവർന്നു. അകത്തേക്ക് പോകാത്ത നാവുകളെ ചികിത്സകളിലൂടെ അതിജീവിച്ച ഡെൽ പുസ്തകരചനയിലും തന്റെ കഴിവ് തെളിയിച്ചു. നിങ്ങൾക്ക് എന്താണ് ഇതിൽ നിന്നും മനസ്സിലായത് കൂട്ടുകാരെ? നമുക്ക് എല്ലാവർക്കും പ്രകൃതി ഓരോ തരത്തിലുള്ള കഴിവുകൾ നൽകിയിട്ടുണ്ട്. എന്തു ബുദ്ധിമുട്ട് ഉണ്ടായാലും തളരാതെ അതിനെ പോഷിപ്പിക്കാനുള്ള ശ്രമം നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാവാണം. പ്രയ്നത്തിന്റെ ഫലം മധുരമുള്ളതായിരിക്കും. മടിയുടെ ഫലം കയ്പ്പും.

## നാടോടിപ്പാട്ട്

അമ്പിളിയമ്മാവ താമരക്കുമ്പിളിലെന്തുണ്ട്?
എങ്ങുപോകുന്നിവണ്ണം തനിച്ചു നീ അങ്ങും
ഞാനും വരട്ടോ?

നമ്മുടെ നാടോടിപ്പാട്ടുകളിൽ നിന്നെടുത്ത രണ്ടു വരികളാണ്. എന്തായിരിക്കും അമ്പിളി അമ്മാവൻ ഉത്തരം നല്കുക? കൂട്ടുകാർക്ക് പറയാമോ? ആലോചിച്ചുനോക്കു., എഴുതിനോക്കു.

## തെച്ചിപ്പൂ

മുറ്റത്തുള്ളൊതെച്ചിപ്പൂവിൻ
ചന്തം കണ്ടാൽ കൊതി തോന്നും
അമ്മയെടുക്കും ഇതളിതളായി
പൂജക്കായിട്ടെപ്പോഴും
പൂജാമുറിയിലിരിക്കുമ്പോഴോ
പൂവിൽ ചന്തമിരട്ടിക്കും
എന്നും പൂക്കൾ കണ്ടില്ലെങ്കിൽ
ഉണ്ണിക്കുട്ടന് നൈരാശ്യം





# വദതു സംസ്കൃതം

## (സംസ്കൃതം പറയൂ)

ആർ. കിരൺകുമാർ

(പാഠം 22)

| | | |
|---|---|---|
| ഇന്ന് പേപ്പർ വായിച്ചോ? | ഃ | അദ്യ വാർത്താപത്രം പഠിതവാൻ കിം? |
| ഉം; വായിച്ചു | ഃ | ആം പഠിതവാൻ |
| ഇന്ന് പേപ്പർ വന്നില്ല | ഃ | അദ്യ പത്രം ന ആഗതം |
| ഇല്ല വായിച്ചില്ല | ഃ | ന പഠിതവാൻ |
| ഇന്ന് എന്താണ് പേപ്പർ വരാഞ്ഞത് | ഃ | കിമർത്ഥം അദ്യ പത്രം ന ആഗതം |
| ഇന്നലെ അവധി ആയിരുന്നു | ഃ | ഹ്യഃ വിരാമഃ ആസീത് |
| ഞാനെന്തു പറയാനാണ് | ഃ | അഹം കിം വദാമി |
| വിനോദേ! ഇന്നലെ നീ എവിടെ ആയിരുന്നു | ഃ | വിനോദ ! ഹ്യഃ ഭവാൻ കുത്ര ആസീത് |
| ഞാൻ കൂട്ടുകാരന്റെ വീട്ടിൽ ആയിരുന്നു | ഃ | അഹം മിത്രസ്യ ഗൃഹേ ആസം |
| അവിടെ എന്തായിരുന്നു വിശേഷം | ഃ | തത്ര കഃ വിശേഷഃ ആസീത് |
| കൂട്ടുകാരന്റെ ജൻമദിനം ആയിരുന്നു | ഃ | മിത്രസ്യ ജൻമദിനം ആസീത് |
| അവിടെ ആരൊക്കെ ഉണ്ടായിരുന്നു | ഃ | തത്ര കേ കേ ആസൻ |
| എല്ലാവരും ഉണ്ടായിരുന്നു | ഃ | സർവ്വേ ആസൻ |
| പരിപാടി കഴിഞ്ഞോ? | ഃ | കാര്യക്രമഃ സമാപ്തഃ കിം? |
| ഇന്ന് രാവിലെ കഴിഞ്ഞു | ഃ | അദ്യ പ്രാതഃ സമാപ്തം |
| എന്താണ് അഭിപ്രായം? | ഃ | കഃ അഭിപ്രായഃ? |
| ആ കാര്യം എന്തായി? | ഃ | തത് കാര്യം കഥം അഭവത്? |
| കല്ല്യാണത്തിന് വരില്ലേ? | ഃ | വിവാഹാർഥം ആഗഛതി കിലാ? |
| നോക്കട്ടെ | ഃ | പശ്യാമി |
| ശരി ഞാനും വരാം | ഃ | അസ്തു അഹമപി ആഗഛാമി |
| അദ്ദേഹത്തെ കൂടി വിളിക്കൂ | ഃ | തം അപി ആഹ്വയതു |
| ആരാ വരുന്നത് | ഃ | കഃ ആഗഛതി |
| എവിടെ ആയിരുന്നു പരിപാടി | ഃ | കുത്ര ആസീത് കാര്യക്രമഃ |
| തിരുവനന്തപുരത്ത് | ഃ | തിരുവനന്തപുരേ |
| അവിടെ പത്മനാഭ സ്വാമി ക്ഷേത്രത്തിൽ പോയിരുന്നോ | ഃ | തത്ര പത്മനാഭ മന്ദിരം ഗതവാൻ വാ |
| ഉം പോയിരുന്നു | ഃ | ആം ഗതവാൻ |
| സമയം കിട്ടിയില്ല | ഃ | സമയഃ ന പ്രാപ്തഃ |

**രാഗപരിചയം**



# ഗൗരീമനോഹരി



ഡോ. ജയലക്ഷ്മി നന്ദകുമാർ

ഗൗരിയെ (പാർവ്വതീ ദേവി) പോലെ സന്തുഷ്ടവും സൗന്ദര്യവതിയുമാണ് എന്ന അർത്ഥത്തിൽ ആണെത്രെ ഈ രാഗത്തിനു "ഗൗരീ മനോഹരി" എന്ന പേര്. ഗൗരിയെ പോലെ മനം കവരുന്ന എന്നും പലരും ഈ രാഗത്തെ വിശേഷിപ്പിക്കുന്നു. പേരിനെ അന്വർത്ഥമാക്കും വിധം വളരെ ആനന്ദപ്രദമായ ഒരു രാഗമാണ് ഗൗരീ മനോഹരി.

23-ാ മത്തെ മേളകർത്താ രാഗമാണിത്. മുത്തുസ്വാമി ദീക്ഷിതരുടെ അസമ്പൂർണ്ണ മേള പദ്ധതിയിൽ ഈ രാഗം 'ഗൗരീവേലാവലി' എന്നാകുന്നു. ഗൗരീമനോഹരിയുടെ പ്രതിമദ്ധ്യമ രാഗമാണ് ധർമ്മവതി.

ആരോഹണം ഃ സ രി ഗ മ പ ധ നി സ
അവരോഹണംഃ സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ ഃ ഷഡ്ജം, ചതുഃശ്രുതി രിഷഭം,സാധാരണഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ചതുഃശ്രുതി ധൈവതം, കാകളി നിഷാദം.

ഹിന്ദുസ്ഥാനി സംഗീതത്തിൽ പഡ്ദീപ് എന്ന രാഗം ഗൗരീമനോഹരിയോടു സാമ്യത പുലർത്തുന്നു. ഭക്തി, സ്നേഹം, എന്നീ ഭാവങ്ങൾ ഉളവാക്കുന്ന ഗൗരീമനോഹരി ഒരു സർവ്വകാലിക രാഗമാണ്. ഏതു സമയത്ത് ഈ രാഗം ആലപിച്ചാലും ശോഭനീയമാണ്. മൂന്നു സ്ഥായികളിലും സഞ്ചാരമുള്ളതിനാൽ ഇത് ഒരു ത്രിസ്ഥായി രാഗമാണ്.


മാനസികപിരിമുറക്കം അകറ്റി മനസ്സിനു ശാന്തത പ്രദാനം ചെയ്യുന്ന രാഗമാണിത്. തമിഴ് സംഗീതത്തിൽ തേവാരം എന്ന സംഗീതരൂപം കൈകാര്യം ചെയ്യുന്ന 'ഓടുവർ' എന്ന സംഗീതജ്ഞർ ഗൗരീമനോഹരി രാഗം കൂടുതലായി ഉപയോഗിച്ചിരുന്നതായി പല ഗ്രന്ഥങ്ങളിലും പരാമർശിച്ചിട്ടുണ്ട്.

**ഈ രാഗത്തിലുള്ള കൃതികൾ**


| | | | |
|---|---|---|---|
| 1. | ഗുരുലേക | ഖണ്ഡചാപ്പ് | ത്യാഗരാജസ്വാമി |
| 2. | കൗമാരി ഗൗരിവേലാവലി | ആദി | മുത്തുസ്വാമി ദീക്ഷിതർ |
| 3. | ദേവി ഗൗരി നിന്നു | ഝംപ | മുത്തയ്യാഭാഗവതർ |
| 4. | സാരസ സമ മൃദുപാദ | ആദി | സ്വാതി തിരുനാൾ |
| 5. | ഒരിടം തരായോ | ആദി | ശുദ്ധാനന്ദ ഭാരതിയാർ |

**ചലച്ചിത്ര ഗാനങ്ങൾ**

| | | |
|---|---|---|
| 1. | ഗൗരീ മനോഹരി | വേനൽക്കിനാവുകൾ |
| 2. | പഞ്ചവർണ്ണ തത്തപോലെ | കറുത്ത കൈ |
| 3. | നക്ഷത്രദീപങ്ങൾ | നിറക്കുടം |
| 4. | വീണപാടുമീണമായി | വാർദ്ധക്യപുരാണം |
| 5. | ഇത്ര മധുരിക്കുമോ | ഫൈവ്സ്റ്റാർ ഹോസ്പിറ്റൽ |
| 6. | സ്വർണ്ണമീനിന്റെ ചേലൊത്ത | സർപ്പം |
| 7. | രാക്കുയിൽ പാടീ | കസ്തൂരിമാൻ |
| 8. | കണ്ണുനട്ട് കാത്തിരുന്നിട്ടും | കഥാവശേഷൻ |
| 9. | തിരികെ ഞാൻ വരുമെന്ന | അറബിക്കഥ |
| 10. | മറന്നുവോ പൂമകളെ | ചക്കരമുത്ത് |
| 11. | തൂബഡി മാഷാ അള്ളാ | ഹിസ് ഹൈനസ് അബ്ദുള്ള |
| 12. | പാട്ടും താനെ | തിരുവിളൈയാടൽ (തമിഴ്) |
| 13. | ഇന്നലെയെന്റെ നെഞ്ചിലെ | ബാലേട്ടൻ |




# പറമ്പിന്റെ മൂലകൾ ശരിയാക്കിയശേഷം വീടുപണി തുടങ്ങണം




**ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്**
റിട്ടയേർഡ് എഞ്ചിനീയർ,
വാസ്തു വിദ്ഗദ്ധൻ


പടിഞ്ഞാറു ഭാഗം വടക്കു പടിഞ്ഞാറോട്ടു തള്ളി നിൽക്കുന്നുണ്ടെങ്കിൽ തെക്കു പടിഞ്ഞാറു മൂല മട്ടം തീർത്ത് (90 ഡിഗ്രി) ഒരു ചരട് പിടിച്ച് കിഴക്കും പടിഞ്ഞാറും ഒരേ നീളത്തിൽ മാർക്ക് ചെയ്തു ചെറിയ ഒരു അതിര് തിരിച്ചിടണം. ഇത്തരത്തിൽ തിരിച്ചിടുന്ന മതിലിന്റെ ഉയരം 18 സെ.മി. വേണം.





പടിഞ്ഞാറു ഭാഗം തെക്ക് പടിഞ്ഞാട്ട് തള്ളിനിൽക്കുന്നുണ്ടെങ്കിൽ വടക്ക് പടിഞ്ഞാറു മൂല മട്ടം തീർത്ത് (90 ഡിഗ്രി) ഒത്ത ചരട് പിടിച്ച് കിഴക്കും പടിഞ്ഞാറും ഒരേ നീളത്തിൽ മാർക്ക് ചെയ്തു ചെറിയ ഒരു അതിര് തിരിച്ചിടണം. ഇത്തരത്തിൽ തിരിച്ചിടുന്ന മതിലിന്റെ ഉയരം 18 സെ.മി വേണം.




തെക്കു ഭാഗം തെക്ക് കിഴക്ക് തള്ളി നിൽക്കുന്ന പറമ്പിൽ പടിഞ്ഞാറു കിഴക്കും ഒരേ അകലം വച്ച്തെക്കു പടിഞ്ഞാറു മൂല 90 ഡിഗ്രി ആക്കി ഒരു അതിര് തിരിച്ചിടണം. ഇത്തരത്തിൽ തിരിച്ചിടുന്ന മതിലിന്റെ ഉയരം 18 സെ.മി. വേണം.








കിഴക്കു വടക്കും വടക്കു കിഴക്കും തള്ളി നിന്നാൽ അത്തരം പറമ്പുകൾ വളരെ നല്ലതാണ്. മേൽപറഞ്ഞ പ്രകാരം ചിത്രത്തിലേതുപോലെ അതിരുകൾ ഇട്ട് ശരിയാക്കണം. ■

വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ **9447032434** എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.

# പ്രാണന്റെ ഗതി

വാസു ഇളയത്



ഭഗവാനോട് അർജ്ജുനൻ ഗീതയിൽ ചോദിക്കുന്നുണ്ട് ഭഗവാനേ ഒരാൾ മരിച്ചു കഴിഞ്ഞാൽ ആ പ്രാണന്റെ ഗതി എന്താണ് എന്ന്. ഭഗവാന്റെ വിശദീകരണം ഇപ്രകാരമാണ്.

യാതൊരാളാണോ ജീവിച്ചിരിക്കുമ്പോൾ ശരീര ബോധമില്ലാതെ, ഭൗതിക സുഖങ്ങളെപ്പറ്റി ചിന്തിക്കാതെ എന്ത് ജോലി ചെയ്യുമ്പോഴും എപ്പോഴും ഭഗവാനെ സ്മരിച്ചുകൊണ്ട് ഭഗവൽ നാമങ്ങൾ ഉരിവിട്ടുകൊണ്ട് ജീവിക്കുന്നവോ, അപ്രകാരമുള്ളവർ മരിക്കുന്ന സമയത്ത് പ്രാണനും, മനസ്സും അവരുടെ ശിരസ്സിലുള്ള ബ്രഹ്മരന്ധ്രത്തിൽ കൂടി പുറത്തേക്ക് പോകുന്നു. അവർക്ക് വീണ്ടും ജനിക്കേണ്ടതില്ല. അവർ ഭഗവാനുമായി താദാത്മ്യം പ്രാപിച്ചവരാണ്. അതായത് ജീവാത്മാവും പരമാത്മാവും ഒന്നായി ചേർന്നവർ. അവർ ബ്രഹ്മനിർവാണം നേടിയവരാണ്.

എന്നാൽ യാതൊരാളാണോ ശരീരബോധം പൂർണ്ണമായും വിട്ടിട്ടില്ല, പക്ഷെ ആദ്ധ്യാത്മികമായി കുറെ മുന്നേറിയിട്ടുണ്ട്. അവർക്ക് ഭഗവൽ സ്മരണകളുണ്ട്. അതോടൊപ്പം ഭൗതികസുഖങ്ങളിൽ തൽപരരുമാണ്. അങ്ങിനെയുള്ളവർ മരിക്കുമ്പോൾ പ്രാണനും മനസ്സും കണ്ണിൽ കൂടിയും മൂക്കിൽ കൂടിയും പുറത്തേയ്ക്ക് പോകുന്നു. ഇങ്ങനെയുള്ളവർ ജനിക്കുന്നത് നല്ല കുലത്തിലായിരിക്കും. സാമ്പത്തികമായും ആദ്ധ്യാത്മികമായും ഉന്നതിയിലുള്ളവരുടെ കുടുംബത്തിൽ അവർ പിറവിയെടുക്കുന്നു. അവർ നേടിയ ആദ്ധ്യാത്മിക കഴിവുക ളൊന്നും നശിക്കുന്നില്ല. അവർക്ക് നിർത്തി യേടത്തു നിന്നും തുടങ്ങാം. ക്രമമായി അവർ ഭഗവാനിൽ ലയിക്കും. അതായത് കുറച്ചു ജന്മങ്ങൾ കൊണ്ട് അവർക്ക് ഭഗവാനെ പ്രാപിക്കാം. ഇവരെയാണ് ക്രമമുക്തർ എന്നു പറയുന്ന്.

യാതൊരാളാണോ മരിക്കുമ്പോൾ ശരീരത്തെ ഉപക്ഷേിക്കുവാൻ തീരെ താല്പര്യമില്ലാത്തത്, അതായത് ശരീര സുഖവും ഭൗതിക സുഖങ്ങളും മതിവരാതെ വളരെ ക്ലേശിച്ച് വിഷമിച്ച് ശരീരം വിടുന്നുവോ അവരെയാണ് പ്രേതാത്മാക്കൾ എന്നു പറയുന്നത്. അവർ മരിക്കുമ്പോൾ ജീവൻ വായിൽ കൂടിയാണ് പുറത്തേയ്ക്കു പോകുന്നത്. അവർക്ക് കുറച്ച് ഭഗവത് വിചാരവും കൂടുതൽ ശരീരബോധം ഉള്ളവാരായതുകൊണ്ട് അവർ ശരാശരി കുടുംബങ്ങളിൽ വന്ന് പിറക്കുന്നു. പല ജന്മങ്ങളിലൂടെ അവർ ഭഗവാനെ പ്രാപിക്കുന്നു. എന്നാൽ യാതൊരാളാണോ ഭഗവൽ സ്മരണ തീരെയില്ലാതെ, ശരീരബോധവും, ഭൗതിക

സുഖങ്ങളിൽ മാത്രം താല്പര്യമുള്ളവരും, മറ്റുള്ളവരെ ഉപദ്രവിച്ചും, ക്ലേശിപ്പിച്ചും, വകവരുത്തിയും ജീവിതകാലം കഴിച്ചുകൂട്ടുന്നത്, അവർ മരിക്കുമ്പോൾ പ്രാണൻ മലമൂത്ര ദ്വാരങ്ങളിലൂടെ പുറത്തേയ്ക്ക് പോകുന്നു. അവർക്ക് ഊർദ്ധഗതിയില്ല. അവർ അധമൻമാരാണ്. അവർ വീണ്ടും ജനിക്കുന്നത് ചേരി പ്രദേശത്തോ, കുടിലുകളിലോ, മോശമായി ജീവിക്കുന്നഅസുരഭവനങ്ങളിലോ ആയിരിക്കും. അനേക ജന്മമെടുക്കുന്ന അവർക്ക് ഭഗവാനെ പ്രാപിക്കുക എന്നത് അപ്രാപ്യമാണ്.

മുകളിൽ പറഞ്ഞ പ്രകാരം പ്രാണന്റെ ഗതി തീരുമാനിക്കുന്നത് ഭഗവാനല്ല മറിച്ച് നമ്മൾ തന്നെയാണ് എന്ന് തെളിഞ്ഞുവല്ലോ. പുനർജന്മം വേണമോ, വേണ്ടയോ എന്നു തീരുമാനിക്കുന്നത് സ്വന്തം പ്രവൃത്തികളിൽ കൂടിയാണ്.

ബ്രഹ്മനിർവാണം നേടണമോ, ക്രമമുക്തി നേടണമോ, പ്രേതാത്മക്കളായി ജീവിക്കണമോ, അസുരൻമാരായി ജീവിക്കണമോ എന്നെല്ലാം ഈ ജന്മത്തിൽ തന്നെ തീരുമാനിക്കാം.

നമ്മൾ ശരീരം ദിവസേന രണ്ടുനേരം കുളിച്ച് ശുദ്ധിചെയ്യുന്നുണ്ട്. എന്നാൽ മനസ്സിനെ ശുദ്ധിചെയ്യുന്നില്ല. മനസ്സിലെ ദുർവാസനകൾ, മാലിന്യങ്ങൾ ഇവ ദിവസേന കഴുകികളയണം. അതിനായിട്ടാണ് രണ്ടു നേരം ധ്യാനം ചെയ്യണം എന്ന് നമ്മുടെ ഋഷിശ്വരൻമാർ ഉപദേശിച്ചിട്ടുള്ളത്. സ്വസ്തമായി ഒരു സ്ഥലത്തിരുന്ന് കണ്ണടച്ച് എകാഗ്രമായി നമ്മുടെ ഇഷ്ടദേവതയെ മനസ്സിൽ കാണുക. അത് ശിവനാകാം, വിഷ്ണുവാകാം, ഗണപതിയാകാം, ഭഗവതിയാകാം, അവരുടെ രൂപം മനസ്സിൽ കാണണം. ആ രൂപത്തെ അഭിഷേകം ചെയ്യുന്നതായും, പുതിയ വസ്ത്രങ്ങൾ ധരിപ്പിക്കുന്നതായും, ആഹാരം കൊടുക്കുന്നതായും, കീർത്തനങ്ങൾ കേൾപ്പിക്കുന്നതായും, ഉറക്കുന്നതായും സങ്കൽപ്പിക്കുക. ഈ രൂപം എപ്പോഴും നമ്മോടൊപ്പമുണ്ടെന്ന് ഉറപ്പിക്കുക. ഒരു കുട്ടി റോഡ് മുറിച്ച്  കടക്കുമ്പോൾ അവന്റെ അമ്മയുടെ കയ്യിൽ മുറുക്കി പിടിച്ചിട്ടുണ്ടെങ്കിൽ അവന്  ആരെ പേടിക്കാനാണ്. രണ്ടു വശത്തു നിന്നും വണ്ടികൾ വരുന്നുണ്ടോയെന്ന് അമ്മ നോക്കിക്കോളും ഈ ഒരുറപ്പ് നമുക്ക് വേണം എപ്പോഴും ഈശ്വരൻ നമ്മോടൊപ്പമുണ്ടെന്ന ചിന്ത പല അപകടങ്ങളിൽ നിന്നും നമ്മെ രക്ഷിക്കും.

വൈകിയ വേളയിലെങ്കിലും ശരീര ബോധം വിട്ട് ഭൗതിക സുഖങ്ങളിൽ മനസ്സു വെയ്ക്കാതെ എന്തു പ്രവർത്തി ചെയ്യുമ്പോഴും ഭഗവൽ സ്മരണ നിലനിർത്തികൊണ്ട് ശേഷിച്ച ജീവിതകാലം  കഴിയാമെങ്കിൽ തീർച്ചയായും അവർക്ക് ദുർഗതി വരുകയില്ല, സൽഗതി വരുമെന്ന് ഭഗവാൻ അർജ്ജുനനോട് ഉറപ്പു നൽകുന്നുണ്ട്. ■

**എൽഡർ സിറ്റിസൺ ഫോറം ഫേബ്രുവരി മാസത്തെ പരിപാടികൾ**

| തീയതി | ഇന്നത്തെ ചിന്താവിഷയം അവതാരകൻ | മുഖ്യ വിഷയം | അവതാരകൻ | ഹോസ്റ്റ് | നമ്പർ |
|---|---|---|---|---|---|
| 12.02.2015 | ഡോ. ജി.മാധവൻ നായർ | മതപരിവർത്തനം | ശ്രീ. എം ശ്രീവല്ലഭൻ നായർ | ശ്രീ.കെ രാജൻ | 813 |
| 19.02.2015 | ശ്രീ. എൻ. കൃഷ്ണമേനോൻ | സൂര്യയോഗ് & ഇറ്റ്സ് ബനിഫിറ്റ്സ് | ഡോ. സുന്ദരി ജി. മേനോൻ | ശ്രീ.കൃഷ്ണ മേനോൻ | 814 |
| 26.02.2015 | ഭാഗവത സപ്താഹമാകയാൽ യോഗം ചേരുന്നതല്ല | | | | |
| 05.03.2015 | ശ്രീ.പി.ജികൃഷ്ണൻ നായർ | സനാതന ധർമ്മം | Adv.വി.ആർ.രാമ ചന്ദ്രൻ നായർ | ശ്രീ.എസ്.പി പിള്ള | 815 |

# ജയദേവരോട്



പ്രൊഫ.കെ.ബി.ഉണ്ണിത്താൻ



സ്വച്ഛസുന്ദര സ്വപ്നവൃന്ദാവന-
സ്വർഗ്ഗലോലിത കേളീതടത്തിലേ
നിസ്തുലാനന്ദ വേളകളെന്തിനു
വിസ്തരിച്ചുകളഞ്ഞു, മഹാകവേ?

ഓളമെല്ലാമൊതുങ്ങീ യമുനയിൽ
ആളനക്കമൊഴിഞ്ഞു നിശീഥിയിൽ
രാഗവിസ്മയ ഭാവസ്വകാര്യത-
നീ പകർത്തിയതെന്തു മര്യാദ, ചൊൽ?

കാലിമേയ്ക്കുമിടയച്ചെറുക്കനെ
കാമിനീമണി പ്രേമിച്ചതൊക്കെയും
കാലമേറെക്കഴിഞ്ഞും, വിചാരണ -
ലോകമെങ്ങും തുടർക്കഥ കഷ്ടമേ

കോലുമോടക്കുഴലുമേന്തുന്നൊരീ-
ബാലകൻ, പീനവക്ഷോജ മർദ്ദകൻ!!
നാടുനീളവേ പാടിപ്പരത്തിയെൻ -
നാണമെല്ലാം കെടുത്തി, നീ സോദരാ!

പാവമെന്നെ വലംവെച്ചു ഗോപികാ-
റാഗികൾ മദനോത്സവ ശാലികൾ.
ഏതുമേസഹിയാഞ്ഞു വലിഞ്ഞു, ഞാ-
നാനവായിലൊരമ്പഴം മാതിരി.

മേഘമേദുരമംബരം കാനനം,
ഘോരഭീകരം കൂരിരുളാരവം,
പേടി മൂത്തു വിറച്ച ഞാൻ രാധയെ
ഓടിയെത്തിപ്പുണർന്നുപോയ്,
കുറ്റമോ?

ഭീരുവെന്നേയുണർത്തുവാനോമലാ-
ളോതി, ദുർബ്ബലം ക്ഷുദ്രം ഭയം വിടു
രാസലീലാവിലോലകാമായന-
ദീക്ഷ നൽകിനാൾ, ഞാനേറ്റുവാങ്ങിനേൻ.

കാമവേദം കടഞ്ഞു വനാന്തര
യാഗശാലയിലായിരം പൊൻതിരി
ജീവചോദനം സച്ചിദാനന്ദമായ്
ഗീതഗോവിന്ദ സോപാന ഗാനമായ്.

നീ ചൊരിഞ്ഞ വൃന്ദാവന ഗീതയി-
ലൂറുമാനന്ദ കർമ്മ സുകൗശലം
പാവമാമെൻ കുരുക്ഷേത്ര ഗീതയെ
ത്യാഗികൾക്കായൊതുക്കി, നിഷ്ക്കാമമായ്.

വെണ്ണ പാൽക്കുടം കട്ടുരസിച്ചൊരെ-
ന്നുണ്ണി സംഘം വിഹരിച്ച പൊന്നിടം
വർണ്ണരാജികൾ പൂത്തുലഞ്ഞീടുമാ-
പർണ്ണശാലയാണെന്റെ ഗോവർദ്ധനം.

പോവതുണ്ടു ഞാനേതു തിരക്കിലും
ഗോകുലാഷ്ടമി നിർവൃതി പൂകുവാൻ
ആടിയും വേണുവൂതിയദൃശ്യനായ്-
ബാലജീവന പൂർവ്വസ്മരണയിൽ.

കണ്ണിണയ്ക്കിമ്പമേകുന്ന ഗോകുലം
മണ്ണുപോലുമമൃതമീക്കണ്ണന്
ഗോപവൃന്ദവും കേളീവിലാസവും
പോരുമോടക്കുഴലുമെൻ രാധയും.

ദ്വാപരത്തെ വിഴുങ്ങും കലിയുഗം
ദ്വാരകയ്ക്കു നിമജ്ജനം പുണ്യമാം
വേടനമ്പിനാലന്ത്യം കുറിക്കുമീ
യാദവൻവരും, വീണ്ടുമമ്പാടിയിൽ!

■



# ഭാരതീയ പൈതൃക സന്ദേശം



ഡോ. എൻ ഗോപിനാഥൻ നായർ

*(മുഖവുര)*

*ലോക രാഷ്ട്രങ്ങളിൽ ഭാരതത്തിന് മഹത്തായ ഒരു സ്ഥാനമാണുള്ളത്. ഇതിന്റെ പ്രധാന കാരണം ഏറെ പ്രത്യേകതകൾ നിറഞ്ഞ ഭാരതീയ സംസ്കാരമാണ്. ഭാരതീയ സംസ്കൃതിയോട് കിടനിൽക്കാൻ ലോകത്തിലെ മറ്റേതൊരു രാജ്യത്തിനും സാധിക്കുകയില്ലെന്നുള്ളത് നിസ്തർക്കമായ ഒരു വസ്തുതയാണ്.*

ആർഷഭാരതത്തിലുരുത്തിരിഞ്ഞ് സുദീർഘമായ ഒരു കാലഘട്ടത്തിലൂടെ വളർന്ന് വികസിച്ചതാണ് ഭാരതീയ സംസ്കാരം. നിലനിൽക്കുന്നു എന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. വേദങ്ങളിൽ പ്രതിപാദിക്കുന്നതും മനുഷ്യ ജീവിതത്തിൽ സ്വീകരിക്കേണ്ടതും ആയ നാല് പുരുഷാർഥങ്ങൾ (ധർമ്മ, അർത്ഥം, കാമം, മോക്ഷം) ഇതിന് ഉദാത്തമമായ ഒരു ഉദാഹാരണമായി കരുതണം. വൈദീക സാഹിത്യത്തിന്റെ രചയിതാക്കളായ ഋഷിമാർ വിവാഹം ചെയ്ത് കുടുംബജീവിതം നയിച്ചവരായിരുന്നു. ചുരുക്കത്തിൽ പ്രത്യേകതകൾ നിറഞ്ഞ പൈതൃക സമ്പന്നമായ ഹൈന്ദവ സംസ്കാരമാണ് ഭാരതീയ സംസ്കാരമെന്ന പേരിൽ വിശ്വ പ്രസിദ്ധമായിരിക്കുന്നത്.

ഭാരതത്തിലെ പ്രത്യേകിച്ചും കേരളത്തിലെ യുവതലമുറയ്ക്ക് സ്വന്തം പൈതൃകത്തെക്കുറിച്ചുള്ള അറിവ് വളരെ കുറവല്ലേയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതിനാൽ തന്നെ ഓരോ ഭാരതീയനും മാതൃരാജ്യത്തിന്റെ പൈതൃകത്തെക്കുറിച്ച് വിശദമായി അറിഞ്ഞിരിക്കേണ്ടത് തന്റെ കടമയായി കാണേണ്ടതാണ്.

പൈതൃകത്തെക്കുറിച്ചുള്ള അറിവില്ലായ്മ അഥവാ വളരെ പരിമിതമായ അറിവ് അവരെ, മറ്റു മതസ്ഥരുടെ മുന്നിൽ, ഒരളവുവരെ അപകർഷതാബോധം ഉളവാക്കുന്നില്ലെയെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. അവസരം ലഭിക്കുമ്പോഴും താൻ ഒരു ഹിന്ദുവാണ്, അതിൽ അഭിമാനിക്കുന്നു എന്ന് തുറന്നു പറഞ്ഞില്ലെങ്കിൽ പോലും, ആ വികാരം മറ്റുള്ളവരുടെ മുന്നിൽ പ്രകടിപ്പിക്കാൻ ഹിന്ദുക്കളിൽ പലരും മടിക്കുന്നു. തിലകം ചാർത്തൽ ഒഴിവാക്കുന്നത് ഇതിന്റെ ഒരു ലക്ഷണമാണോ? അതല്ലെങ്കിൽ പരിഷ്കാരത്തിന്റെ, പാശ്ചാത്യസംസ്കാരത്തിന്റെ ഭാഗമാണെന്ന് നടിക്കുന്നതാണോ? ഏതായാലും ഇതെല്ലാം ഒരാളിന്റെ പൈതൃകത്തെ തള്ളിപ്പറയാനുള്ള അവസരമായിത്തീരുന്നു. ഇവിടെയാണ് സ്വാമി വിവേകാനന്ദന്റെ സന്ദേശങ്ങളുടെ പ്രസക്തി അറിഞ്ഞിരിക്കേണ്ടത്. ഭാരത സംസ്കാരത്തിന്റെ ആഴത്തിലേക്ക് ചെന്ന് അതിന്റെ ആത്മാവ് കണ്ടെത്താൻ പാശ്ചാത്യരെ പ്രേരിപ്പിച്ചതും സഹായിച്ചതും സ്വാമിയുടെ പ്രഭാഷണങ്ങളാണ്.

യുഗയുഗാന്തരങ്ങളിലൂടെ വളർന്ന് വികസിച്ച് വിശാലതയിലെത്തിച്ചേർന്ന ഒരു സംസ്കാരത്തിന്റെ അവകാശികളാണ് നമ്മളെന്ന ബോധം ഒരുവനെ അഭിമാനത്തോടെ തലയുയർത്തി നിൽക്കാൻ സഹായിക്കും, സഹായിക്കണം.

വെറുമൊരു ക്ഷേത്രദർശനത്തിലൊ, ക്ഷേത്രാരാധനയിലോ, അതല്ലെങ്കിൽ ചില തീർത്ഥാടനയാത്രകളിലോ ഒതുക്കേണ്ടതല്ല ഒരു ഹിന്ദുവിന്റെ ആചാര വിശ്വാസങ്ങൾ. കലിയുഗത്തിലെ ഒരു ആരാധനാ സമ്പ്രദാമാണ് ഈശ്വരനെ മൂർത്തീരൂപത്തിൽ സങ്കൽപ്പിച്ച് ആരാധിക്കുന്നത്. ഇത് ഹൈന്ദവസംസ്കാരത്തിന്റെ ഒരംശം മാത്രമാണ്.

വേദേതിഹാസങ്ങൾ പകർന്നുനൽകുന്ന

അറിവിന്റെ ചെറിയ ഒരംശമെങ്കിലും ഏതൊരാളും മനസ്സിലാക്കേതുണ്ട്. അത് ജീവിതത്തിൽ പ്രയോജനപ്പെടുത്തേണ്ടതുമാണ്. നമ്മുടെ പൈതൃകസംസ്കാരസമ്പത്തിന്റെ അടിസ്ഥാന പ്രമാണങ്ങളായ വേദങ്ങൾ, ഉപനിഷത്തുകൾ, പുരാണങ്ങൾ, ഇതിഹാസങ്ങൾ എന്നിവയിലേക്ക് ഒന്നെത്തിനോക്കാൻ സഹായിക്കുകയെന്നതാണ്. സഹായിക്കും എന്ന ലക്ഷ്യത്തോടെ ഭാരതീയ പൈതൃക സന്ദേശം എന്ന ഈ പംക്തി ആരംഭിക്കുന്നു.

**1. ഈശ്വരദർശനം ഹിന്ദുധർമ്മത്തിൽ**

അമൂർത്തമായ പ്രപഞ്ചസത്യത്തിന്റ, അദൃശ്യമായ പ്രപഞ്ച ശക്തിയുടെ മൂർത്തീകൃത സങ്കല്പമാണ് 'ഈശ്വരൻ' അഥവാ 'ദൈവം' എന്ന വാക്കുകൊണ്ട് വിശേഷിപ്പിക്കുന്നത്. ആകാശത്തിലെവിടേയോ ഇരുന്ന് ഈ ലോകം അഥവാ ഈ പ്രപഞ്ചം ഭരിക്കുന്ന ഒരു വ്യക്തിയല്ല ഈശ്വരൻ. സർവ്വ ചരാചരങ്ങളിലും നിറഞ്ഞുനിൽക്കുന്ന ചൈതന്യമാണ് ഈശ്വരൻ. ഈ ലോകം തന്നെ ഈശ്വരന്റെ പ്രത്യക്ഷത്തിലുള്ള രൂപമാണ്. അനാദിയായ ഹിന്ദുധർമ്മത്തിൽ, വേദകാലഘട്ടത്തിലും അതിനുശേഷവും, ഈശ്വര സങ്കല്പത്തിന് വ്യത്യസ്തങ്ങളായ മാനങ്ങളാണ് ഉണ്ടായി രുന്നത്. പ്രപഞ്ചസ്രഷ്ടാവായ ഒരു ഈശ്വരനെക്കുറിച്ച് വേദങ്ങൾ മുതൽ ഉപനിഷത്തുക്കൾ വരെയുള്ള ഗ്രന്ഥങ്ങളിൽ പരാമർശമില്ല. എന്നാൽ ചില ഉപനിഷത്തുകളിൽ സർവവ്യാപിയായ ഒരു ഈശ്വരനെക്കുറിച്ച് പരാമർശങ്ങളുണ്ടെങ്കിലും ലോകസ്രഷ്ടാവും കർമഫല ദാതാവുമായ ഒരു ഈശ്വരനെക്കുറിച്ച് പ്രസ്താവിച്ചിട്ടില്ല.

പുരാണകഥകളിൽ ഈശ്വരൻ സൃഷ്ഠികർത്താവും കർമ്മങ്ങൾ മൂലം ലഭിക്കുന്ന പ്രതിഫലത്തിന്റെ ദാതാവുമാണെന്ന് വിവരണങ്ങളുണ്ട്. ഒന്നിലധികം ഈശ്വരൻമാരെക്കുറിച്ചും പ്രസ്താവിച്ചിട്ടുണ്ട്. ഇവിടെ ഒരു കാര്യം ഓർമിക്കേണ്ടതുണ്ട്. പുരാണങ്ങൾ രചിച്ചിരിക്കുന്നത് കഥകളുടെ രൂപത്തിലാണ്, അവ മനുഷ്യരുടെ ആത്മീയവും സാംസ്കാരികവുമായ ഉന്നതിയെ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്. പുരാണകഥകളിലെ സംഭവങ്ങളെക്കാൾ ഉപരിയായി, അതിലെ സന്ദേശങ്ങളെ വിലയിരുത്തി അവയെ ജീവിതത്തിൽ പകർത്തേണ്ടതായിട്ടിരിക്കുന്നു.

അനാദിയിൽ, മനുഷ്യന്റെ ആവിർഭാവകാലത്ത്, ഉത്തരമില്ലാത്ത പല പ്രപഞ്ച പ്രതിഭാസങ്ങൾക്കും ഒരു അദൃശ്യശക്തിയെയാണ് ആധാരമായിക്കണ്ടിരുന്നത്. പലപല സമൂഹങ്ങൾ പലപല രൂപ-ഗുണഭാവങ്ങൾ നൽകി ഈ അദൃശ്യശക്തിയെ ആരാധിക്കുകയായിരുന്നു.

വൈദികകാലഘട്ടത്തിനുശേഷം പ്രപഞ്ചശക്തിയുടെ മൂന്നുഭാവങ്ങളെ അഥവാ ഗുണങ്ങളെ (ത്രിഗുണങ്ങൾ-സൃഷ്ടി, സ്ഥിതി, ലയനം (ത്രിമൂർത്തികളായി ബ്രഹ്മ-വിഷ്ണു-മഹേശ്വരൻ) സങ്കല്പിച്ച് ആരാധിക്കാൻ തുടങ്ങി. ത്രിമൂർത്തികളിൽ ഒന്നായ വിഷ്ണുവിന്റെ ദശാവതാരത്തിന് ഹിന്ദുധർമ്മത്തിൽ സുപ്രധാനമായ ഒരു സ്ഥാനമാണ് കല്പിച്ചിരിക്കുന്നത്.

ദശാവതാരവിശ്വാസം ഡാർവിന്റെ 'പരിണാമ സിദ്ധാന്ത'വുമായി വളരെയധികം പൊരുത്തപ്പെട്ടിരിക്കുന്നതായി കാണാം. ജീവന്റെ ഉത്ഭവം ജലത്തിലാണെന്ന് ശാസ്ത്രം വാദിക്കുമ്പോൾ, ഒന്നാമത്തെ അവതാരമായി വിവരിക്കുന്നത് മത്സ്യാവതാരത്തെയാണല്ലോ. ബലിഷ്ഠമായ ശരീരവും അസ്ഥികളുമുള്ള ആമക്ക് (കൂർമാവതാരം) വെള്ളത്തിലും കരയിലും ഒരുപോലെ ജീവിക്കാൻ സാധിക്കുന്നു. വരാഹാവതാരത്തിൽ പൂർണമായും കരയിൽ ജീവിക്കുന്ന ബലശാലിയായ വരാഹം (പന്നി) നാൽക്കാലിയും അധോമുഖവുമുള്ള മൃഗരൂപിയാണ്. അടുത്തത് മൃഗരാജാവായ സിംഹവും മനുഷ്യനും സമ്മേളിച്ച രൂപത്തിൽ നരസിംഹാവതാരമാണ്. കൊച്ചു മനുഷ്യനായി വരുന്ന വാമനവതാരം, സങ്കര വികാരങ്ങളുടെ ഉടമയും അപൂർണനുമായ പരശുരാമൻ, തുടർന്ന് പൂർണതയിലെത്തിയ ഉത്തമനായ ശ്രീരാമനിലൂടെ അവതാരങ്ങൾ പുരോഗമിക്കുന്നു. അതിനുശേഷമാണ് കർഷകാഭിവൃദ്ധിയെ സൂചിപ്പിക്കുന്ന കലപ്പയേന്തിയ ബലരാമന്റേയും പരിപൂർണനായ ശ്രീകൃഷ്ണന്റെയും അവതാരങ്ങൾ. കല്കിയാണ് പത്താമത്തെ അവതാരമായി കരുതുന്നത്.

അവതാരം എന്നവാക്കിന് ഉയരത്തിൽ നിന്ന് താഴേക്ക് (സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്ക്) ഇറങ്ങി വരുകയെന്നതാണ്. അവതാരങ്ങളായി സങ്കല്പിക്കപ്പെട്ടവർ, ആരാധിക്കപ്പെട്ടവർ, ഭൂമിയിൽ ജനിച്ച് ജീവിച്ച് മരണപ്പെട്ട

ജീവികളൊ, മനുഷ്യരോ ആണെന്ന് നമുക്ക് അറിയാം. രാമായണവും മഹാഭാരതവും സാക്ഷ്യപ്പെടുത്തുന്നത് ശ്രീരാമനും ശ്രീകൃഷ്ണ നും ഭാരത ചരിത്രത്തിലെ അവതാര പുരുഷൻ മാരാണ് എന്ന വസ്തുതയാണ്. ഈശ്വര സങ്കല്പത്തിന്, കൃത്യമായ ഒരു മാനം കൈവന്നത് അദ്വൈത സിദ്ധാന്തത്തിന്റെ ആവിർഭാവത്തോടെയാണെന്ന് കാണേണ്ടിയിരി ക്കുന്നു. ചില ഉപനിഷത്തുകൾ അദ്വൈത വേദാന്തത്തെ അനുസ്മരിപ്പിക്കുന്ന തത്വങ്ങളെ പ്പറ്റി പരാമർശിക്കുന്നുണ്ട്. അദ്വൈതവേദന്ത പ്രചാരത്തിന്റെ ആരംഭം ഗൗഡപാദാചാര്യ രാണെങ്കിലും അദ്ദേഹത്തിന്റെ ശിഷ്യനായ ഗോവിന്ദപാദരുടെ ശിഷ്യനായ ശങ്കരാചാര്യ രാണ് ഈ സിദ്ധാന്തത്തിന് പ്രചുര പ്രചാരം നൽകിയത്.

അദ്ദേഹം ബ്രഹ്മസൂത്രത്തിന് ഭാഷ്യം രചിച്ച് അതിലൂടെ അദ്വൈതം ശാസ്ത്രീയമായി ആവിഷ്കരിച്ച് പ്രചരിപ്പിക്കുകയായിരുന്നു.

അദ്വൈതം, ഭാരതീയ ദർശനങ്ങളിൽ പ്രബലമായ ഒരു സിദ്ധാന്തമാണ്. ജീവൻ (ജീവാത്മായ്) പ്രപഞ്ചശക്തിയിൽ (ബ്രഹ്മം, ബ്രഹ്മാത്മാവ്) നിന്നും ഭിന്നമല്ലെന്നും രണ്ടും ഒന്നാണെന്നും സ്ഥാപിച്ചു.

**"മാതാ, പിതാ, ഗുരു, ദൈവം"** എന്ന ആപ്തവാക്യം ഭാരത സമൂഹത്തിന്റെ ഉത്കൃഷ്ട മായ സംസ്കാരത്തെ പ്രകട മാക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ ഹിന്ദുധർമ്മത്തിൽ ഈശ്വരാരാധനയെന്നത്, അദൃശ്യമായ എന്നാൽ അനുഭവവേദ്യമായ പ്രപഞ്ച ശക്തിയുടെ, നിത്യചൈതന്യത്തിന്റെ ആരാധനയാണ്. ആ ശക്തിയുടെ വിവിധ ങ്ങളായ പ്രതിഭാസങ്ങളെ വന്ദിക്കാൻ, ആരാധിക്കാൻ മൂർത്തി രൂപത്തിലുള്ള ദേവൻമാരെ, ദേവികളെ സങ്കല്പിക്കുകയും ആരാധന സൗകര്യത്തിനുവേണ്ടി അവർക്കായി ആലയങ്ങൾ അഥവാ, ക്ഷേത്രങ്ങൾ നിർമ്മി ക്കുകയും ചെയ്തിരിക്കുന്നു.

**ഏകദൈവ വിശ്വാസം : 'ഏകം സത് വിപ്രാ ബുഹുധാ വദന്തി'** (പൊരുൾ ഒന്ന് പേര് പലത്) ഏകനായ ഈശ്വരന്റെ (ഏകദൈവ വിശ്വാസം) വിവിധ ഭാവങ്ങളെ അതിനനുസരണമായ രൂപങ്ങളിൽ ദർശിക്കാനുള്ള (ഇഷ്ടദേവതകൾ) ഭക്തരുടെ താല്പര്യമാണ് ഇവിടെ പ്രകടമാ കുന്നത്. ഇതിനാലാണ് ഹിന്ദുധർമത്തിൽ ബഹുദൈവാരാധനയുള്ളതായി തെറ്റിദ്ധരിക്ക പ്പെട്ടിരിക്കുന്നത്.

**'സർവഭൂതേഷു യേ നൈകം**
**ഭാവമവ്യയ മീക്ഷതേ**
**അവിഭക്തം വിക്തേഷു**
**തജ് ജ്ഞാനം വിദ്ധി സാത്വികം'**

*(ഭഗവദ്ഗീത 18/20)*

ഏതൊരു അറിവുകൊണ്ടാണൊ മനുഷ്യൻ വെവ്വേറെയായി കാണപ്പെടുന്ന വസ്തുക്കളി ലെല്ലാം ഒരിക്കലും നശിക്കാത്ത ഒരൊറ്റ സത്യവസ്തുവിനെ ദർശിക്കുന്നത്, ആ അറിവ്, സാത്വികമായ അറിവാകുന്നു.

■

# അഭിനന്ദനങ്ങൾ



ഈ കഴിഞ്ഞ സംസ്ഥാന സ്കൂൾ കലോത്സ വത്തിൽ സമൂഹഗാനത്തിലും, വന്ദേമാതര ത്തിലും ഒന്നാം സ്ഥാനത്തോടെ എ ഗ്രേഡ് കരസ്ഥമാക്കിയ മേഘമേനോൻ സെന്റ് തേരേസസ് സ്കൂളിലെ പത്താം ക്ലാസ്സ് വിദ്യാർത്ഥിനിയും, കരയോഗം മെമ്പർ കൃഷ്ണകുമാറിന്റെയും, സിന്ധുകൃഷ്ണ കുമാറിന്റയും മകളുമാണ്. ഈ സർഗ പ്രതിഭക്ക് എറണാകുളം കരയോഗത്തിന്റെ അഭിനന്ദനങ്ങളോടൊപ്പം ഇനിയും വിജയ സോപാനത്തിലേക്ക് എത്തുവാൻ ആശംസി ക്കുകയും ചെയ്യുന്നു.



ഹരിദാസൻ മതിലകത്ത്

# ശുക്രാചാര്യൻ നടപ്പിലാക്കിയ മദ്യനിരോധനം

കേരള സർക്കാറിന്റെ "സമ്പൂർണ്ണ മദ്യ നിരോധനം" എന്ന ആശയം ഓർമ്മിപ്പിക്കുന്നത് ശുക്രാചാര്യൻ ബ്രാഹ്മണർക്ക് മദ്യപാനം വിലക്കികൊണ്ടുള്ള തീരുമാനമെടുക്കുന്നതിനു വഴിയൊരുക്കിയ കച ദേവയാനി പ്രേമബന്ധ മാണ്. ഈ പ്രേമബന്ധം തകർക്കാൻ വേണ്ടി കചനെ വകവരുത്തുകയെന്നുള്ള ലക്ഷ്യത്തോടെ രാക്ഷസഗണത്തിലെ ചാരൻമാർ നടപ്പിലാക്കാൻ ശ്രമിക്കുന്ന പദ്ധതികൾ മഹാഭാരതം ആദിപർവ്വ ത്തിലെ കച - ദേവയാനി പ്രേമകഥയിൽ വിവരി ക്കുന്നുണ്ട്. മദ്യപാനം തനിക്കുണ്ടാക്കിയ ബുദ്ധി മുട്ടുകൾ ഒരു പാഠമാക്കി ഇതുപോലുള്ള അനുഭവം മറ്റൊരു ബ്രാഹ്മണനും ഉണ്ടാകരു തെന്നു കരുതിയാണ് ശുക്രാചാര്യൻ മദ്യപാനം ബ്രാഹ്മണർക്ക് പരക്കെ നിഷിദ്ധമായി പ്രഖ്യാ പിച്ചത്.

ധർമ്മാചാരങ്ങളിൽ പിടിമുറുക്കിയുള്ള അദ്ദേഹത്തിന്റെ പ്രഖ്യാപനം ഇതായിരുന്നു. "ഇന്നു മുതൽ ഏതെങ്കിലും ബ്രാഹ്മണൻ മദ്യപിക്കുകയാണെങ്കിൽ അത് മതാനുഷ്ഠാനങ്ങ ളിൽ നിന്നുള്ള വ്യതിചലിക്കലായി കണക്കാക്കും. കൂടാതെ അത്തരം നടപടികൾ അവർ പാലി ക്കേണ്ട അനുഷ്ഠാനങ്ങൾക്ക് വിരുദ്ധമാകുന്നതു കൊണ്ട് അവർ ഈ ജന്മത്തിലും അടുത്ത ജന്മത്തിലും ശപിക്കപ്പെട്ടവരായി കണക്കാക്ക പ്പെടും". ഈ സംഭവത്തിനു പിന്നിൽ രസകര മായ ഒരു കഥയുണ്ട്. ഭൃഗു - പുലോമ ദമ്പതി കളുടെ ഏഴു പുത്രൻമാരിൽ ഏറ്റവും ബലവാ നായ പുത്രനാണ് ശുക്രൻ. ഭൃഗുമഹർഷിയുടെ അസാന്നിദ്ധ്യത്തിൽ പുലോമ ദേവൻമാരും അസുരൻമാരുമായുള്ള യുദ്ധങ്ങളിൽ അസുരർക്ക് ഏൽക്കുന്ന ഭീമമായ ജീവാപായം തടയാൻ തപസ്സു തുടങ്ങിയത് രസിക്കാതെ മഹാവിഷ്ണു തന്റെ ചക്രായുധം പ്രയോഗിച്ച് അവരുടെ തലയറുത്തു. ഇതിൽ ക്രുദ്ധനായ ഭൃഗുമഹർഷി വിഷ്ണുഭഗവാനെ "മനുഷ്യനായി ജന്മമെടു ക്കാനും ആ ജന്മത്തിൽ ഭാര്യ നഷ്ടപ്പെട്ട് കാട്ടിൽ ഉഴലാനും ശപിച്ചു". ഈ ശാപമാണത്രേ ത്രേതായുഗത്തിലെ രാമാവതാരത്തിനു കാരണ മായത്. അമ്മയെ കൊന്നതിലുള്ള വൈരാഗ്യം വിഷ്ണുവിനെ ശുക്രാചാര്യന്റെ ശത്രുവാക്കി. വാമനന് മഹാബലിയുടെ ദാനം മുടക്കാൻ കമണ്ഡലുവിന്റെ കുഴലിൽ വണ്ടായി ഇരുന്ന് ജലം അർപ്പിക്കുന്നത് മുടക്കാൻ ശ്രമിച്ചപ്പോൾ വാമനൻ ഒരു ദർഭകൊണ്ട് കുത്തിയതാണത്രേ ശുക്രാചാര്യന്റെ ഒരു കണ്ണു നഷ്ടപ്പെടുവാൻ കാരണം. ബ്രാഹ്മണനായി പിറന്ന അദ്ദേഹം ശിവനെ പ്രീതിപ്പെടുത്തി മൃതസഞ്ജീവിനി മന്ത്രം വരമായി വാങ്ങി. ഈ മന്ത്രശക്തി കൊണ്ട് ശുക്രാചാര്യൻ അസുരഗുരു ആയിരിക്കു ന്നിട ത്തോളംകാലം ദേവൻമാർക്ക് അസുരൻമാരെ തോൽപ്പിക്കാൻ സാധ്യമല്ലെന്നായി.

ദേവഗുരു ബൃഹസ്പതി ഇന്ദ്രനോടു അഭ്യർത്ഥിച്ചതനുസരിച്ച് ഇന്ദ്രൻ തന്റെ മകൾ ജയന്തിയെ ശുക്രാചാര്യരുടെ തപസ്സ് സമയത്ത് അദ്ദേഹത്തിനുവേണ്ട ശുശ്രൂഷകൾ നൽകി മനസ്സിനെ വ്യതിചലിപ്പിക്കാൻ നിയോഗിച്ചു. ജയന്തിയാകട്ടെ ശുക്രാചാര്യരുടെ തപോ നിഷ്ഠക്ക് ഭംഗം വരുത്തുന്ന യാതൊന്നും ചെയ്തില്ല. തപസ്സിന്റെ അവസാനം ജയന്തിയുടെ വിവാഹാഭ്യർഥന നിരസിക്കാൻ ശുക്രാചാര്യർക്ക് സാധിച്ചില്ല. എങ്കിലും വിവാഹിതനായ താൻ മറ്റൊരു വിവാഹം ചെയ്യുന്നതിലെ അപാകത ഓർത്ത് പത്തുവർഷം എല്ലാവരിൽ നിന്നും മറഞ്ഞ് രഹസ്യമായി ഒരുമിച്ചു ജീവിക്കാമെന്ന് വാഗ്ദാനം നൽകി. ഈ സന്ദർഭം മുതലെടുത്ത് ദേവഗുരു ബൃഹസ്പതി ശുക്രാചാര്യരുടെ വേഷ ത്തിൽ അസുരൻമാർക്ക് അവരെ വഴിതെറ്റിക്കാൻ ഉതകുന്ന ഉപദേശങ്ങൾ നൽകി തുടങ്ങി. പത്തുവർഷത്തിനുശേഷം തിരിച്ചെത്തിയ ശുക്രാചാര്യർക്ക് താനാണ് യാഥാർത്ഥ അസുര ഗുരുവെന്ന് സ്ഥാപിച്ചെടുക്കാൻ ബുദ്ധിമുട്ടേണ്ടി വന്നു. മൃതസഞ്ജീവിനി മന്ത്രം കൈക്കലാ ക്കാതെ ദേവൻമാർക്ക് ജയിക്കാനാവില്ലെന്ന്

മനസ്സിലാക്കിയ ബൃഹസ്പതി തന്റെ മകൻ കചനെ ഈ ദൗത്യം നിറവേറ്റാൻ അസുര ഗുരുവിന്റെ അടുക്കലേക്ക് പറഞ്ഞയച്ചു. അതിസുന്ദരനും സുശീലനുമായ കചനെ കണ്ട മാത്രയിൽ തന്നെ ശുക്രാചാര്യരുടെ മകൾ ദേവയാനി അദ്ദേഹത്തിൽ അനുരക്തയായി. അതേസമയം കചന്റെ മാന്യമായ പെരുമാറ്റവും സത്യസന്ധതയും വിനയവും ശുക്രാചാര്യരെയും ആകർഷിച്ചു. തന്നിൽ നിന്ന് മൃതസഞ്ജീവനി അടക്കമുള്ള മന്ത്രങ്ങൾ പഠിക്കലാണ് വരവിന്റെ ഉദ്ദേശമെന്ന് സത്യസന്ധമായ വെളിപ്പെടുത്തലാണ് ശുക്രാചാര്യരെ കൂടുതൽ ആകർഷിച്ചത്. കഥയുടെ തുടക്കം ഇവിടെ നിന്നാണ്.

സംസ്കൃതത്തിൽ അസുരൻ എന്ന വാക്കിന്റെ നിരുക്തം "നഃ വിദ്യതേ സുരാ ഏഷാം തേ അസുരാഃ" എന്നാണ്. അതായത് ആർക്ക് മദ്യം ലഭിച്ചില്ലയോ അവർ അസുരൻമാർ എന്ന്. പാലാഴി മഥനസമയത്ത് സമുദ്രത്തിൽ നിന്ന് മദ്യചഷകവുമായി ഉയർന്നുവന്ന മദാലസയായ വാരുണീദേവിയെ -സുരാദേവിയെ- സ്വീകരിക്കാൻ വിസമ്മതിച്ചുകൊണ്ട് ദൈത്യൻമാർ അസുരൻമാരെന്ന പേരിന്നർഹമായി. ദേവൻമാർ വാരുണീദേവിയെ സ്വീകരിച്ചതുകൊണ്ട് സുരൻമാരെന്നും അറിയപ്പെടുന്നു. ലിംഗഭട്ടന്റെ നിർവചനം "അബ്ദിജാ സുരാ ഏഷാം അസ്തി ഇതി സുരാഃ" എന്നാണ്. സമുദ്രത്തിൽ നിന്നുണ്ടായ മദ്യം ഇവർക്കുള്ളതുകൊണ്ട് സുരൻമാർ. ചുരുക്കത്തിൽ സുരൻമാർ മദ്യം ഉപയോഗിക്കുന്നവരും, അസുരൻമാർ മദ്യം ഉപയോഗിക്കാത്തവരും!! അസുരന്മാർ മദ്യസേവ വർജ്ജിക്കുന്നവരാണെങ്കിലും അസുരഗുരുവിനെ വാരുണീസേവ ഒഴിച്ചു കൂടാത്തതായിരുന്നു. ഇതാണ് അദ്ദേഹത്തെ കുഴപ്പത്തിൽ ചാടിച്ചത്. കചന്റെ ഗുരുകുല വിദ്യാഭ്യാസം പുരോഗമിക്കുമ്പോൾ ദേവയാനിയുടെ പ്രണയവും ഒന്നിനൊന്ന് വർദ്ധിക്കുകയായിരുന്നു. കചന്റെ ആഗമനോദ്ദേശവും ദേവയാനിയുടെ പ്രണയവും അസുര ഗണത്തിലെ ചാരൻമാരുടെ ഉറക്കം കെടുത്തി. കചനെ വകവരുത്തേണ്ടത് അത്യാവശ്യമാണെന്ന് അവർ തീരുമാനിച്ചു. അപ്രകാരം ഒരിക്കൽ ആശ്രമത്തിലെ പശുക്കളെ മേയ്ക്കാൻ കാട്ടിൽ പോയ കചനെ അസുരൻമാർ പിടിച്ചു കെട്ടിയ ശേഷം കൊത്തിനുറുക്കി ചെന്നായ്ക്കൾക്ക് എറിഞ്ഞു കൊടുത്തു. സന്ധ്യകഴിഞ്ഞു കചനെക്കൂടാതെ പശുക്കൾ മാത്രം തിരിച്ചെത്തിയപ്പോൾ ദേവയാനി ഭയത്തോടും സങ്കടത്തോടും കൂടി ശുക്രാചാര്യനെ സമീപിച്ചു.

ദേവയാനിയോടൊപ്പം വനത്തിലെത്തിയ ശുക്രാചാര്യർ മൃതസഞ്ജീവനി മന്ത്രം ഉരുവിട്ട ശേഷം കചന്റെ പേർ വിളിച്ചു. വിളിച്ചമാത്രയിൽ ചെന്നായ്ക്കളുടെ വയർ പൊട്ടി കചന്റെ അവയവങ്ങൾ പുറത്തു വരികയും കചൻ പൂർവ്വസ്ഥിതി പ്രാപിക്കുകയും ചെയ്തു.


മറ്റൊരവസരത്തിൽ രാക്ഷസചാര സംഘം കചനെ പിടിച്ചു കെട്ടിയശേഷം അരച്ചു കലക്കി സമുദ്രത്തിൽ നിക്ഷേപിച്ചു. ദേവയാനിയുടെ മുറവിളി സഹിക്കാതായപ്പോൾ ദിവ്യദൃഷ്ടി കൊണ്ട് കാര്യം മനസ്സിലാക്കിയ ശുക്രാചാര്യർ വീണ്ടും മൃതസഞ്ജീവനി മന്ത്രം കൊണ്ട് കചനെ പുനർജ്ജീവിപ്പിച്ചു. ശുക്രാചാര്യരുടെ ഈ മൃതസഞ്ജീവനി പ്രയോഗം അസുരൻമാർക്ക് കചനോടുള്ള വൈരാഗ്യം കൂട്ടുകയാണ് ചെയ്തത്. അവർ പലവഴികളും ആലോചിച്ച ശേഷം ശുക്രാചാര്യരുടെ മദ്യാസക്തിയിൽ



മുതലെടുക്കാനുള്ള തീരുമാനത്തിലെത്തി. അപ്രകാരം കചനെ അരച്ചു കലക്കിയശേഷം ശുക്രാചാര്യർ സേവിക്കുന്ന മദ്യത്തിൽ കലക്കി അദ്ദേഹത്തെക്കൊണ്ടു കുടിപ്പിച്ചു. സന്ധ്യയായിട്ടും കചനെ കാണാതായപ്പോൾ പരിഭ്രമിച്ച ദേവയാനി കണ്ണീരും പരിഭ്രവവുമായി അച്ഛനെ സമീപിച്ചു. ആചാര്യൻ ദീർഘദൃഷ്ടികൊണ്ട് താൻ സേവിച്ച മദ്യത്തിൽ കൂടി കചൻ തന്റെ ഉദരത്തിലെത്തിയെന്ന കാര്യം മനസ്സിലാക്കി. ശുക്രാചാര്യൻ ധർമ്മസങ്കടത്തിലായി. കചനെ മൃതസഞ്ജീവനി മന്ത്രം കൊണ്ട് ജീവിപ്പിച്ചാലും കചൻ പുറത്തു വരുമ്പോൾ ഉദരം പൊട്ടി താൻ മരിക്കുമെന്നറിയുന്ന ശുക്രാചാര്യൻ ഒരു പ്രതിവിധി കണ്ടെത്തി. ഉദരത്തിലിരിക്കുന്ന കചന് മൃതസഞ്ജീവനി മന്ത്രം ഉപദേശിക്കാമെന്നും പുറത്തുവന്ന ഉടൻ ആ മന്ത്രം ഉപയോഗിച്ച് തന്നെ പുനർജ്ജീവിപ്പിക്കണമെന്നും ആവശ്യപ്പെട്ടു. കചൻ സസന്തോഷം ഈ നിബന്ധന അംഗീകരിക്കുകയും ഉദരത്തിലിരുന്ന് മൃതസഞ്ജീവനി മന്ത്രം സ്വായത്തമാക്കുകയും ചെയ്തു. അതിനുശേഷം ശുക്രാചാര്യൻ മൃതസഞ്ജീവനി മന്ത്രം ഉപയോഗിച്ച് കചനെ തന്റെ ഉദരത്തിൽ നിന്നും പുറത്തെത്തിച്ചു. ഉദരം പൊട്ടി മരിച്ചു വീണ ശുക്രാചാര്യരെ കചൻ അദ്ദേഹം തനിക്ക് ഉപദേശിച്ച മൃതസഞ്ജീവനി മന്ത്രം ഉപയോഗിച്ച് ഗുരുദക്ഷിണയെന്നോണം പുനർജ്ജീവിപ്പിച്ചു. അങ്ങിനെ ഒരു വലിയ പ്രതിസന്ധിയിൽ നിന്നും തലയൂരിയെങ്കിലും അന്നുമുതൽ എന്നെന്നേക്കുമായി മദ്യപാനം ത്യജിക്കാൻ ശുക്രാചാര്യൻ പ്രതിജ്ഞയെടുത്തു. അതോടുകൂടി ബ്രാഹ്മണർക്ക് പൊതുവെ മദ്യസേവ നിഷിദ്ധമാണെന്ന തീരുമാനവും നടപ്പിലാക്കി.

തന്റെ പിതാവും കചനും പുനർജ്ജീവിച്ചതിൽ അതിരറ്റു സന്തോഷിച്ച ദേവയാനിയെ മറ്റൊരു കടുത്ത പ്രതിസന്ധി കാത്തിരിക്കുകയായിരുന്നു. തന്നെ പുനർജ്ജീവിപ്പിച്ച കചൻ തന്റെ ഉദരത്തിൽ കഴിഞ്ഞതുകൊണ്ട് തന്റെ പ്രിയപുത്രനായി അംഗീകരിക്കുന്നുവെന്നുള്ള ശുക്രാചാര്യരുടെ പ്രസ്താവന കചൻ മുതലെടുക്കാൻ ഉപയോഗിച്ചു. ദേവയാനിക്ക് തന്റെ സഹോദരിസ്ഥാനമാണെന്നും അതിനാൽ ഭാര്യയായി സ്വീകരിക്കാൻ സാധിക്കില്ലെന്നും പറഞ്ഞ് അവളുടെ വിവാഹാഭ്യർത്ഥന നിരസിച്ചു. ഇതിൽ കുപിതയായ ദേവയാനി കചൻ പഠിച്ച മൃതസഞ്ജീവനി മന്ത്രം ഫലിക്കാതെ പോകട്ടെ എന്ന് ശപിച്ചു. ഋഷികുമാരൻമാരും ദേവയാനിയെ വിവാഹം കഴിക്കില്ലെന്ന് കചനും തിരിച്ചു ശപിച്ചു. താൻ പ്രയോഗിച്ചാൽ ഈ വിദ്യ ഫലച്ചില്ലെങ്കിലും തന്നിൽ നിന്ന് പഠിച്ച മറ്റുള്ളവർക്ക് ഈ വിദ്യ ഫലപ്രദമായി ഉപയോഗിക്കാമല്ലോ എന്ന കാര്യം കചന് ആശ്വാസം നൽകി. മദ്യപാനം വരുത്തിവെച്ച വിന നോക്കൂ. ■

(മിനിക്കഥ)





ഉണ്ണിവാരിയത്ത്

# വഴക്കാളി

അയാൾ എന്നും ആരോടെങ്കിലും എന്തിനെങ്കിലും വഴക്കു കൂടും. ഗുണദോഷിക്കുന്നവരോടും അയാൾ വഴക്കിടും.

എന്തിനാ ഇങ്ങനെ വഴക്കിടണത് എന്നു ഗുണദോഷിച്ചാൽ മനുഷ്യൻ മനുഷ്യനോടല്ലാതെ മറ്റാരോട് വഴക്കിടാൻ! അയാൾ പറയും.

വഴക്കിടണമെന്ന വിചാരം തന്നെ എന്തിന് എന്നു ചോദിച്ചാൽ, അതെന്റെ സ്വഭാവമാണെങ്കിലോ അയാൾ സ്വരം കനപ്പിക്കും. അത് മാറ്റാൻ ശ്രമിച്ചുകൂടേ എന്നു ചോദിച്ചാൽ നിങ്ങൾക്ക് നിങ്ങളുടെ സ്വഭാവം മാറ്റാൻ പറ്റുമോ. ഗുണദോഷിക്കുന്ന ഈ സ്വഭാവം ഇല്ലല്ലോ അയാൾ വാദിക്കും.

മനുഷ്യഗണത്തിൽപെട്ട ബന്ധു, മിത്രം, ശത്രു ഇത്യാദികളോടെല്ലാം വഴക്കിട്ട് അയാൾ ഒടുവിൽ ദൈവത്തെയും വെറുതെ വിട്ടില്ല; ജീവിതത്തിൽ തനിക്കു ദൈവസഹായം ലഭിക്കുന്നില്ല എന്ന തോന്നലാൽ ന്യായമായും അയാൾ വഴക്കിടേണ്ടത് അയാളോടു തന്നെയായിരിക്കും. ■




കൗരവക്ഷേത്രങ്ങൾ

# ദുര്യോധന ക്ഷേത്രം

എം. ശ്രീവല്ലഭൻ നായർ



മലനടക്ഷേത്രം എന്ന് അറിയപ്പെടുന്ന ഈ ക്ഷേത്രം കുന്നത്തൂർ താലൂക്കിലെ പോരുവഴി പഞ്ചായത്തിൽസ്ഥിതിചെയ്യുന്നു. പന്തളത്തു നിന്നും കരുനാഗപ്പള്ളിയിൽ നിന്നും, കായംക്കുളത്തു നിന്നും ഈ ക്ഷേത്രത്തിൽ എത്തിച്ചേരാനുള്ള യാത്രാ സൗകര്യങ്ങളുണ്ട്.

അജ്ഞാതവാസക്കാലത്ത് പാണ്ഡവരെ കണ്ടുപിടിക്കുന്നതിനായി സ്വയം അന്വേഷണത്തിനിറങ്ങിയ ദുര്യോധനൻ നിബിഡ വനമായിരുന്ന ഈ പ്രദേശത്ത് എത്തിച്ചേരുകയും, ഏറെ സമയത്തെ അന്വേഷണം കഴിഞ്ഞപ്പോഴേക്കും ദാഹവും വിശപ്പും മൂലം ക്ഷീണിതനായിത്തീരുകയും ചെയ്തു. കുറെ നടന്ന് ആദ്യം കണ്ട ഭവനത്തിൽ എത്തി അവിടെ കണ്ട സ്ത്രീയോട് ദാഹവും വിശപ്പും ഉണ്ടെന്ന് അറിയിക്കുന്നു. കൊട്ടാര സദൃശ്യമായ ഒരു വലിയ വീടായിരുന്നു അത്. മാംസാഹാരവും, ദാഹനിവർത്തിക്കായി കലശത്തിൽ കള്ളുമാണ് ആ അമ്മ ദുര്യോധനന് നല്കിയത്. കൂടാതെ നാലും കൂട്ടി മുറുക്കുന്നതിന് വേണ്ട സാധനങ്ങളും നല്കി അകത്തേയ്ക്ക് മടങ്ങിയ സ്ത്രീയുടെ താലി പിന്നിലേയ്ക്കിട്ടിരിക്കുന്നത് കണ്ട ദുര്യോധനന് തന്നെസൽക്കരിച്ചത് താഴ്ന്ന ജാതിയിൽ പെട്ട സ്ത്രീയാണെന്ന് ബോധ്യമായി.തന്നെസ്നേഹപുർവ്വം സത്കരിച്ചതുകൊണ്ട് അദ്ദേഹം അവരെ അനുഗ്രഹിച്ച്, തന്നെ സ്മരിച്ചാൽ കാര്യസാദ്ധ്യം നിശ്ചയം എന്ന് ധരിപ്പിക്കുന്നു. അതിനായി ഒരു സ്ഥലവും നിശ്ചയിക്കുന്നുണ്ട്. മാത്രവുമല്ല തന്നെ സൽക്കരിച്ച കടുത്താശ്ശേരി കുടുംബത്തിന് 150 ഏക്കറോളം സ്ഥലം ദാനം ചെയ്തതായും പറയപ്പെടുന്നു. ഇന്നും ഇവിടുത്തെ പൂജാദികർമ്മങ്ങൾ നിർവഹിക്കുന്നത് ഈ കുടുംബത്തിലെ കാർണവരാണ്. ഇദ്ദേഹത്തെ മലനട അപ്പൂപ്പൻ എന്നാണ് അറിയപ്പെടുന്നത്. ദുര്യോധനന് ആ വീട്ടിലെ അമ്മ നല്കിയതുപോലെ തന്നെ കള്ളും, അടുക്ക് (വെറ്റില, പുകയില, അടയ്ക്ക), കോഴി തുടങ്ങിയവയാണ് പ്രധാന വഴിപാടുകൾ. മറ്റു ക്ഷേത്രങ്ങളിലുള്ളതുപോലെ തൂക്കവും, പറയും മറ്റ് വഴിപാടുകളും ഉണ്ട്. കുറവർ സമുദായത്തിൽപെട്ട കടുത്താശ്ശേരി കുടുംബക്കാരാണ് പൂജാദി കർമ്മങ്ങൾ നിർവ്വഹിക്കുന്നതെങ്കിലും ശാസ്താംകോട്ട പഞ്ചായത്തിലെ പനപ്പെട്ടിക്കര, അമ്പലത്തും ഭാഗം, ഇടയ്ക്കാട് തെക്ക്, ഇടയ്ക്കാട് വടക്ക്, എന്നീ സ്ഥലങ്ങൾക്ക് പുറമെ വടക്കേമുറി, നടുവിലെ മുറി, പള്ളിമുറി എന്നീ ഏഴു കരകളിലെ എല്ലാ ഹൈന്ദവ സമൂദായങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 25 അംഗ ഭരണ സമിതിയാണ് ക്ഷേത്രഭരണ കാര്യങ്ങൾ നിർവ്വ

ഹിക്കുന്നത്. ഈ ക്ഷേത്രത്തിലെ വെടിക്കെട്ട് അതിപ്രശസ്തമാണ്. ദൂരസ്ഥലങ്ങളിൽ നിന്നും മലനട വെടിക്കെട്ടു കാണുന്നതിനായി ആളുകൾ എത്തിച്ചേരാറുണ്ട്. സഹോദരിയും, നാലു സഹോദരൻമാരുമായിട്ടാണ് ദുര്യോധനൻ എത്തിച്ചേർന്നത്. ഒപ്പം കർണ്ണനും. ഈ സ്ഥലത്ത് ദ്രോണാചാര്യരെയും പ്രതിഷ്ഠിച്ചിട്ടുണ്ട്. ഈ പ്രദേശത്ത് ആകെ കൗരവക്ഷേത്രസങ്കേതങ്ങളുമായി ഒമ്പതെണ്ണമാണുള്ളത്. അവ ഒന്നാമതായിട്ട് കർണ്ണൻ (തെക്കുഭാഗത്ത്) തുടർന്ന് ഇലത്തിമൂട് ക്ഷേത്രം, ചെമ്പിട്ട കൊട്ടാരം, കിഴക്കു ഭാഗത്ത് അപ്പൂപ്പൻ ക്ഷേത്രം, വല്ല്യത്തു കൊട്ടാരം വടക്കും പുറത്തു ക്ഷേത്രം, കടുത്താശ്ശേരി കൊട്ടാരം, പൂഴിശ്ശേരി കൊട്ടാരം എന്നിവയാണ് അവ. ദുര്യോധന ക്ഷേത്രം ഉള്ളത് ഒന്ന് കേരളത്തിലും ഒന്ന് ഉത്തരാഖണ്ഡിലും ആണെന്നാണറിവ്. പ്രധാന വഴിപാടായി അടവിപൂജ നടത്തപ്പെടുന്നു. ഇത് ചുട്ടെടുത്ത ഏത്തപ്പഴവും ചുട്ടെടുത്ത കാച്ചിലും കലശത്തിലെ കള്ളും അർപ്പിച്ച് രാത്രി 7.30 മുതൽ പുലർച്ചെ രണ്ടുമണി വരെ നടത്തപ്പെടുന്ന കർമ്മമാണ്. പിറ്റേദിവസം മൂർത്തിപൂജ നടത്തുന്നു. വ്യാഴാഴ്ച രാവിലെ അതിപ്രശസ്തമായ മലനട പൊങ്കാല സമർപ്പണം നടത്തുന്നു. അതുപോലെതന്നെ കുംഭമാസത്തിലെ ആദ്യത്തെ ചൊവ്വാഴ്ച അവിലും കള്ളും നേദ്യമായി അർപ്പിക്കുന്നു. രണ്ടാം ചൊവ്വാഴ്ച അവൽ നിവേദ്യത്തോടെപ്പം 101 പിണ്ടി വിളക്കുകളും കത്തിക്കുന്നു. അപ്പൂപ്പന്റെ ക്ഷേത്രത്തിൽ മകം 21 ന് കൊടികയറ്റുകയും 28 ന് കൊടിയിറക്കവും നടത്തപ്പെടുന്നു. മീനമാസത്തിലെ ആദ്യത്തെ വെള്ളിയാഴ്ച ഉത്സവാഘോഷങ്ങൾക്കുള്ള കൊടിയുയരുന്നു. ഉത്സവത്തിനുള്ള എടുപ്പു കുതിരകളും, കെട്ടുകാളകളുടെയും കാഴ്ച അതിമനോഹരമാണ്. കരകൾ തമ്മിൽ മത്സരിച്ചാണ് ഇതു നടത്തുന്നത്. ദുര്യോധനന്റെ അനുഗ്രഹം സിദ്ധിച്ച മൂപ്പനായ ഊരാളി തുള്ളി കെട്ടുകാളകളുടെ സമീപത്തെത്തി അനുഗ്രഹിക്കുന്നു. അതിനുശേഷം ഭക്തർ കെട്ടുകാളകൾ സഹിതം ക്ഷേത്രസന്നിധിയിൽ എത്തി ദുര്യോധനനെ വണങ്ങി മടങ്ങുന്നു. പിന്നീട് ആൾത്തറയിൽ പനമ്പുപായ വിരിച്ച് പൂക്കളും, പച്ചരിയും, മുറുക്കാനും നിവേദിക്കുന്നു. തുടർന്ന് കഥ കളിയും തൂക്കവും ആരംഭിക്കുന്നു. കഥകളി കളിയുടെ പ്രത്യേകത ഇവിടെ ദുര്യോധനവധം കഥകളി ആടുവാൻ പാടില്ല എന്നുള്ളതാണ്. മേൽക്കൂരയില്ലാത്ത ഈ ക്ഷേത്രത്തിൽ നിത്യേന ധാരാളം ദക്തജനങ്ങൾ എത്തിച്ചേരാറുണ്ട്. മധുനിവേദ്യം നിത്യവും രണ്ടുനേരവും നിർബ്ബന്ധമാണിവിടെ. ആട്, കോഴി, കാള സ്വർണ്ണം വെള്ളി വിഗ്രഹങ്ങൾ, അരവണ, മണി, വിളക്ക്, പായസം, ഉണ്ണിയപ്പം, പട്ട്, കറുപ്പ്, മുറുക്കാൻ ഇവയെല്ലാമാണ് മുഖ്യ വഴിപാടുകൾ. ■


## *തെക്കേ അമ്മൻകോവിൽ*

*(ദിവാൻസ് റോഡ്, എറണാകുളം)*

## *ശ്രീമദ് ദേവി ഭാഗവതം നവാഹ പാരായണയജ്ഞം*

2015 ഫെബ്രുവരി 15 മുതൽ 24 വരെ യജ്ഞാചാര്യൻ ശ്രീ. എ. രാമസ്വാമി (രമണി) ആചാര്യനായി ശ്രീമദ് ദേവി ഭാഗവതം നവാഹ പാരായണയജ്ഞം നടത്തുന്നു. എല്ലാ ഭക്തജനങ്ങളേയും സ്വാഗതം ചെയ്യുന്നു.


## അഭിനന്ദനങ്ങൾ



എറണാകുളം കരയോഗാംഗമായ ശ്രീ. എം. മുരളീധരൻ നായരുടെ (റിട്ടയേർഡ് സൂപ്രണ്ട് ഓഫ് പോലീസ്) ഭാര്യയും, ആലപ്പുഴ ജില്ല പ്ലാനിംഗ് ഓഫീസറുമായ ശ്രീമതി. ആർ. ഗിരിജക്ക്, വിശിഷ്ടസേവനത്തെ മാനിച്ച് കേന്ദ്രഗവൺമെന്റിൽ നിന്നും ഐ.എ.എസ് നല്കിയ വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. അഭിമാനാർഹമായ ഈ നേട്ടം കൈവരിച്ചതിന് എറണാകുളം കരയോഗത്തിന്റെ അഭിനന്ദനങ്ങൾ.

## (ഗാന്ധിസൂക്തം) സത്യസന്ധത



സത്യം എന്നതിനർത്ഥം സാധാരണ നാം മനസ്സിലാക്കുന്നതുപോലെ 'കള്ളം പറയരുത്' എന്നതല്ല. അല്ലെങ്കിൽ സത്യസന്ധമല്ലാത്തത് ചെയ്യരുത് എന്നതു മാത്രവുമല്ല. എന്നാൽ സത്യം എന്നതുകൊണ്ട് ഇവിടെ വിവക്ഷിക്കുന്നത് ജീവനെ നിയന്ത്രിക്കുന്ന സുപ്രധാന നിയമം എന്നതത്രേ. പ്രഹ്ലാദന്റെ ചരിത്രമാണ് ഈ നിർവചനം വിശദമാക്കാൻ ഞാൻ സ്വീകരിക്കുന്നത് . സത്യം നിലനിർത്താൻ പ്രഹ്ലാദൻ സ്വന്തം പിതാവിനെപ്പോലും എതിർത്തു. തിരിച്ചടി നൽകാതെ, അക്രമം കാട്ടാതെ അവൻ ചെറുത്തു നിന്നു. സത്യം സംരക്ഷിക്കാൻ മരിക്കാൻ വരെ തയ്യാറായി. മർദ്ദനമേറ്റു കരഞ്ഞതുപോലുമില്ല. പീഢനങ്ങളെല്ലാം പുഞ്ചിരിയോടെ സ്വീകരിച്ചു. ഒടുവിൽ വിജയം സത്യത്തിനുതന്നൊ ഒരുനാൾ സത്യത്തിന്റെ അജയ്യത തെളിയിക്കാൻ തന്റെ ജീവിതകാലത്തു തന്നെ സാധ്യമാകും എന്ന വിശ്വാസം കൊണ്ടല്ല പ്രഹ്ലാദൻ മർദ്ദനങ്ങളേറ്റു വാങ്ങിയത്. പീഢനങ്ങളിൽ മരിച്ചാലും സത്യം അദ്ദേഹം കൈവിടില്ലായിരുന്നു. ആ സത്യമാണ് എന്റെ വഴിക്കാട്ടി. ഇന്നലെ ഒരു സംഭവമുണ്ടായി. ഞാനൊരു സുഹൃത്തുമായി സ്വകാര്യ സംഭാഷണത്തിലേർപ്പെട്ടിരിക്കുകയായിരുന്നു. മറ്റൊരു സുഹൃത്തു കടന്നു വന്ന് 'താൻ മൂലം സ്വകാര്യ സംഭാഷണത്തിനു ബുദ്ധിമുട്ടായോ' എന്നു ചോദിച്ചു. എന്നോടു വർത്തമാനം പറഞ്ഞു കൊണ്ടിരുന്ന സുഹൃത്ത് പെട്ടെന്നു പറഞ്ഞു "ഏയ് ഒന്നുമില്ല. ഇതിൽ സ്വകാര്യമൊന്നുമില്ല. ഞാൻ അമ്പരന്നുപോയി. എന്നെ മാറ്റിനിർത്തി സംസാരിക്കാമെന്നുവച്ചതുതന്നെ ആ സുഹൃത്തിന് ചില സ്വകാര്യപ്രശ്നങ്ങൾ അവതരിപ്പിക്കാനായിരുന്നു. എന്നിട്ടും പറഞ്ഞതോ, അതിൽ സ്വകാര്യത ഒന്നുമില്ലെന്നും, മര്യാദ പുലർത്താനാണത്. അതിരുകവിഞ്ഞ മര്യാദയെന്നേ ഞാൻ പറയൂ. എന്നാൽ വിനയം ഒട്ടും വിടാതെ തന്നെ അദ്ദേഹത്തിന് ഇങ്ങനെ പറയാമായിരുന്നു. അതെ. ഇപ്പോൾ ഒരു സ്വകാര്യ വിഷയമായാണു സംസാരിക്കുന്നത്. അധികസമയമെടുക്കില്ല ഒരു മാന്യദേഹവും ഇത് ഒരധിക്ഷേപമായി കണക്കാക്കില്ല. മറിച്ചു തെളിയിക്കുന്നതുവരെ നമ്മളെല്ലാവരേയും മാന്യരായി കാണക്കാക്കണം. ഇപ്പറഞ്ഞ സംഭവം എന്റെ സുഹൃത്തിന്റെ മാന്യപ്രകൃതത്തിനുദാഹരണമായി കാണുന്നവരുണ്ടാകാം. പക്ഷേ ഇതു കാപട്യമാണ്. ഒരിംഗ്ലീഷ് സുഹൃത്തുമായുണ്ടായ സംഭാഷണം ഞാനോർമ്മിക്കുന്നു. ഏതാണ്ട് ഒരപരിചിതൻ എന്നു വേണമെങ്കിൽ പറയാം. ഒരു കോളേജ് പ്രിൻസിപ്പൽ. കുറേക്കാലം ഇൻഡ്യയിലുണ്ടായിരുന്നുവത്രെ. സംഭാഷണമദ്ധ്യേ അദ്ദേഹം ചോദിച്ചു. ഇംഗ്ലീഷുകാരെ അപേക്ഷിച്ച് ഇല്ല എന്നു തറപ്പിച്ചു പറയാനുള്ള ചങ്കൂറ്റം ഇന്ത്യാക്കാർക്കു കുറവല്ലേ എന്ന്. എനിക്കതു സമ്മതിക്കേണ്ടിവന്നു. ഇല്ല എന്നു പറയേണ്ട വേളയിൽ അങ്ങനെ തുറന്നു പറയാൻ നമുക്കു ധൈര്യം പോരാ. മറ്റുള്ളവരുടെ വികാരത്തെ മാനിച്ചാണത്. ഈ ആശ്രമത്തിൽ ഒരു നിയമമുണ്ടാക്കിയിട്ടുണ്ട്. 'ഇല്ല' എന്നു പറയേണ്ട വേളയിൽ ഭവിഷ്യത്ത് എന്തുതന്നെയായാലും 'ഇല്ല' എന്നു പറയുക ഇതാണ് ആദ്യത്തെ ചട്ടം. ■

## അഭിനന്ദനങ്ങൾ



കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിലെ പ്രൊഫസറായ ഡോ. കെ. ഗോപകുമാറാണ് 2014-ലെ അതിശ്രേഷ്ഠമായ വാസ്‌വിക് (വിവിധ ലക്ഷി ഔദ്യോഗിക് സംശോധൻ വികാസ് കേന്ദ്ര) ഇൻഡസ്ട്രിയൽ റിസേർച്ച് അവാർഡിന് അർഹനായത്. ഡോ. കെ. ഗോപകുമാറിന് എറണാകുളം കരയോഗത്തിന്റെ അഭിനന്ദനങ്ങൾ.

# ഇഷ്ടം



പത്മജ മേനോൻ

തിരുമേനി, ഒരു പുഷ്പാഞ്ജലി എന്ന ശബ്ദം കേട്ട് ഉണ്ണി ശക്തിയിൽ ചന്ദനം ഉരക്കുന്നത് നിറുത്തി പുറത്തേയ്ക്ക് വന്നു. നല്ല മഴക്കോളുണ്ട് എന്ന് പറഞ്ഞ് പുഷ്പാഞ്ജലി ചെയ്തു കൊടുത്ത പ്രസാദവുമായി അയാൾ പെട്ടെന്ന് മടങ്ങി. ഈ അമ്പലത്തിലെ ശാന്തിക്കാരനായിരുന്നു അച്ഛൻ. അച്ഛന്റെ മരണമാണ് തന്നെ ഇവിടത്തെ ശാന്തിക്കാരനാക്കിയത്. ഇംഗ്ലീഷിൽ ബിരുദാനന്തരബിരുദവും എം എഡ് ഉം ഒക്കെയുള്ള തനിക്ക് ഒരു അധ്യാപകനാവാനായിരുന്നു ഇഷ്ടം. പക്ഷേ സവർണ്ണനായി ജനിച്ചത് കൊണ്ട് പലപ്പോഴും താൻ പിൻതള്ളപ്പെട്ടു. പിന്നെ ശാന്തിക്കാരനാവാതെ നിവർത്തിയില്ലായിരുന്നു. രോഗിയായ അമ്മയെ തനിക്ക് സംരക്ഷിക്കണമായിരുന്നു. ഏത് പ്രവർത്തിയും ആത്മാർത്ഥതയോടെ ചെയ്യണമെന്ന് അച്ഛൻ ഉപദേശിച്ചിരുന്നു. അതുകൊണ്ട് പൂജാകർമ്മങ്ങളെല്ലാം ആത്മാർത്ഥതയോടെ ചെയ്യുവാൻ താൻ ശ്രദ്ധിച്ചിരുന്നു.

അമ്മക്ക് ഇപ്പോൾ എങ്ങനെയുണ്ട് എന്നു ചോദിച്ച് നമ്പീശൻ കുശലാന്വേഷണവുമായി വന്നു. അസുഖത്തിന് കാര്യമായ മാറ്റമൊന്നുമില്ല. കഷായങ്ങൾ മാറി, മാറി കഴിച്ച് അമ്മക്ക് മടുത്തു. നല്ല ചികിത്സ കൊടുക്കുവാനൊന്നും തനിക്ക് കഴിയുകയില്ലല്ലോ. തുച്ഛമായ വരുമാനമുള്ള താൻ എന്ത് ചെയ്യുവാനാണ്. അതിനു പുറമെ അച്ഛന്റെ കുറച്ച് ബാധ്യതകളും തന്റെ വിദ്യാഭ്യാസ ലോണും ഒക്കെയുണ്ട് അവയൊക്കെ ഇടയ്ക്കിടെ തന്നെ വേട്ടയാടിക്കൊണ്ടിരിക്കുന്നു. തനിക്ക് നല്ല ഒരു ജോലി തരപ്പെടണം. ജീവിതം ആടിയുലയുമ്പോൾ മനസ്സിനെ ശാന്തമാക്കേണ്ടത് അനിവാര്യമാണ്. പക്ഷേ പലർക്കും അതിന് കഴിയാറില്ലല്ലോ? തൊഴുവാനായി പലരും വന്നും പോയിക്കൊണ്ടുമിരുന്നു. പലരും തന്റെ അടുത്ത് പ്രശ്ന പരിഹാരത്തിനും, കാര്യസാദ്ധ്യത്തിനുവേണ്ടിയും വഴിപാടുകൾ പറഞ്ഞ് ഏൽപ്പിച്ചു. എന്റെ തേവരെ തന്റെ പ്രശ്നത്തിന് നീ എന്നാണ് പരിഹാരം കാണുക എന്നു ചോദിച്ച് അയാൾ ഉച്ച നിവേദ്യം ഉണ്ടാക്കുവാനായി തിടപ്പള്ളിയിലേക്ക് കയറിപ്പോയി. നിവേദ്യം കഴിഞ്ഞ് നടയടച്ച് നിവേദ്യച്ചോറുമായി ധൃതിയിൽ തന്റെ ഇല്ലത്തേയ്ക്ക് നടന്നു. ജീർണ്ണിച്ചു തുടങ്ങിയ ഇല്ലത്തിന്റെ അറ്റകുറ്റപണികൾ ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പാവം അമ്മ തന്നെ കാത്ത് കിടക്കുകയാണ്. അമ്മയ്ക്ക് ചോറും തൈരും കണ്ണിമാങ്ങാ അച്ചാറും കായ മെഴുക്കുപുരട്ടിയതും എല്ലാമെടുത്ത് ചോറു കൊടുത്തു. ഇന്നെന്റെ അമ്മ സുന്ദരിയായിട്ടുണ്ടല്ലോ എന്നു പറഞ്ഞ് താൻ അമ്മയുടെ കവിളിൽ നുള്ളി. അടുത്ത ഇല്ലത്തിലെ സാവിത്രി ഓപ്പോളാണ് അമ്മയെ കുളിക്കുവാനും, വസ്ത്രം മാറ്റുവാനും എല്ലാം സഹായിക്കുന്നത്. അമ്മ മയങ്ങുവാൻ തുടങ്ങി അയാൾ മെല്ലെ പടിഞ്ഞാറുവശത്തുള്ള കുളത്തിന്റെ അരികിൽ പോയിരുന്നു. നീല ജലാശയത്തിൽ ഒരു ലാസ്യ ഭാവത്തോടെ നില്ക്കുന്ന താമരപ്പൂക്കളെ അയാൾക്ക് വലിയ ഇഷ്ടമായിരുന്നു. ഈ താമരയിതളുകൾ പോലെയായിരുന്നു അവളുടെ കണ്ണുകൾ, തന്റെ നീലിമ. തന്റേത് അല്ലെങ്കിലും തനിക്ക് അങ്ങനെ വിളിക്കുവാനാണ് ഇഷ്ടം.

തന്റെ കോളേജ് ജീവിതം, ഞരമ്പുകളിൽ വിപ്ലവത്തിന്റെ രക്തം തിളച്ചുകൊണ്ടിരുന്ന കാലഘട്ടം. താൻ നന്നായി പ്രസംഗിക്കുമായിരുന്നു. ഫ്രഞ്ചു വിപ്ലവത്തിന്റെ കാരണങ്ങളായ സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവയെ കുറിച്ച് എല്ലാം താൻ വാതോരാതെ പ്രസംഗിച്ചു. സുന്ദരനും ഗാംഭീര്യ ശബ്ദവും ഒക്കെയുള്ള താൻ കോളേജിലെ ഹീറോ ആയിരുന്നു. ധാരാളം ആരാധകൻമാരും ആരാധികമാരും തനിക്ക് ഉണ്ടായിരുന്നു. തന്റേതായ അഭിപ്രായങ്ങളും ചിന്തകളും ഉള്ള തന്നെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കി. ദൂരെ നിന്ന് തന്നെ കൗതുകത്തോടെ നോക്കുന്ന അവളെ താൻ അടുത്ത് ചെന്ന് പരിചയപ്പെട്ടു. എപ്പോഴും താൻ തിരക്കിലായിരുന്നു. ഇടയ്ക്ക് മാത്രമേ കാണാറുള്ളൂ വല്ലപ്പോഴുമേ മിണ്ടാറുള്ളൂ. വെറും സുഹൃത്തു

ക്കളായിരുന്ന ഞങ്ങൾ, വസന്തത്തിൽ പൂക്കൾ വിരിയുകയും ശിശിരത്തിൽ ഇലകൾ പൊഴിയുകയും ചെയ്തപ്പോൾ ഞങ്ങളുടെ മനസ്സിലും മാറ്റം സംഭവിച്ചു. ഒരു ചിരിയിലൂടെ ഒരു നോട്ടത്തിലൂടെ പരസ്പരം ഇഷ്ടമാണെന്ന് ഞങ്ങൾ പറയാതെ പറഞ്ഞു. വശ്യവും, നിഷ്ക്കളങ്കവുമായ അവളുടെ ചിരി കാണാൻ നല്ല രസമായിരുന്നു. സഭ്യതയുടെ അതിർവരമ്പുകൾ ലംഘിക്കാത്ത ഞങ്ങളുടെ പ്രണയം പവിത്രവും അവർണ്ണനീയവുമായിരുന്നു.

കുറച്ചു നാളുകളെ ഞങ്ങളുടെ ബന്ധത്തിന് ആയുസ്സ് ഉണ്ടായിരുന്നുള്ളൂ. ഞാനൊന്നു വിളിച്ചാൽ അവൾ തന്റെരികിലേയ്ക്ക് വരുമായിരുന്നു. പക്ഷേ താൻ വിളിച്ചില്ല. തനിക്ക് അതിന് കഴിയുമായിരുന്നില്ല. ഒരു ക്രിസ്ത്യാനി പെണ്ണായ അവളെ അംഗീകരിക്കുവാനും, ഉൾകൊള്ളുവാനും അമ്മക്കും, അച്ഛനും, കഴിയുമായിരുന്നില്ല. അവർ വേദനിക്കാതിരിക്കുവാൻ ഞാൻ വേദന സ്വയം ഏറ്റെടുക്കുകയായിരുന്നു. ഇഷ്ടങ്ങളെ കുഴിച്ചു മൂടുകയായിരുന്നു. അവസാന ദിവസം അവൾ തന്നോട് ചോദിച്ചു ഇങ്ങനെ ഒഴിവാക്കുവാനായിരുന്നെങ്കിൽ എന്തിനാണ് എന്നെ ഇഷ്ടപ്പെട്ടത്? എന്തിനാണ് വെറുതെ എന്നെ മോഹിപ്പിച്ചത്.? ഇഷ്ടത്തിന് കാരണങ്ങൾ ഇല്ല പക്ഷേ വേർപാടിന് ഒരുപാട് കാരണങ്ങൾ ഉണ്ടുതാനും. എന്ന് അവന്റെ മനസ്സ് പറഞ്ഞെങ്കിലും അവൻ പറഞ്ഞത് ഞാൻ സീരിയസ്സായിട്ടല്ല വെറുതെ ഒരു രസത്തിനു വേണ്ടി എന്നു പറഞ്ഞ് തിരിഞ്ഞു നടന്നു. അപ്പോൾ അവന്റെ ഹൃദയത്തിന് നുറുങ്ങുന്ന വേദനയായിരുന്നു. തനിക്കും, അവൾക്കും, ദൈവത്തിനും അറിയാം തനിക്ക് അവളെ ഒരുപാട് ഇഷ്ടമാണെന്ന്. തിരിഞ്ഞ് നോക്കുമ്പോൾ അവൾ ഒരു പ്രതിമ കണക്കെ നില്ക്കുകയാണ്. സോഷ്യലിസം പ്രസംഗിച്ചു നടന്ന താൻ സ്വന്തം കാര്യം വന്നപ്പോൾ ഒരു സാധാരണക്കാരനായി താഴേയ്ക്ക് ഇറങ്ങി വന്നതിൽ അയാൾക്ക് സ്വയം അവജ്ഞതോന്നി. ഇപ്പോൾ അവൾ ഭാര്യയും, അമ്മയും ഒക്കെയായി എവിടെയെങ്കിലും സുഖമായി ജീവിക്കുന്നുണ്ടാവും. പക്ഷെ അവൾക്ക് ഒരിക്കലും തന്നെ മറക്കുവാൻ കഴിയില്ലാന്ന് അയാൾക്ക് അറിയാമായിരുന്നു. അവളുടെ ഓർമ്മകൾ ഒരു കുളിർ തെന്നലായി തന്നെ രോമഞ്ചമണിയിക്കുകയാണ്. അതിന്റെ മാധുര്യം മങ്ങാതെ, മായാതെ തന്റെ ജീവിതാവസാനം വരെ തന്നോടപ്പം ഉണ്ടാവും. അയാൾ കണ്ണുകൾ ഇറുകെ പൂട്ടി പുൽതട്ടിൽ കിടന്നു.

അപ്പോഴാണ് ഉണ്ണിഏട്ടാ, എഴുത്ത് എന്നുപറഞ്ഞ് സാവിത്രി ഓപ്പോളിന്റെ മകൻ ഒരു കവറുമായി വന്നത്. തുറന്നു നോക്കിയപ്പോൾ തന്നെ അധ്യാപകനായി നിയമിച്ചു കൊണ്ടുള്ള ഉത്തരവ് ആണ്. സന്തോഷം കൊണ്ട് എന്ത് ചെയ്യണമെന്ന് അറിയില്ലായിരുന്നു. എന്റെ തേവരെ നീ എന്റെ മനസ്സു കണ്ടു എന്നു പറഞ്ഞ് അയാൾ അമ്മയുടെ അടുത്തേയ്ക്ക് ഓടി അമ്മയ്ക്കും ഓപ്പോളിനും എല്ലാം വല്യ സന്തോഷമായി. അയാൾ കാണുന്നവരോട് എല്ലാം തന്റെ ജോലിക്കാര്യം വിളിച്ച് പറഞ്ഞു. പോകേണ്ട തീയ്യതിയും നിശ്ചയിച്ചു. പുതിയ ഒരു ശാന്തിക്കാരനുവേണ്ടി അന്വേഷണം ആരംഭിച്ചു. അപ്പോഴാണ് തന്നെ അന്വേഷിച്ച് രണ്ട് പേർ വന്നത്. ഒരു പുരുഷനും ഒരു സ്ത്രീയും. സുന്ദരനായ അയാൾക്ക് ഒരു കൈ ഉണ്ടായിരുന്നില്ല. ഉണ്ണികൃഷ്ണന്റെ വീടെല്ലേ ഞങ്ങൾ കുറച്ച് ദൂരെ നിന്നു വരികയാണെന്ന് പറഞ്ഞു. താൻ അതെ എന്ന് പറഞ്ഞ് അവരെ അകത്തേയ്ക്ക് ഇരുത്തി. അയാളുടെ മുഖം വലിഞ്ഞ് മുറുകിയിരുന്നു. തെറ്റിദ്ധരിക്കരുത്, പ്രായവും രോഗികളുമായ അച്ഛനും, അമ്മയും, ഭാര്യയും, രണ്ടു പെൺക്കുഞ്ഞുങ്ങളുമുള്ളതാണ് എന്റെ കുടുംബം. ഒരു അപകടത്തിൽ എന്റെ ഒരു കൈ നഷ്ടപ്പെട്ടു. ഇപ്പോൾ വീട്ടിൽ ഒരു റ്റ്യൂഷൻ ക്ലാസ്സ് നടത്തുകയാണ്. വളരെ പ്രതീക്ഷ അർപ്പിച്ച അധ്യാപക റാങ്ക് ലിസ്റ്റ് വന്നപ്പോൾ ഞാൻ നാലാം സ്ഥാനക്കാരനായി. മൂന്നാം റാങ്ക് നിങ്ങൾക്ക് ആണ്. ആകെ മൂന്ന് ഒഴിവുകളെയുള്ളൂ. ഒരാൾ വരാതെയിരുന്നാൽ എനിക്ക് ആ ജോലി കിട്ടും. പ്രായപരിധി കഴിഞ്ഞതിനാൽ എനിക്കിനി പരീക്ഷ എഴുതുവാൻ പറ്റില്ല. ഒന്നും രണ്ടും റാങ്കുകാരെ പോയി കണ്ടിരുന്നു. അവർ സമ്മതിച്ചില്ല. നിങ്ങൾ ചെറുപ്പമല്ലേ, ഇനിയും അവസരങ്ങൾ ഉണ്ടല്ലോ. സൻമനസ്സ് ഉണ്ടാവണം. ആവശ്യക്കാരന് ഔചിത്യം ഇല്ലല്ലോ. വിട്ടിലെ തീരാത്ത പ്രാരബ്ധങ്ങളാണ് എന്നെകൊണ്ട് ഇങ്ങനെയെക്കെ പറയിപ്പിക്കുന്നത്. ക്ഷമിക്കണം. എന്നു പറഞ്ഞ് അയാൾ തല താഴ്ത്തിയിരുന്നു. ഉണ്ണി കൂടെ വന്നിരുന്ന അയാളുടെ ഭാര്യയെ നോക്കി. ആ കണ്ണുകളിൽ ജീവിതം കൈവിട്ടുപോകുന്ന ഒരു പെണ്ണിന്റെ ദീനവിലാപമായിരുന്നോ? നിസ്സഹായവസ്ഥയായിരുന്നോ? അതോ ധർമ്മസങ്കടമായിരുന്നോ? എന്നു വ്യക്തമല്ലായിരുന്നു. കുറച്ചു നേരത്തെ മൗനത്തിനു ശേഷം ഉണ്ണി

പറഞ്ഞു നിങ്ങൾ ധൈര്യത്തോടെ ആത്മ വിശ്വാസത്തോടെ മടങ്ങിക്കോളൂ ഞാൻ ആ അധ്യാപകജോലിയിൽ പ്രവേശിക്കുകയില്ല. അത് കേട്ട് അയാൾ തന്റെ ഒറ്റക്കൈകൊണ്ട് മുഖം പൊത്തി വിങ്ങിവിങ്ങിക്കരഞ്ഞു. എന്നിട്ട് പറഞ്ഞു ഞാൻ ഇങ്ങോട്ട് വരുമ്പോൾ പലരും പറഞ്ഞു നീ അത്രദൂരം പോകേണ്ട. ഒരു നമ്പൂതിരി യുവാവ് ഒരിക്കലും ഒരു കൃസ്ത്യാനിയെ സഹായിക്കുകയില്ലെന്ന് എന്റെ മുന്നിൽ നില്ക്കുന്ന നിങ്ങൾ കൃഷ്ണനാണോ, കൃസ്തുവാണോ എന്നെനിക്ക് നിശ്ചയമില്ല. എന്ന് പറഞ്ഞ് ഉണ്ണിയുടെ കാലുകൾ തൊടുവാനായി അയാൾ കുനിഞ്ഞു. ഉണ്ണി അയാളെ കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു ജാതിക്കും മതത്തിനും അപ്പുറത്ത് മനുഷ്യബന്ധങ്ങൾ എന്നൊന്നുണ്ട് അതിനാണ് മൂല്യം കൊടുക്കേണ്ടത്. വിഷമിക്കാതെയിരിക്കു. എല്ലാം ശരിയാവും.

പെട്ടെന്ന് അയാൾ തന്റെ പെട്ടിയിൽ നിന്ന് ഒരു പൊതിയെടുത്ത് ഉണ്ണിയുടെ നേരെ നീട്ടിയിട്ട് പറഞ്ഞു കുറച്ചു രൂപയാണ്. വീട് പണയപ്പെടുത്തി കിട്ടിയതാണ് സ്വീകരിക്കണം. അത് വാങ്ങിക്കാതെ ഉണ്ണി പറഞ്ഞു. തനിക്ക് പ്രശ്നങ്ങളൊന്നും തന്നെയില്ല അതുകൊണ്ട് പണത്തിന്റെ ആവശ്യകതയുമില്ല. നിങ്ങൾ ഈ പണം തിരികെ കൊണ്ടുപോകണം. അതാണ് എന്റെ സന്തോഷം എന്നു പറഞ്ഞ് അവരെ യാത്രയാക്കി. ഇതെല്ലാം അകത്ത് നിന്ന് അമ്മയും, ഒപ്പോളും കേൾക്കുന്നുണ്ടായിരുന്നു. അവർ പോയിക്കഴിഞ്ഞപ്പോൾ ഓപ്പോൾ പറഞ്ഞു എന്റെ ഉണ്ണി നീ എന്താ ഈ ചെയ്തത്.? നീ എത്ര മോഹിച്ച് കിട്ടിയ ജോലിയാണ് നിനക്ക് എന്താ ഭ്രാന്ത് ഉണ്ടോ?

സാരമില്ല ഓപ്പോളേ ഇങ്ങനെ ചിന്തിക്കുവാൻ ഈ ലോകത്ത് ചിലപ്പോൾ എനിക്കു മാത്രമേ കഴിയൂ. അപ്പോൾ വീണ്ടും ഓപ്പോൾ പറഞ്ഞു. നീ ആ പണമെങ്കിലും വാങ്ങിക്കാമായിരുന്നു. പ്രശ്നങ്ങൾക്ക് നടുവിൽ നില്ക്കുന്ന നീ പ്രശ്നങ്ങൾ ഒന്നുമില്ല എന്നു പറഞ്ഞതിന്റെ അർത്ഥം എന്താണ്. ആ പണത്തിന് എന്നേക്കാൾ ആവശ്യം അയാൾക്ക് തന്നെയാണ്. അമ്മ രോഗങ്ങളുമായി ഇണങ്ങിക്കഴിഞ്ഞിരിക്കുന്നു പിന്നെ എന്റെ പ്രശ്നങ്ങൾ എന്റെ കൂട്ടുകാരാണിപ്പോൾ. പ്രശ്നങ്ങൾ ഒന്നും ഇല്ലെങ്കിൽ ഞാൻ ഞാനാല്ലാതെ ആവും. ഇതും ഒരു സുഖമാണ്. പ്രശ്നങ്ങൾ അനുഭവിച്ച് അനുഭവിച്ച് ഞാൻ അവയെ ഇഷ്ടപ്പെടുവാൻ തുടങ്ങിയിരിക്കുന്നു. എല്ലാം എഴുതപ്പെട്ടതാണ്. ഓപ്പോളേ സമയമാകുമ്പോൾ അത് സംഭവിക്കുന്നു എന്നുമാത്രം. നടതുറക്കുവാനുള്ള സമയമായി എന്നു പറഞ്ഞ് അയാൾ ധൃതിയിൽ അമ്പലത്തിലേയ്ക്ക് നടന്നു.

■

# അഭിനന്ദനങ്ങൾ



2014-ലെ ഫിസിഷൻ ഡേയിൽ ചികിത്സാരംഗത്ത് നല്കിയ മഹത്തായ സേവനങ്ങളെ പരിഗണിച്ച് ഡോ. സുന്ദരി. ജി. മേനോനെ ലേഡി ഓഫ് ഇയർ 2014 ആയി തിരഞ്ഞെടുക്കപ്പെട്ടു. ജസ്റ്റീസ് ശ്രീ. നാരയണ കുറുപ്പ് ഡോക്ടറെ പൊന്നാട അണിയിച്ചു.


2014 ജൂലൈ മാസത്തിൽ നടന്ന ഡോക്ടേഴ്സ് ഡേ ആചരണത്തോടനുബന്ധിച്ചും ശ്രേഷ്ഠ സേവനത്തെ മുൻനിർത്തി ഏറ്റവും നല്ല ഡോക്ടർ എന്ന ബഹുമതിയും ഡോക്ടർ സുന്ദരി. ജി. മേനോൻ തന്നെയാണ് അർഹയായത്.

എറണാകുളം കരയോഗം മെഡിക്കൽ സെന്ററിൽ ചികിത്സയ്ക്കായി എത്തുന്ന രോഗികൾക്കുവേണ്ടിയും നിസ്വാർത്ഥ സേവനം നടത്തുന്ന ഡോക്ടർക്ക് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ.

# സ്വസ്തിനഃ പൂഷാ വിശ്വവേദാ



യു.എസ്.രവീന്ദ്രൻ



1859 ാം മാണ്ട് ആഗസ്റ്റ് മാസം 28 ാം തിയതിയിലെ സന്ധ്യ. ക്യൂബയിലേയും, സിസിലിയിലേയും മുകളിലുള്ള ആകാശം മഞ്ഞ കലർന്ന ചുവപ്പു നിറത്തോടു കൂടികാണപ്പെട്ടു. കണ്ടുനിന്നവർക്ക് തോന്നി അവരുടെ പട്ടണങ്ങൾക്ക് തീപിടിച്ചെന്ന്. വടക്കെ അമേരിക്കയിലേയും യൂറോപ്പിലേയും ടെലഫോൺ കമ്പികൾ ഉരുകി താഴെ വീഴുന്നു. ടെലഗ്രാഫ് ഓഫീസുകൾ കത്തിയാളുന്നു. എന്താണ് കാരണമെന്ന് ആർക്കും മനസ്സിലായില്ല.

1921 ാം മാണ്ട് മേയ് പതിമൂന്നാം തീയതി ന്യൂയോർക്ക് റെയിൽവേയിലെ സിഗ്നലുകളെല്ലാം നിലച്ചുപോയി. തീവണ്ടി ഗതാഗതം നിറുത്തി വച്ചു. സിഗ്നലുകൾ പ്രവർത്തിക്കാത്തതിന്റെ കാരണം ആർക്കും മനസ്സിലായില്ല.

1989 മാർച്ചു മാസത്തിലെ ഒരു ദിവസം കാനഡയിലെ ക്യൂബെക് എന്ന പട്ടണത്തിലെ വൈദ്യുതലൈനുകളെല്ലാം പ്രവർത്തന രഹിതമായി. പൂജ്യത്തിനു താഴെ താപനില താഴ്ന്ന ആ രാത്രിയിൽ മുറി ചൂടുപിടിപ്പിക്കാൻ വൈദ്യുതിയില്ലാതെ ജനങ്ങൾ തണുത്തു വിറച്ചു. അന്നേ ദിവസം തന്നെ യൂറോപ്പിന്റെ ASEOSII 11 എന്ന ബഹിരാകാശ പേടകം പ്രവർത്തന രഹിതമായി. ലണ്ടനിൽ രണ്ടു പവർ ട്രാൻസ്ഫോമറുകൾ പ്രവർത്തന രഹിതമായി.

2003 - ാം മാണ്ട് ഒക്ടോബർ 29-ാം തീയതി സ്വീഡനിലെ മഹേമോ എന്ന പട്ടണത്തിലെ വിദ്യുഛക്തി വിതരണം പാടെ നിലച്ചു. പന്ത്രണ്ടോളം വാർത്താവിനിമയ കാലാവസ്ഥാ നിരീക്ഷണ ഉപഗ്രഹങ്ങൾ, ചൊവ്വ ഗവേഷണത്തിനുള്ള ബഹിരാകാശ പേടകം തുടങ്ങിയവ പ്രവർത്തന രഹിതമായി. ലോകമെമ്പാടുമുള്ള എയർട്രാഫിക് കൺട്രോൾ സംവിധാനങ്ങൾ തകരാറിലായ തുകൊണ്ട് ഭൂമിയിൽ നിന്നും വിമാനത്തിലേക്കുള്ള ഉയരം അറിയുവാനുള്ള സംവിധാനങ്ങൾ പ്രവർത്തന രഹിതമായി. ഏകദേശം മുപ്പത് മണിക്കൂറുകളോളം ഈ സ്ഥിതി തുടർന്നു. തെക്കേ അമേരിക്കയിലെ വിദ്യുഛക്തി പ്രസരണ വിതരണ സംവിധാനം തകരാറിലായി. മേൽ വിവരിച്ച സംഭവങ്ങൾക്കെല്ലാം കാരണമായത് ബഹിരാകാശത്തെ അതിശക്തമായ പ്രകമ്പിത - കാന്തിക കൊടുങ്കാറ്റാണ്. സൗര കൊടങ്കാറ്റെന്ന് വിളിക്കാം. സൂര്യനിൽ നിന്നും പുറപ്പെടുന്ന അതീവ ഊഷ്മാവിലുള്ള ദ്രവ്യ വ്യൂഹത്തിന്റെ കാന്തികപ്രകമ്പന ശക്തി മണി ക്കൂറിൽ 2000 കിലോമീറ്റർ വേഗതയിൽ സൗരയൂഥത്തിലേക്ക് കോടിക്കണക്കിന് ടൺ വാതകങ്ങൾ വിസർജിക്കുന്നു. ഈ സൗര കൊടങ്കാറ്റ് എത്രത്തോളം അപകടകാരിയാണെന്ന് അത് ഭൂമിയിൽ നിന്നും 15 ലക്ഷം കിലോമീറ്റർ വരെ അടുത്തെത്തുമ്പോൾ മാത്രമേ നമുക്ക് അറിയുവാൻ സാധിക്കുകയുള്ളൂ.

ഈ സൗര കൊടുങ്കാറ്റിനെ സാങ്കേതികമായി പറയുന്ന പേരാണ് കൊറോണൽ മാസ് ഇജക്ഷൻ (CME) (മലയാളത്തിൽ സൗരോതലപിണ്ഡ വിസർജനം). ഇങ്ങിനെയുള്ള അക്രമാസക്തമായ പല സൗര കൊടുങ്കാറ്റുകളെ ഒരുമിച്ച് വിളിക്കുന്ന പേരാണ് "ബഹിരാകാശ കാലാവസ്ഥ". ഈ ബഹിരാകാശ കാലാവസ്ഥ സാധാരണ കാലാവസ്ഥയെ ബാധിക്കുകയില്ല. ഭൂമിയിലെ ജീവജാലങ്ങൾക്ക് നാശനഷ്ടങ്ങൾ ഉണ്ടാവുകയില്ല. പക്ഷേ അത് ഭൂമിയിലെ ജനങ്ങളുടെ ഇന്നത്തെ ജീവിതശൈലിക്ക് ഒരു ഭീഷണി തന്നെയാണ്. ഒരു CME യുടെ കാതലായ ഭാഗം പ്രകമ്പനം കൊള്ളുന്ന

കാന്തിക ശക്തിയാണ്. ഈ കാന്തികശക്തിക്ക് വളരെ ഉയർന്ന വോൾട്ടിലുള്ള വിദ്യുഛക്തി ഉണ്ടാക്കാനുള്ള ശക്തിയുണ്ട്. നമ്മൾ ആശ്രയിക്കുന്ന വൈദ്യുതലൈനുകളിലേക്കും, ട്രാൻസ്ഫോർമറികളിലേക്കും അതിക്രമിച്ചു കടന്ന് അവയെ കത്തിച്ച് ചാമ്പലാക്കുകയോ, ഉപയോഗശൂന്യമാക്കുകയോ ചെയ്ത്, റിപ്പയർ ചെയ്ത് ശരിയാക്കുന്നതുവരെ മാസങ്ങളോളം നമ്മെ ഇരുട്ടിലിരുത്തിയേക്കാൻ പോരുന്ന അത്ര അപകടകാരിയാണ്.

അമേരിക്കൻ ബഹിരാകാശ സഞ്ചാരിയായ നാസ 2006 ൽ ഈ "ബഹിരാകാശ കാലാവസ്ഥ" യെപറ്റി പഠനം നടത്തുവാൻ ഒരു ഉപഗ്രഹം അയച്ചിട്ടുണ്ട്. ഇതുവരെ ഇരുന്നൂറോളം ബഹിരാകാശ കൊടുങ്കാറ്റുകൾ ഉണ്ടായതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഭാഗ്യമെന്നു പറയട്ടെ ഈ CMEകൾ ഒന്നുംതന്നെ ഭൂമിയിയെ സംരക്ഷിക്കുന്ന കാന്തിക കവചം ഭേദിച്ച് ഉള്ളിലേക്ക് കടന്നിട്ടില്ല, അതുകൊണ്ട് നമ്മുടെ ഇപ്പോഴത്തെ ജീവിത സൗകര്യങ്ങളെ ഒന്നും CME കൾ അലസോരപ്പെടുത്തിയിട്ടില്ല. പക്ഷേ ഇത് സമയത്തിന്റെ കാര്യം മാത്രമാണ്. ഒരു പക്ഷേ ഇത് അടുത്തയാഴ്ച സംഭവിച്ചേക്കാം, അല്ലെങ്കിൽ ഇത് അടുത്തകൊല്ലം സംഭവിച്ചേക്കാം.

2010 ലെ ഏപ്രിൽ - ഓഗസ്റ്റ് മാസങ്ങളിൽ സാമാന്യം രണ്ട് വലിയ CME കൾ ഭൂമിയോട് അടുത്ത് വന്നിരുന്നു. അടുത്ത ദിവസങ്ങളിൽ മൂന്നുനാലെണ്ണം വീതവും, കോപ്പൻ ഹേഗൻ തുടങ്ങിയ പട്ടണങ്ങളുടെ മുകളിൽ വൈവിധ്യമാർന്ന നിറങ്ങളോടു കൂടിയ ആകാശം കാണപ്പെട്ടു. ഇളം ചുവപ്പ് - പച്ച - മങ്ങിയ വയലറ്റ് തുടങ്ങിയ നിറങ്ങളോടുകൂടി. ഏറ്റവും അടുത്തതായി വളരെ ശക്തമായ CME, 2010 നവംബർ 9-ാം തീയതി രേഖപ്പെടുത്തിയിട്ടുണ്ട്. ഭാഗ്യംകൊണ്ട് അത് ഭൂമിക്ക് എതിരെയുള്ള ദിശയിലേക്കാണ് പോയത്.

ഇതുവരെ രേഖപ്പെടുത്തിയതിൽ ഏറ്റവും അക്രമാസക്തമായ സൗരകൊടുങ്കാറ്റ് ഭൂമിയെ ഭയപ്പെടുത്തിയത് 1859 ൽ ആണ്. ഒരിടത്തും ദൈനംദിനജീവിതം നിശ്ചലമായില്ലാ നഷ്ടം കേവലം ഉരുകിയ ടെലഫോൺ കമ്പികളിലും വാർത്താവിതരണ ശൃംഖല തകരാറുകളിലും മാത്രമായി ഒതുങ്ങി. അന്ന് വിദ്യുഛക്തിയെ മാത്രം ആശ്രയിച്ചു ജീവിതം തിട്ടപ്പെടുത്തിയിരുന്നില്ലായിരുന്നു.

താരതമ്യേന ചെറിയ സൗര കൊടുങ്കാറ്റുകൾ 1921, 1989, 2003 എന്നീ വർഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പോഴൊക്കെ വിദ്യുഛക്തി, ടെലിഫോൺ, റെയിൽവേ, വ്യോമഗതാഗതം, വാർത്താവിനിമയ ഉപഗ്രഹങ്ങൾ എന്നീ സംവിധാനങ്ങളെ അത് ബാധിച്ചിട്ടുമുണ്ട്. 1859 ൽ സംഭവിച്ച പോലെയുള്ള സൗര കൊടുങ്കാറ്റ് ഇപ്പോൾ സംഭവിക്കുകയാണെങ്കിൽ വൈദ്യുതി ശൃംഖലയാലും, വാർത്താവിനിമയ ശൃംഖലയാലും ബന്ധപ്പെട്ടുകിടക്കുന്ന പല രാജ്യങ്ങിലും സ്ഥിതി ഗരുതരമായിരിക്കും.

'ബഹിരാകാശ കാലാവസ്ഥ'കൾ എപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നു.പക്ഷേ അപൂർവ്വമായി മാത്രമേ അത് ശ്രദ്ധയിൽ പെടാറുള്ളൂ. അത് ചില അവസരങ്ങളിൽ മാത്രമേ ഭൂമിയുടെ കാന്തിക കവചം ( മാഗ്നറ്റോസ്ഫിയർ) ഭേദിച്ച് അകത്തു കടക്കാറുള്ളൂ. അപ്പോഴെല്ലാം വിവിധ വർണ്ണങ്ങളുള്ള പ്രഭാവലയം ആകാശത്ത് കാണാം.

പലകാര്യങ്ങൾക്കും ഇപ്പോൾ നമ്മൾ ആശ്രയിച്ചു കൊണ്ടിരിക്കുന്ന GPS സംവിധാനത്തിന് സൗര കൊടുങ്കാറ്റുകൾ ഭീഷണിയാണ്. ആഴക്കടലിൽ പ്രവർത്തിക്കുന്ന എണ്ണക്കിണർ GPS സംവിധാനത്തിന്റെ തകരാറുമൂലം അപകടത്തിലായേക്കാം. മൊബൈൽ ഫോണുകൾ പ്രവർത്തന രഹിതമായേക്കാം. സെക്കന്റുകളുടെ വ്യത്യാസത്തിൽ ലാഭനഷ്ടങ്ങൾ ആടിക്കൊണ്ടിരിക്കുന്ന ലോക സാമ്പത്തിക മാർക്കറ്റ് GPS സംവിധാനത്തിന്റെ തകരാറുമൂലം നിശ്ചലമായേക്കാം. മാത്രവുമല്ല കോസ്മിക് റേഡിയേഷനിലെ മുനകൾ വിമാനയാത്രക്കാർക്ക് അമ്പപത് ഇരട്ടി ശക്തിയുള്ള x ray machine ൽ കൂടെ കടത്തിവിടുന്ന സമാനമായ അവസ്ഥ സൃഷ്ടിച്ചേക്കാം. 2008- ൽ ആസ്ട്രേലിയയുടെ വിമാന സർവ്വീസായ ക്വാൺടാസ്സ് എയർ ബസ് ഫൈളറ്റ് സിംഗപ്പൂരിൽ നിന്നും പെർത്തിലേക്കുള്ള വ്യോമപാതയിൽ രണ്ടുതവണ നിയന്ത്രണം വിട്ട് ഊളിയിടുകയും 39 യാത്രക്കാർ സ്റ്റീറ്റിൽ നിന്നും തെറിച്ചു വീണ് ഗുരുതരമായ പരിക്കുപറ്റുന്ന സ്ഥിതിവിശേഷവും ഉണ്ടായത് സൗരകൊടുങ്കാറ്റ് മൂലമാണെന്ന് വിശ്വസിക്കപ്പെടുന്നു. അടുത്ത കാലത്ത് ഉണ്ടായ വിമാനാപകടത്തിന്റെ കാരണം മലേഷ്യയുടെ MH 370 ഫൈളറ്റ് ഇതുവരെ എന്താണെന്ന് മനസ്സിലായിട്ടില്ല. ഇപ്പോഴത്തെ ജീവിതശൈലി വച്ചു നോക്കുമ്പോൾ ഒരു വലിയ സൗരക്കാറ്റ് ഉണ്ടാകുകയാണെങ്കിൽ അതിന്റെ അനന്തരഫലങ്ങൾ ഗുരുതരമായിരിക്കും. നമ്മൾ ആ

ദിവസങ്ങളിലേക്ക് അടുത്തുകൊണ്ടിരിക്കുക യാണ്. സൂര്യന്റെ ഉപരിതലത്തിലുള്ള വ്യതി യാനങ്ങൾ, അഗ്നി വ്യൂഹങ്ങളുടെ സ്ഥാനങ്ങൾ, അവയുടെ എണ്ണങ്ങൾ തുടങ്ങിയവ സൗരകാറ്റിന് കാരണങ്ങൾ ആണ്.

പ്രൊഫസർ മൈക് ഹാപ് ഗുഡ് യൂറോപ്യൻ ബഹിരാകാശ കാലാവസ്ഥ പ്രവർ ത്തന സംഘത്തിന്റെ മുൻതലവൻ ആയിരുന്നു. അദ്ദേഹം പറയുന്നു "രണ്ട് പ്രധാന ആവർത്തി കളാണ് സൗരക്കാറ്റിനുള്ളത്" -ആദ്യത്തേത് വളരെ വലുതും സാവധാനം വ്യാപിക്കുന്നതു മാണ്. അതിന്റെ ശക്തി 1600-ാം വർഷങ്ങളിൽ കുറവായിരുന്നു 1985-ൽ പരമോന്നതമായി. അതായത് ഏകദേശം 200 കൊല്ലം കൊണ്ട് ഒരു ആവർത്തി പൂർണമാകുന്നു. രണ്ടാമത്തേത് പതിനൊന്ന് കൊല്ലം കൊണ്ട് ഒരാവർത്തി പൂർണമാകുന്നു. നൂറു കൊല്ല ത്തിനുള്ളിൽ സംഭവിച്ചേക്കാവുന്ന ഏറ്റവും വലുതും, ചെറുതും സംഭവിച്ചു കഴിഞ്ഞു. പക്ഷേ സൂര്യന്റെ ഉപരിതലത്തിൽ പുതിയ പുതിയ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. 2014- 2015 കാലഘട്ടങ്ങളിലെ സൗരക്കാറ്റിന്റെ പരമോന്ന തിയെപ്പറ്റി ഇപ്പോൾ ഊഹിക്കാൻ പോലും കഴിയുകയില്ല". 1859 - ൽ സൗരകൊടും കാറ്റിൽ സംഭവിച്ചപോലെ വലിയ ആവർത്തിയു ടെയും, ചെറിയ ആവർത്തിയുടെയും സ്വഭാവ വിശേഷങ്ങൾ ഇനി വരാൻ പോകുന്ന വർഷ ങ്ങളിൽ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ഇക്കാര്യ ത്തിൽ കൂടുതൽ കൂടുതൽ അറിവു ലഭിക്കു മ്പോൾ ആശങ്കകൾക്ക് കാരണങ്ങളും കൂടി കൂടി വരുന്നു.

നാസയുടെ കണക്കുക്കൂട്ടൽ പ്രകാരം ഒരു "ബഹിരാകാശ കത്രീന" ഉണ്ടാകുകയാ ണെങ്കിൽ അതിനോടനുബന്ധിച്ചുണ്ടാവുന്ന നാശനഷ്ടങ്ങൾ റിപ്പയർ ചെയ്ത് പഴയ നില യിലാകുവാൻ വർഷങ്ങൾ തന്നെ എടുത്തേക്കും. 1859-ലെ പോലെ ഒരു സൗരകൊടുങ്കാറ്റുണ്ടാകുക യാണെങ്കിൽ 50% ട്രാൻസ്ഫോമറുകളും ഉരുകി പോകുമെന്നും അമേരിക്കയിൽ മൂന്നിൽ ഒരു ഭാഗമെങ്കിലും മാസങ്ങളോളം ഇരുട്ടിൽ ആയിരിക്കുമെന്നും ഒരു പവർ കമ്പിനി റിപ്പോർട്ട് ചെയ്യുന്നു. വേറൊരിടത്തും ഇതുപോലെ ഒരു പഠനം നടത്തിയിട്ടില്ല. എന്താണ് സംഭവിക്കുക എന്ന് ആർക്കും ഒരു പിടിയും ഇല്ല. സൗര കൊടുങ്കാറ്റുകളുടെ ആഘാതങ്ങളിൽ നിന്നും സംരക്ഷിക്കാൻ പുതിയ സാങ്കേതിക വിദ്യ കണ്ടുപിടിക്കുന്നതിനെപ്പറ്റി ആലോചിട്ടുമില്ല.

ശക്തിയായ ഒരു സൗരകൊടുങ്കാറ്റിന്റെ അനന്തരഫലങ്ങളെപ്പറ്റി വാസ്തവത്തിൽ ആർക്കും അറിയില്ല. മൂന്നു ലക്ഷത്തി അയ്യായിരം കിലോമീറ്റർ ഹൈവോൾട്ടേജ് ലൈനുള്ള 34 രാജ്യങ്ങളെ ബന്ധിപ്പിക്കുന്ന, 525 ദശലക്ഷം ഉപഭോക്താക്കളുള്ള യൂറോപ്പിലെ വൈദ്യുത ശൃംഖല ഒറ്റ ഗ്രിഡ് ആയി പ്രവർത്തിക്കുന്നു. ഏതെങ്കിലും ഒരു ലൈനിലെ തകരാറ് തുടർച്ച യായി മറ്റു ലൈനുകളെ ബാധിച്ച് അവസാനം മുഴുവൻ വൈദ്യുത ശൃംഖലയും പ്രവർത്തന രഹിതമാകുന്നു. ഉദാഹരണത്തിന് ജർമ്മനിയിൽ തെംസ് നദിയിലൂടെ ഒരു കപ്പൽ കടന്നു പോകുന്നതിന് നദിക്ക് കുറുകെയുള്ള ലൈൻ ഓഫ് ചെയ്തപ്പോൾ പോർട്ടുഗൽ വരെയുള്ള ഭാഗത്തെ ലൈനുകൾ തകരാറിലാവുകയും 15 ദശലക്ഷം ഉപഭോക്താക്കൾ ഇരുട്ടിലാകുകയും ചെയ്തു. ഇതിനേക്കാൾ മോശമായിരിക്കും ബഹിരാകാശ കാലാവസ്ഥ കൊണ്ടുണ്ടാകുന്ന വൈദ്യുത തകരാറുകൾ.

ഫിൻലാന്റിലെ വൈദ്യുത ശൃംഖല 1960-ൽ നവീകരിച്ചപ്പോൾ സേവനം മെച്ച പ്പെടുത്തുന്നതിന്റെ ഭാഗമായി ശക്തിയുള്ള കപ്പാസിറ്ററുകളും അതിശക്തിയുള്ള ട്രാൻസ് ഫോർമറുകളും സ്ഥാപിക്കുകയുണ്ടായി. ഈ നവീകരണം യാദൃശ്ചികമായി യൂറോപ്പിലെ ഏറ്റവും ശക്തവും വിശ്വസ്തവുമായ വൈദ്യുത ശൃംഖലയായി തീരാൻ ഫിൻലന്റിന് വഴി യൊരുക്കി. അതായത് സാമാന്യം ശക്തമായ സൗരക്കാറ്റുകൾ മൂലം ലൈനിൽ ഉണ്ടാകുന്ന വൈദ്യുത മർദ്ദത്തെ താങ്ങാൻ ഇപ്പോൾ ഫിൻലാന്റിലെ വൈദ്യുത ശൃംഖലക്ക് കഴി ഞ്ഞേക്കും. അവിടുത്തെ ഗവേഷണ മേധാവി പറയുന്നതിങ്ങനെയാണ്. "ഒരു പ്രശ്നമുണ്ടാ കാൻ കാത്തിരിക്കാതെ ലൈനുകളും ട്രാൻസ് ഫോമറുകളും ശക്തിപ്പെടുത്തി തുടങ്ങിക്കോളും".

ഉയർന്ന രീതിയിലുള്ള "ബഹിരാകാശ കാലാവസ്ഥ" അറിയിപ്പുകൾ യൂറോപ്പിലെ റഡാറിൽ കിട്ടി തുടങ്ങിയിട്ടുണ്ട്. യൂറോപ്യൻ യൂണിയൻ ഇക്കാര്യത്തിൽ ഗൗരവമായ ഗവേഷണത്തിന് തുടങ്ങിയിട്ടുണ്ട്. EURISIGIC എന്ന ഗവേഷണ സ്ഥാപനം സൗരകാറ്റുകൊണ്ട് വൈദ്യുത ശൃംഖലയിൽ ഉണ്ടായേക്കാൻ സാദ്ധ്യതയുള്ള കറന്റ് വോൾട്ടേജ് വ്യതിയാന ങ്ങളെ പറ്റി പഠിക്കാൻ തുടങ്ങിയിട്ടുണ്ട്. ഏറ്റവും മോശമായ അവസ്ഥയിൽ പോലും വൈദ്യുത ലൈനുകളും ട്രാൻസ്ഫോർമറുകളും കേടു കൂടാതെയിരിക്കാനുള്ള സംവിധാനം ആസൂ

ത്രണം ചെയ്യാനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കലാണ് പ്രധാന ലക്ഷ്യം. സ്ഥിതിഗതികളെ നിരീക്ഷിക്കാനും മുന്നറിയിപ്പ് നൽകാനും ലുണ്ട്, പ്രേഗ്, വാർസാ, ബ്രസ്സൽസ് തുടങ്ങിയ സ്ഥലങ്ങളിൽ കേന്ദ്രങ്ങൾ സ്ഥാപി ച്ചിട്ടുണ്ട്. വിവരങ്ങൾ അമേരിക്കയിലുള്ള കേന്ദ്ര ത്തിലേക്ക് റിലെ ചെയ്യാനുള്ള സംവിധാന വുമുണ്ട്. ഗവൺമെന്റുകളിൽ ബഹിരാകാശ കാലാവസ്ഥ എന്ന പ്രതിഭാസത്തെപറ്റി ബോധ വൽക്കരണം നടത്തേണ്ട ആവശ്യമുണ്ട്. ബഹിരാ കാശം ശൂന്യമാണെന്നും, നിരുപദ്രവപരമാ ണെന്നും വിശ്വസിക്കാൻ വയ്യ. അമേരിക്കൻ കോൺഗ്രസിൽ ഇതു സംബന്ധിച്ച ബിൽ പാസാക്കി കഴിഞ്ഞു. ബാക്കി രാജ്യങ്ങളും എന്തെങ്കിലും ചെയ്യേണ്ടതുണ്ട്.

സൗരക്കാറ്റുകൾ ബഹിരാകാശത്ത് ഉണ്ടാകുമ്പോൾ എന്തു സംഭവിക്കുന്നു? ബഹിരാകാശം സൂര്യനിൽ നിന്നുണ്ടാകുന്ന കാന്തികോർജ്ജത്തിന്റെ പൊട്ടിത്തെറിക്കൽ നമ്മുടെ ഗ്രഹത്തിനു നേരേ കോസ്മിക് മേഘങ്ങളെ വർഷിക്കുന്നു. അത് നൂറുദശലക്ഷം ഹൈഡ്രജൻ ബോംബുകൾ പൊട്ടുന്നതിനു തുല്യമാണ്. അതിന് ഹൈഫ്രീക്വൻസി വാർത്താ വിനിമയ ശൃഖലയെ - വിമാനങ്ങളിലും മിലിട്ടറി യിലും ഉപയോഗിക്കുന്ന സംവിധാനം - തകർക്കുന്നു. റേഡിയോ സിഗ്നൽസ് ഉപയോ ഗിച്ചു പ്രവർത്തിക്കുന്ന സംവിധാനങ്ങളെ - കപ്പലുകൾ, വാർത്തവിനിമയ ഉപഗ്രഹങ്ങൾ, റഡാറുകൾ തുടങ്ങിയതെല്ലാം പ്രവർത്തന ക്ഷമമല്ലാതാകുന്നു. വിമാന യാത്രക്കാരെ വളരെ ശക്തികൂടിയ x-ray യുടെ ദൂഷ്യഫലങ്ങൾക്ക് വിധേയരാകുന്നു. ശക്തി കൂടിയ കാന്തിക മർദ്ദങ്ങൾ വൈദ്യുത ശൃംഖലയെ ബാധിക്കുന്നു. മൊബൈൽ ഫോൺ, TV സിഗ്നൽസ്, GPS സംവിധാനങ്ങൾ എന്നിവയേയും ബാധിക്കുന്നു.

2010 സെപ്തംബർ 8-ാം തീയതി ശക്തിയേറിയ ഒരു സൗരക്കാറ്റ് ടൺ കണക്കിന് കൊറോണൽ മാസ് ബഹിരാകാശത്ത് നിക്ഷേപി ച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ ഭൂമിയെ ബാധിക്കുന്ന പ്രശ്നങ്ങൾ ഒന്നും ഉണ്ടായില്ല. അടുത്ത തവണ എങ്ങിനെയായിരി ക്കുമോ ആവോ?

പ്രകൃതി നിഷ്പക്ഷമായി പ്രകൃതിയുടെ ജോലി ചെയ്തു കൊണ്ടേയിരിക്കുന്നു. അത് മനുഷ്യന് അനുകൂലമായും പ്രതികൂലമായും ഭവിക്കാറുണ്ട്. അനുകൂലമാകുമ്പോൾ മനുഷ്യൻ പ്രകൃതിയെ മറക്കുന്നു.ഒരുതത്വദീക്ഷയുമില്ലാതെ പ്രകൃതിയെ ചൂഷണം ചെയ്യുന്നു. പ്രതികൂല മാകുമ്പോൾ പ്രകൃതിയുടെ സംഹാരതാണ്ഡവ മെന്നു പറഞ്ഞു കുറ്റപ്പെടുത്തും. സൂര്യൻ സൗരയൂഥത്തെ പോഷിപ്പിച്ചു കൊണ്ടിരിക്കുന്നു. പക്ഷേ ഒരു സെക്കന്റ് നേരത്തെ സൗര കൊടുംകാറ്റു മതി ഭൂമിയിലെ മനുഷ്യജീവിതം നരക തുല്യമാകാൻ. മുണ്ഡകോപനിഷത്തിലെ ശാന്തി മന്ത്രത്തിന്റെ ഒരു ഭാഗമാണ് ഈ ലേഖന ത്തിന്റെ തലക്കെട്ട്. വിശ്വത്തെ പോഷിപ്പിച്ചു കൊണ്ടിരിക്കുന്ന സൂര്യഭഗവാനേ അങ്ങേക്ക് സ്വസ്തി. ■


## അറിയിപ്പ്

നമ്മുടെ രാജ്യത്തിലെ റോഡുകളുടെ ദയനീയ സ്ഥിതിയും അതുമൂലം ദിനംപ്രതി വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങളും രാജ്യത്തിന് ഒരു തീരാശാപമായി തീർന്നിരിക്കുകയാണല്ലോ. ഈ മഹാദുരന്തത്തിൽ നിന്ന് മോചനം കിട്ടാൻ പലവിധ ശ്രമങ്ങളും, ചിലത് അധരവ്യായാമ ങ്ങളാണെങ്കിലും നടന്നു വരുന്നുണ്ട്. ഇത്തരുണത്തിൽ റിട്ടയർട്ട് സുപ്രീം കോടതി ജസ്റ്റീസ് കെ. എസ്. രാധാകൃഷ്ണൻ അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റി (National Safety Committee) റോഡു സുരക്ഷയെ പ്പറ്റിയും അനുബന്ധപ്രശ്നങ്ങളെപ്പറ്റിയും, പലവിധ അധികാരത്തോടെ പഠിക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനുമായി ബഹു. സുപ്രീം കോടതി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ എറണാകുളത്തെ ദുരവസ്ഥ ദൂരികരിക്കാനായി നമുക്ക് നമ്മുടേതായ അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും ആ കമ്മിറ്റി മുമ്പാകെ അവതരിപ്പിക്കുവാൻ ശ്രമിക്കുന്നത് അഭികാമ്യ മാണെന്ന് കരുതുന്നു. കരയോഗത്തിന്റെ നൂറാം വാർഷികം ആഘോഷിക്കുന്ന ഈ സമയത്ത് അത് എറണാകുളം കരയോഗ ത്തിന്റെ കർമ്മപരിപാടികളിൽ ഒന്നായി കരുതി അതിനായി ഒരു സെമിനാർ രണ്ടു മാസത്തിനുള്ളിൽ സംഘടിപ്പിക്കുവാൻ ആലോചനയുണ്ട്.

ടി സെമിനാറിൽ എറണാകുളം കരയോ ഗത്തിന് ശ്രദ്ധേയമായ നിർദ്ദേശങ്ങൾ നല്കു വാൻ കഴിയണം. അതിനായി ബഹുമാനപ്പെട്ട കരയോഗം അംഗങ്ങൾ തങ്ങളുടെ വിലപ്പെട്ട നിർദ്ദേശങ്ങൾ കരയോഗം സെക്രട്ടറിയെയോ, കരയോഗം ലീഗൽ സെൽ കൺവീനറെയോ, 2015 ഫെബ്രുവരി 15 നകം, എഴുതി അറിയി ക്കുവാൻ അപേക്ഷിക്കുന്നു.

ജനറൽ സെക്രട്ടറി

# ഭൂമിയുടെ ജീവിതശൈലി രോഗത്തിന്
## പരിസ്ഥിതി സമരം പരിഹാരമാകുമോ



**സി. രാമചന്ദ്രൻ**

പരിസ്ഥിതി, പരിസ്ഥിതി വിജ്ഞാനം, പരിസ്ഥിതി പ്രസ്ഥാനം തുടങ്ങിയ വാക്കുകളുമായോ അതിനെ സംബന്ധിച്ച വിഷയങ്ങളുമായോ ഇടപെടാതെ പരിഷ്കൃത മനുഷ്യന്റെ ഒരു ദിവസം പോലും കടന്നുപോകുന്നില്ല. പരിസ്ഥിതി പ്രസ്ഥാനത്തിന് അമ്പതുവർഷത്തെ പഴക്കമേയുള്ളൂ. കാർസന്റെ "നിശബ്ദ വസന്തം" എന്ന പുസ്തകത്തിന്റെ പ്രകാശനത്തോടെയാണ് അതിന്റെ തുടക്കം എന്നാണുവച്ചിട്ടുള്ളത്. എന്നാൽ വ്യാവസായിക വിപ്ലവത്തിന്റെ പടയോട്ടത്തിൽ തകർന്നുകൊണ്ടിരുന്ന കാർഷിക ഗ്രാമീണ സംസ്കൃതിയെക്കുറിച്ചോർത്ത് വിഷാദിക്കുന്ന ഒരു വിഭാഗം മനുഷ്യ സ്നേഹികൾ പതിനെട്ടാം നൂറ്റാണ്ടിൽ തന്നെ രൂപം കൊണ്ടിരുന്നു. തൊഴിൽ നഷ്ടപ്പെട്ടവരും ഭൂമി നഷ്ടപ്പെട്ടവരും നാടും വീടും ഉപേക്ഷിക്കാൻ വിധിക്കപ്പെട്ടവരുമായ ജനങ്ങളും അവരിൽ നിന്നും രൂപം കൊണ്ട അരാജകവാദികളും അവിടെ ഉണ്ടായി വന്നു. ഫാക്റ്ററികൾ തകർക്കുക, യന്ത്രങ്ങൾ തകർക്കുക തുടങ്ങിയ ചില പ്രകടനങ്ങളും അവർ നടത്തി പ്രതിഷേധിച്ചിരുന്നു. വേഡ്സ് വർത്ത്, ഡിക്കൻസ്, ഗാന്ധി തുടങ്ങിയ മഹാന്മാർ തിക്ത ഫലങ്ങളുളവാക്കുന്ന വ്യവസായ വൽക്കരണത്തിനെതിരെ ചിന്തിച്ചിരുന്നു എന്നാൽ ആരാലും തടഞ്ഞു നിറുത്താനാവാത്ത ശക്തിയോടെ ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടേയും സഹായത്തോടെ വ്യവസായ വൽക്കരണവും മുതലാളിത്തവും മുന്നേറുക തന്നെ ചെയ്തു. ഇന്നും അതു തുടരുന്നു.

വ്യവസായ വൽക്കരണത്തോടൊപ്പം വളർന്ന് വന്ന ഒന്നാണ് ഉപഭോഗ സംസ്കാരം ജനസംഖ്യയിലും അഭൂതപൂർവ്വമായ വളർച്ചയുണ്ടായി. ഇക്കണ്ട ജനങ്ങളെ തീറ്റിപ്പോറ്റുവാൻ പരമ്പരാഗത കൃഷി സമ്പ്രദായങ്ങൾക്കു കഴിയാതെ വന്നു. അതോടെ കൂട്ടുകൃഷിയും കീടനാശികളുടെയും ക്രിത്രിമ വളങ്ങളുടെയും പ്രയോഗവും സർവ്വ സാധാരണമായി ഇത് മണ്ണിന്റെ നൈസർഗ്ഗിക ഗുണത്തെ ഇല്ലാതാക്കി വരികയുമാണ്.

ആർഭാടപൂർവ്വവും ആഡംബര പൂർണ്ണവുമായ ജീവിതം നയിക്കുവാനാവശ്യമായ ഉല്പന്നങ്ങളുണ്ടാക്കുവാൻ ഭൂമിയിലെമ്പാടുമുള്ള അസംസ്കൃത വസ്തുക്കളുടെ ഖനനവും വെട്ടിനിരത്തലും ആവശ്യമായി വരുന്നുണ്ട്. അത് ക്രമേണ വിഭവങ്ങളില്ലാതാകാനും ഇനിയും ജനിക്കാനിരിക്കുന്ന തലമുറകൾക്ക് അനുഭവിക്കാനുള്ളത് കവർന്നെടുക്കാനും കാരണമാകും. ഇന്നു നിലവിലുള്ള ജനസംഖ്യയ്ക്ക് ആവശ്യമായ ഉപഭോഗ വസ്തുക്കളുണ്ടാകുവാൻ ഈ ഭൂമി പോര, ഇനിയുമൊരു പകുതി ഭൂമികൂടി വേണം. അല്ലെങ്കിൽ, മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഇന്നത്തെ ജനസംഖ്യ മൂന്നിൽ രണ്ടായി ചുരുങ്ങണം. മനുഷ്യന്റെ ആവശ്യങ്ങളുടെ പെരുപ്പവും ജനസംഖ്യയുടെ പെരുപ്പവും ലോകത്തെ ഒരു പ്രതിസന്ധിയിലേക്കാണ് നയിക്കുന്നത്.

ലോകനേതാക്കൾ ഇതിനെക്കുറിച്ച് ബോധവാൻമാരാണ്. ഈ ഒരു പ്രതിസന്ധിയിൽ നിന്ന് കരകയറാനുള്ള മാർഗ്ഗത്തെക്കുറിച്ച് അവ ആലോചിക്കുന്നുമുണ്ട്. 1972 മുതൽ ഓരോ പത്തുവർഷം കൂടുമ്പോഴും അവർ കൂടിയിരുന്ന് ലോകത്തിന്റെ ആരോഗ്യസ്ഥിതി വിലയിരുത്തുന്നുണ്ട്. 1972-ൽ സ്റ്റോക് ഹോമിൽ, 82-ൽ

നൈറോബിയിൽ, 92- ൽ റിയോഡിജനറോയിൽ, 2002-ൽ ജോഹന്നസ് ബർഗിൽ, 2012-ൽ ദോഹയിൽ എന്നിങ്ങനെ സമ്മേളനങ്ങൾ മുടക്കി ല്ലാതെ തുടരുന്നു. എന്നാൽ ആശിച്ച ഫല മൊന്നും അതിൽ നിന്നും ഉണ്ടാകുന്നില്ല. ലോകത്തെ പിടികൂടിയിരിക്കുന്ന ജീവിത ശൈലീരോഗങ്ങൾ അതേപടി തുടരുന്നു. കാലാവസ്ഥാവ്യതിയാനം, ആഗോളതാപനം, വന നശീകരണം, പ്രകൃതി വിഭവങ്ങളുടെ ശോഷണം, മത്സ്യസമ്പത്തിന്റെ തകർച്ച, മേൽ മണ്ണിന്റെ നാശം, ആവണ മാലിന്യം, കുന്നു കൂടുന്ന അജൈവമാലിന്യം തുടങ്ങിയ രോഗ ലക്ഷണങ്ങൾ നാൾതോറും കൂടുതൽ കൂടുതൽ പ്രകടമാകുന്നു.

ലോകത്തിന്റെ നിലനിൽപ് ഒരു ചാക്രീക വ്യവസ്ഥയിലാണ്. ഹൈഡ്രജൻ, നൈട്രജൻ, അതനുസരിച്ച് സൃഷ്ടി, സ്ഥിതി, ച്യൂതി, പുനസൃഷ്ടി എന്നിങ്ങനെ ചാക്രിക വ്യവസ്ഥയിൽ നിലകൊള്ളുന്നത്. ഈ വ്യവസ്ഥയിൽ ഇന്ന് ഉണ്ടാകുന്ന താളപ്പിഴകൾ അതിന്റെ പരമ കാഷ്ടയിലെത്തുമ്പോഴേയ്ക്കും കാര്യങ്ങൾ കൈ വിട്ടുപോകുകയും ആവാസ വ്യവസ്ഥ നശിപ്പിക്ക പ്പെടുകയും ഭൂമി വാസയോഗ്യമല്ലാതെ മാറുകയും ചെയ്യും.

അന്തരീക്ഷത്തിൽ ഉണ്ടാവേണ്ടതില ധികം കാർബൺ ഡൈ ഓക്സൈഡ് ഉണ്ടാകു ന്നത് പ്രകൃതി തന്നെ ഭൂമിക്കടിയിൽ കുഴിച്ചിട്ടിരി ക്കുന്ന ഫോക്സിൽ ഇന്ധനങ്ങൾ (കൽക്കരി, എണ്ണ) തുരന്നെടുത്തു കത്തിക്കുന്നതിനാലാണ് - അത് പ്രകൃതിക്കെതിരാണ്. വിഭവങ്ങൾ അമിതമായി ഉപയോഗിക്കപ്പെടുമ്പോൾ അത് പ്രകൃതിക്കു ദഹിപ്പിക്കാനാവുന്നതിനേക്കാൾ മാലിന്യം ഉത്പാദിക്കപ്പെടുകയും ചെയ്യുന്നു. ഭൂമിക്ക് പിടിപ്പെട്ടിരിക്കുന്ന ശൈലീരോഗങ്ങളെ അതിന്റെ പാട്ടിനു വിട്ടുകൊടുത്തു കൊണ്ടുള്ള ഒരു മനുഷ്യ ജീവിതം അസാധ്യമത്രേ!

മനുഷ്യന്റെ തലച്ചോറിൽ ബുദ്ധി വികസിച്ചു വന്ന ഏതോ ഒരു കാലഘട്ടത്തിൽ അവന്റെ യുക്തിക്കു ഭ്രംശം സംഭവിച്ചു. ശാസ്ത്ര ത്തിന്റേയും സാങ്കേതിക വിദ്യയുടേയും വളർച്ചയും അതിന്റെ പ്രയോജനപ്പെടുത്തലു കളുമെല്ലാം ബുദ്ധിപൂർവ്വകമായ ചിന്തയുടെ ഫലമാണ്. എന്നാൽ ഭാവനയും വിഭാവനകളു മെല്ലാം അവനെ യുക്തി സഹമല്ലാത്ത ചിന്ത കളിലേയ്ക്കും പ്രവർത്തികളിലേയ്ക്കും ആനയി ക്കുന്നു. ഓടുന്ന കുതിരയേയും പറക്കുന്ന പറവയേയും കാണുന്ന മനുഷ്യന് ഭാവനയിൽ പറക്കുന്ന കുതിരയെ സൃഷ്ടിക്കാം. എന്നാൽ ഭാവന കാടുകയറി, പറക്കുന്ന കുതിര യാഥാർ ത്ഥ്യമല്ല എന്ന ബോധം അവന് നഷ്ടമാകുന്നു.

ഭൂമിയുടെ ജീവിതശൈലീ രോഗങ്ങളെ ചികിത്സിക്കുവാൻ ബുദ്ധിമാത്രം പോരാ, യുക്തിയും തിരിച്ചു പിടിക്കണം. സാമ്പത്തിക വളർച്ചാനിരക്കു കുറയ്ക്കുക എന്നതാണ് ആ യുക്തി. ഉപഭോഗവും വളർച്ചാനിരക്കുമാണ് ഇന്നത്തെ പ്രതിസന്ധിക്കു കാരണമെന്ന് സാമ്പത്തിക വിദഗ്ദ്ധർ തിരിച്ചറിയണം. അടുത്ത തലമുറയുടെ ദൗത്യം വളർച്ചാ നിരക്കു കുറയ്ക്കുക എന്നതായിരിക്കാം. അപ്പോൾ പ്രതിശീർഷ വരുമാനവും കുറക്കേണ്ടിവരും. കൂലിക്കുറവിനുവേണ്ടി തൊഴിലാളികൾ സമരം ചെയ്യുന്ന ഒരു കാലം വരുമോ?

■

## സ്ത്രീ സമാജത്തിലെ ഫെബ്രുവരി മാസത്തെ പരിപാടികൾ


| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 18.2.2015 | അംഗങ്ങളുടെ ഒത്തുചേരൽ | 4.00 p.m. |

**എല്ലാ ബുധനാഴ്ചയും രാവിലെ 10.30 ന് തിരുവാതിര ക്ലാസ്സ്**
**എല്ലാ വ്യാഴാഴ്ചയും രാവിലെ 11 മണിക്ക് ഭജന**

**എല്ലാ ബുധനാഴ്ചയും ഗീതാ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്**

**ഫോൺ : 9895966343**

(തുടർച്ച)



# വൈലോപ്പള്ളി

## മലയാള കവിതയിലെ വേറിട്ട സ്വരം.

റ്റി. എൻ. റ്റി. നായർ

വൈലോപ്പിള്ളി കവിതയിൽ പലയിടത്തും ഒരു പലായന പ്രവണതയുണ്ടെന്നു മുണ്ടശ്ശേരിയെപ്പോലുള്ള വിമർശകർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

"മാനവ പ്രശ്നങ്ങൾ തൻ മർമ്മ കോവിദൻമാരേ,
ഞാനൊരുവെറും സൗന്ദര്യാത്മക കവിമാത്രം"

എന്നു "കവിയും സൗന്ദര്യബോധവും"എന്ന ഗീതകത്തിൽ അദ്ദേഹം പാടിയെന്നതു ശരി തന്നെ.

"ഉർവ്വിയെ പുഷ്പിപ്പിക്കും കലപോൽ നമുക്കത്ര നിർവൃതികരം സർഗ്ഗവ്യാപാരമുണ്ടോ മന്നിൽ"? എന്നും കവി ചോദിച്ചിട്ടുണ്ട്. പക്ഷെ, മനുഷ്യന്റെ അന്തഃസംഘർഷങ്ങളോടും അസ്വാതന്ത്ര്യങ്ങളോടും ശാസ്ത്രപുരോഗതിയോടും, വികസര സ്വപ്നങ്ങളോടും മുഖം തിരിഞ്ഞു നിന്ന വ്യക്തിയല്ല വൈലോപ്പിള്ളി. "പന്തങ്ങൾ" എന്ന കവിത നോക്കുക.

പൈതൃകസമ്പത്തുകളെ നെഞ്ചേറ്റി ഒരു നൂതനാദർശലോകം വാർത്തെടുക്കാൻ തലമുറകളെ നയിക്കുന്ന വെളിച്ചമാവട്ടെ മാറ്റത്തിന്റെ പന്തങ്ങ ളെന്നു കവി ആശംസിക്കുന്നു.

"എണ്ണീടാത്തൊരു പുരുഷായുസ്സുകൾ
വെണ്ണീറാകാം പുകയാകാം
കത്തിന വിരലാൽ ചൂണ്ടുന്നുണ്ടവ
മർത്ത്യ പുരോഗതി മാർഗ്ഗങ്ങൾ"

കുടിയൊഴിക്കലിൽ കാലഘട്ടത്തിന്റെ തേരുരുൾ ശബ്ദമാണു കവി കേൾക്കുന്നതും കേൾപ്പിക്കുന്നതും. സമ്പദ് വ്യവസ്ഥയിൽ ഒരു മഹാ പരിണാമത്തിനു വേണ്ടി നടക്കുന്ന സംഘട്ടനങ്ങളുടെ ആന്തരവൈരുദ്ധ്യങ്ങളും ആദർശതീവ്രതയും പ്രതിഫലിപ്പിക്കുന്ന ഈ കവിത ആനുകാലിക സമൂഹത്തിന്റെ അന്തഃഛിദ്രവും, മോഹഭംഗവും ആത്മാവിലാവാഹിച്ച ഒരു കവിയുടേതാണ്.

"പോവുകക്കഥ; കിനാവിന്റെ പൊൻകസവിട്ട
പാവു നെയ്താലിന്നത്തെ നഗ്നത മറയ്ക്കാമോ"!

"തൂവെള്ളാമ്പൽപ്പൂപ്പൊയ്കല്ല, ജീവിതത്തിന്റെ
കടലേ കവിതക്കു ഞങ്ങൾക്കു മഷിപ്പാത്രം"

എന്നും പാടിയ വൈലോപ്പള്ളിയെ പോലെ കർമ്മവീര്യത്തിന്റെ ഗായകൻ മനുഷ്യനൻമക്കു വേണ്ടിയുള്ള ഒരു ഉദ്യമത്തിൽ നിന്നും പലായനം ചെയ്തിട്ടില്ല. ദക്ഷിണോത്തര ധ്രുവദീപ്തികളുടെ പുങ്കാവായ പാരിനെ പരന്നോരുതറവാടായി (വാസുധൈവ കുടുംബകം) കാണുന്ന ഒരു മാനവ സമൂഹമായിരുന്നു കവി സ്വപ്നം കണ്ടിരുന്നത്. മകരക്കൊയ്ത്തിലെ അടിയന്തിരക്കവിതകൾ സൂക്ഷ്മമായി പരിശോധിച്ചാൽ ആലസ്യവും അധികാരഭ്രമണതയും ചൂഷണവും അഴിമതിയും വികലമായ വികസനനയവുമൊക്കെ മഹാകവിയുടെ ആക്ഷേപഹാസ്യത്തിനു ശരവ്യമാകുന്നതു കാണാം.

"കുറ്റംപറയുകയെന്യേ -
ചെറ്റും പണിയറിയാത്തോർ
മന്ത്രിപ്പൂ മുക്കലിരു - ന്നെന്തിപ്പുതു പരിപാടി
പഴയൊരു തൊലി പോയാലും - പാമ്പിനിയും
പാമ്പല്ലോ
ഈവീടു പൊളിച്ചാലേ - താവീടൂ പരിശുദ്ധി"

അമ്മയുടെ രോഷാകുലമായ ഗർജ്ജനമാണ് മറുപടി ഃ

"പൊട്ടിപുറത്തീവീട്ടിൽ - പോന്നുരുളുക ശീവോതി ഇല്ലം നിറ, യത്നത്താൽ - വല്ലം നിറ, നിറ നിറയോ! ( പൊട്ടിപുറത്ത്, ശീവോതി അകത്ത്) സ്വാതന്ത്ര്യത്തിന്റെ ഗോവത്സത്തിനേറ്റ നിഷ്ഠൂരമായ പീഢനത്തിന്റെ ചിത്രം.

പാൽ കൊടുക്കുക, നമ്മൾക്കിതിനു, വെളിച്ചവും
മാൽ കൊടുക്കുക പരിചര്യയാ, ലിളം പുല്ലാൽ
എന്നമ്മേ, കയറല്പമയയ്ക്കു കഴുത്തിൽ,
സ്വ ച്ഛന്ദം മേഞ്ഞിതു ജീവവായു വീണ്ടെടുക്കട്ടെ
(ശ്രീവത്സം)

അടിയന്തിരാവസ്ഥക്കാലത്തെ തോന്ന്യാസങ്ങളുടെയും അപചയത്തിന്റെയും ദൃശ്യം ചാടിക്കളിച്ചു കാണിക്കുന്ന കുരങ്ങൻ കുഞ്ചിരാമനും കഥയുടെ ചുരുളഴിക്കുന്ന കാക്കാലനും ഒന്നാന്തരം ആക്ഷേപ ഹാസ്യം കാഴ്ചവയ്ക്കുന്നു. (കുരങ്ങുരാമൻ)

"കളക തടങ്കലിൻ കഥയും വിമർശനവും കളകൾ പറിക്കാതെ കളവം തഴയ്ക്കുമോ"? എന്ന് ഭരണ പ്രതീകമായ മാവേലിത്തമ്പുരാന്റെ ചോദ്യം ഒരു വശത്ത്; "അങ്ങു താൻ രാജ്യം, രാജ്യമങ്ങു താൻ സമസ്തവും" എന്ന് ഉന്നത പ്രസാദത്തിന്നൂണ് കിട്ടുവാൻ ഉണ്മയെ അത്യുക്തിയാലൂതി വീർപ്പിക്കുന്ന സ്തുതി പാഠകവൃന്ദത്തിന്റെ ക്ഷുദ്രപ്രശംസകൾ മറുവശത്ത് പ്രാഭവം ദുഷിപ്പിപ്പൂ നരനെ, നിശ്ശേഷമാം പ്രാഭവം ദുഷിപ്പിപ്പൂ നിശ്ശേഷമെന്നുണ്ടല്ലോ എന്നു കവിയുടെ ആപ്തവാകൃഭാഷാന്തരം! (മാവേലി നാടു വാണീടും കാലം)

അങ്ങനെ പോകുന്നൂ അടിയന്തരക്കവിതകളിലെ രാഷ്ടീയ സാമൂഹ്യ വിമർശം. 'പൂവും മുള്ളും' എന്ന കവിതയിലും കുറിക്കു കൊള്ളുന്ന നിരീക്ഷണവും നിയന്ത്രിതമായ ഉപഹാസവുമുണ്ട് കവി, ആത്മധൈര്യ മില്ലാത്ത ഒരു ജനതയെ കാണിച്ചു തരുന്നു.

"വിളതിന്നീടും വേലിക്കോലിനെത്തൊഴും ഞങ്ങൾ, വിറകൊണ്ടീടും തെല്ലു കനത്ത ശബ്ദം കേൾക്കെ" പനിനീർപ്പൂവിനെ ചൂഴ്ന്ന നില്ക്കുന്ന മുള്ളിന്റെ ദൃഷ്ടാന്തത്തിലൂടെ കവി സ്ഥാപിക്കുന്നതിതാണ്.

എത്ര സൗരഭോത്കൃഷ്ടം സംസ്കാര വധുമുഖം, അത്ര ജാഗ്രത്താം വീര്യമാവശ്യമതു കാപ്പാൻ (പൂവും മുള്ളും)വൈലോപ്പിള്ളി കാൽപ്പനികസ്വപ്നങ്ങളുടെ പൂന്തോപ്പിൽ വിഹരിച്ചിരുന്ന സൗന്ദര്യാത്മ കവി മാത്രമായിരുന്നില്ലെന്നതിന് ഇത്രയും തെളിവുകൾ പോരെ? യുഗപരിവർത്തനം എന്ന കവിതയിൽ കവി, തനിക്ക് ആനന്ദവും ആശ്വാസവും പകർന്നിരുന്ന ഗ്രാമീണ ശാലീനതകളും സ്വച്ഛജീവിതവും പുതിയൊരു വികസനയുഗത്തിന്റെ ജഗനാഥരഥത്തിനു (Juggernaut) മുമ്പിൽ പകച്ചു നിൽക്കുന്നതറിയുകയും കാലത്തി നൊത്തു മാറണ്ടേ അനിവാര്യകർത്തവ്യം തന്റെ കാവ്യധർമ്മമാണെന്ന് അംഗീകരിക്കുകയും ചെയ്യുന്നു.

"ആ മഹാസംരഭത്തിൽ സംഘഗാനത്തിൽ ചേർന്നനാമനുഭവിക്കാം പണ്ടില്ലാത്തൊരഭിമാനം ഈടുവയ്പ്പുകളെല്ലാം പോകിലും പുതിയൊരു നാടു നമ്മുടേതാകാം, അസംഖ്യം തോഴൻമാരും"

അനുരാഗത്തെപ്പറ്റി, പ്രണയത്തെപ്പറ്റി, ആത്മനിഷ്ഠങ്ങളായ ഭാവഗീതങ്ങളെഴുതാൻ, ഒരുപക്ഷെ തന്റെ ബാല്യകൗമാര ങ്ങളിലെയും യൗവ്വനാരംഭത്തിലെയും കടുത്ത സംഘർഷങ്ങളും വേദനകളും അനുവദിച്ചില്ല എന്നു വൈലോപ്പിള്ളി ചൂണ്ടികാണിച്ചിട്ടുണ്ട്. എങ്കിലും പ്രണയ ഭാവങ്ങളുടെ മഴവില്ലൊളി സുനിയന്ത്രിതമായ കാവ്യ ഭാഷയിൽ പ്രകാശിപ്പിക്കാൻ അദ്ദേഹത്തിന് അനുപമമായ കഴിവുണ്ടായിരുന്നു.

തന്റെ ആദ്യസമ്മാനം മാനവായ്പാൽ തിരസ്ക്കരിച്ചവൾ പാതമണ്ണിലെ തന്റെ പാദമുദ്രകളെ പാർത്തുനിന്നവൾ പക്ഷ്മളങ്ങളാം കൺകളിലേതോ ദുഃഖഭാവ നിഴൽപെടുവോൾ തന്റെ പ്രിയയുമായുള്ള അർത്ഥവത്തായ ആദ്യസമാഗമത്തിന്റെ മധുരാവേശം തിരതല്ലുന്ന ഈരടികളിതാവിണതൻ കുടം പോലാം നിതംബം വീണുരുമ്മുന്ന വേണീകദംബം

വാരി, ഞാനെന്റെ മാറിലാലജ്ജാ -<br>
തന്റെ പ്രേമമുദ്രകൾ കൊണ്ടവളെ<br>
പൊതിയുന്നു.<br>
കൊയ്ത്തു നെല്ലിൻ പുതുമണം, ആദ്യ<br>
ച്ചെയ്ത്തു മണ്ണിൽ പരിമളപൂരം!

ഇതാണു കൂടിയൊഴിക്കലിലെ പ്രണയസംഗമത്തിന്റെ തീക്ഷണ മുഹൂർത്തം.

'ഊഞ്ഞാലിൽ' എന്ന കവിതയിൽ ജീവിതത്തിന്റെ അപരാഹ്നത്തിലെത്തി നിൽക്കുന്ന നായികാനായ കൻമാരുടെ അവിച്ഛിന്ന പ്രണയമാണു പ്രതിപാദ്യം.

മുപ്പതുകൊല്ലത്തിനു മുമ്പ് ഒരു തിരുവാതിര രാവിൽ നൂറുവെറ്റിലതിന്ന പുലരി വരുവോളം വീട്ടുമുറ്റത്തെ മാഞ്ചോട്ടിൽ ഊഞ്ഞാലാടിയ ഓർമ്മ പുതുക്കിക്കൊണ്ട്, ഈ തിരുവാതിര രാത്രിയും ഊഞ്ഞാലാടാൻ തന്റെ പ്രേയസിയെ നായകൻ ക്ഷണിക്കുന്നു. അവർ കൃതസന്തതിയാണ്; സ്ഥൂലയാണ്; മകൾ വൻ നഗരത്തിൽ നൽ കുടുംബിനിയായി ജിവിക്കുന്നു. എങ്കിലും ആവേശം തിരതള്ളുന്ന പ്രണയ ജോഡികളാവുകയാണാ ദമ്പതികൾ.

"ആതിരപ്പെണ്ണിന്നാകനമ്പിളി വിളക്കേന്തു

മായിരം കൽ മണ്ഡപമാകുമീനാട്ടിൻ പുറം
ഏറിയ ദുഃഖത്തിലും ജീവിതോല്ലാസത്തിന്റെ
വേരുറപ്പിവിടേപ്പോൽ കാണുമോ

വേറെങ്ങാനും അങ്ങനെ ഊഞ്ഞലാടുമ്പോൾ നായകൻ (കവി) ദർശിക്കുന്നത് വെൺനരകലർന്ന തന്റെ നവവൃദ്ധയായ പ്രേയസിയെ അല്ല, മാലിനി തീരത്തെ കണ്വമാമുനിയുടെ കന്യയാമാരോമലാളെയാണ്; വനജ്യോൽസ്ന പൂത്തുലഞ്ഞു നിൽക്കുന്ന ആകാശപ്പൂപ്പന്തലാണ്; നിഴലും നിലാവും പുള്ളികളണിയിക്കുന്ന മാഞ്ചുവട്ടിൽ വിശ്രമിക്കുന്ന ദീർഘാപാംഗനെയാണ്. "മർത്ത്യായുസ്സിൽ സാരമായതു ചില മുന്തിയ സന്ദർഭങ്ങൾ, അല്ല, മാത്രകൾ മാത്രം." അവയിൽ ചിലതിപ്പോഴാടുമീയുഞ്ഞാലിൽനാം എണ്ണിത്തീർത്തിരിക്കുന്നു. "നീയൊരു പാട്ടും കൂടി പാടി നിർത്തുക, പോകാം" ജീവിത സായാഹ്നത്തിലെ ആ കാൽപനിക പ്രണയ ഗീതത്തിനു കവി വിരാമമിടുന്നു. വൈലോപ്പിള്ളിയുടെ യഥാർത്ഥ മനസ്സ് ഈ കവിതയിൽ ത്രസിക്കുന്നതായിതോന്നുന്നു.

മന്ത്രതൂലികകൊണ്ടു കൗമുദി മന്ദമായുഴിഞ്ഞിടവെ, പ്രണയലീനരായ പവിഴവും മുത്തും ഒരിക്കലും ഉണരാത്ത നിദ്രയിൽ ഒറ്റ ജന്മമായി പവിഴമല്ലിപ്പൂ വായിത്തീരുന്ന കഥ പറയുന്ന ഹൃദ്യമായ ഭാവഗാനമാണ് 'മുത്തും പവിഴവും' എന്ന പ്രേമസൗരഭം വീശുന്ന കവിത. കൗമാര പ്രണയത്തിന്റെ ആർദ്ര സങ്കല്പങ്ങളിലേക്കു മനസ്സിനെ കൈ പിടിച്ചു കൊണ്ടു പോകുന്ന കവിതയാണ് മുടിനാര്. അമ്പലത്തിൽ നിന്നു കുട്ടൻ കൊണ്ടുവന്ന നൈവേദ്യത്തിൽ കണ്ട നീണ്ട മുടിയിഴ എങ്ങനെ വന്നുവെന്നതാണ്. അമ്മയുടെ അപസർപ്പകസംശയം വാരിയത്തെ മുശേട്ടപ്പെണ്ണിന്റേതാവണം ആ മുടിനാര്- അമ്മയുടെ സംശയം ശരിയായ ദിക്കിലേക്കു തന്നെ. രാത്രി അമ്പലത്തിൽ നിന്നു വരുമ്പോൾ കുറുമ്പിന്റെ കതിരായ ആർദ്രസ്നേഹത്തിന്റെ പീലിക്കണ്ണുള്ള വാരിയത്തെ പെൺകുട്ടിയുടെ വാർമുടിച്ചുമ്മാടിലാണ് ഓട്ടുരുളി ഇരുന്നത്. കുട്ടനത് അറിയാം

"പാത്രമെൻകൈയിൽതന്നുചിരിച്ചാളവൾ
എന്നാൽ യാത്രയിലുണ്ണാൻ നേരത്തെന്നെ
യൊന്നോർത്താൽ മതി".

എന്നവൾ വീട്ടുപടിക്കൽ വച്ചു പറഞ്ഞതു കുട്ടൻ ഓർത്തു.

"നീടുറ്റ പിന്നിൽ തുങ്ങും കാർപുരിക്കുഴലെന്തോ
കാടു കാണിച്ചതോർത്തു കുണുങ്ങുന്നതായ്
തോന്നി".

നിൽക്കക്കള്ളിയില്ലാതെ കുട്ടൻ രക്ഷപ്പെടാൻ എടുക്കുന്ന സൂത്രം നോക്കു. "ആസ്ഥയാ ഭഗവതിക്കായതു നിവേദിക്കെയാത്തിരുമുടിയിൽ നിന്നു തീർന്നതാവാം, പക്ഷെ" (ഉത്തരം മുട്ടിയ അമ്മ ഒന്നു മന്ദഹസിച്ചോ, ആവോ!)

പാരമ്പര്യത്തിന്റെയും പുരോഗതിയുടെയും വിഭിന്ന മുഖങ്ങൾ, പ്രേമത്തിന്റെയും അതിനു മൂടുപടമിടുന്ന വിദ്വേഷത്തിന്റെയും മുഖങ്ങൾ, പ്രതീക്ഷയുടെയും നൈരാശ്യത്തിന്റെയും ഭാവങ്ങൾ, ആർജ്ജിത ശീലങ്ങളുടെയും സഹജവാസനകളുടെയും ഏറ്റുമുട്ടൽ-അങ്ങനെ നിരവധി വിരുദ്ധ ദ്വന്ദ്വങ്ങളുടെ സമന്വയം എന്നു നിരൂപകർ വിശേഷിപ്പിക്കുന്ന ആവിഷ്കാര ശൈലി വൈലോപ്പിള്ളിക്കവിതകളെ പ്രൗഢമാക്കുന്നു. ഈ ശൈലി അദ്ദേഹത്തിന്റെ ശബ്ദത്തിനു സവിശേഷമായ വ്യക്തിത്വം നൽകുന്നു. വൈലോപ്പിള്ളിക്കവിതയ്ക്ക് ആശയപരമായും ഘടനാപരമായും രൂപഭദ്രത കൈവരുന്നത് ഈ രചനാ സമ്പ്രദായം കൊണ്ടാവണം ഇതിനെ ഉദാഹരിക്കുന്ന ചില കവിതകൾ നാം കണ്ടുകഴിഞ്ഞു. ഒന്നുരണ്ടു കവിതകൾ കൂടി ചൂണ്ടിക്കാണിച്ച്, ഈ കുറിപ്പ് അവസാനിപ്പിക്കാം.

"ചേറ്റുപുഴ" എന്ന കവിതയിൽ ബസപകടത്തിൽ നിരവധി ജീവിതങ്ങൾ പൊലിഞ്ഞതും അതിനുപുറകെ വീണ്ടും ജീവിതം മരണത്തോട് ഉദാസീനഭാവം അവലംബിക്കുന്നതുമായ അവസ്ഥ ചിത്രീകരിക്കുന്നു.

ചൊല്ലീതാരോ, കണ്ടോ മരണം
കൊള്ളയടിച്ച കയത്തിങ്കൽ,
ചൂണ്ടലുമിട്ടിളകാതെയിരിപ്പൂ
ചുമ്മാ തീരത്തൊരുപയ്യൻ

കവിതയുടെ ചിന്തയിതാണ്ഃ

"ജീർണ്ണത ചേറ്റിൽ താഴുന്നു പുഴ
പൂർണ്ണത തേടിപ്പായുന്നു"

വാക്കുകൾ ദുർവ്യഹം ചെയ്യാത്ത രചനാരീതി ആശയം ചോരുന്നില്ല. അനുഭവം തീക്ഷ്ണമാണുതാനും "സഹ്യന്റെ മകൻ" വൈലോപ്പിള്ളിയുടെ എന്നല്ല മലയാളത്തിലെ തന്നെ ഏറ്റവും ശ്രേഷ്ഠമായ കവിതകളിലൊന്നാണ്. അമ്പലക്കെട്ടിലെ ഉത്സവമേളത്തിലും വർണ്ണ

പ്പൊലിമയിലും മതിമറന്നു നിൽക്കുന്ന ഗജവീരൻ തന്റെ ആർജിതശീലങ്ങളുടെ വാരിക്കുഴിയിൽ നിന്നും സഹജവാസനകളുടെ വനാന്തര ത്തിലേക്ക് സ്വപ്നാടനം ചെയ്യുന്നു. കാട്ടിൽ ജീവിക്കേണ്ട ആനയുടെ മനസ്സു നാം കാണുന്നു. കൊമ്പു വിളികൾ കാട്ടാനകളുടെ ചിന്നം വിളികളാകുന്നു. മലനിരകൾ കൺമുമ്പിൽ ആവിർഭവിക്കുന്നു. കാട്ടാറിന്റെ തീരം തെളിയുന്നു. പിടിയാനകളുടെ മദാലസസഞ്ചാരം, അതുളവാക്കുന്ന വികാര പാരവശ്യം നാം കാണുന്നു. കാലിൽ കെട്ടു പിണഞ്ഞ കുച്ചു ചങ്ങല കാട്ടുവള്ളികളായി തോന്നിയ ആന അതു പൊട്ടിച്ചു മുന്നോട്ടായുന്നു. മാലോകർക്ക് അവൻ ഭീകരനായ മദയാനാകുന്നു. ദുർമൃത്യുവിന്റെ സേവക്കാരനായ പട്ടാളക്കാരന്റെ തോക്കിൽ നിന്നു പാഞ്ഞ വെടിയുണ്ടയേറ്റു പിടഞ്ഞ ആ പാവം, സഹ്യന്റെ മകൻ, അലർച്ചയൊടെ താഴെ വീഴുന്നു.

"ദ്യോവിനെ വിറപ്പിക്കുമാവിളി കേട്ടോ, മണി ക്കോവിൽ മയങ്ങുന്ന മാലോകരുടെ ദൈവം"!? എങ്കിലുമതുചെന്നു മാറ്റോലിക്കൊണ്ടു പുത്ര സങ്കടം സഹിക്കാത്ത സഹ്യന്റെ ഹൃദയ ത്തിൽ"-

ഇതാണു നിസർഗ്ഗകാമനകളുടെ ദുരന്ത വാക്യം.

കണ്ണീർ പാടം ഒരേ സമയം പരസ്പരം സ്നേഹിക്കയും കഠിനമായി വെറുക്കുകയും ചെയ്യാൻ വിധിക്കപ്പെട്ട ദമ്പതികളുടെ ജീവിത പരാജയത്തെ പ്രതിബിംബിപ്പിക്കുന്ന കണ്ണു നീരിന്റെ പാടം തന്നെയാണ് അനാവരണം ചെയ്യുന്നത്. ദാമ്പത്യം തുടക്കത്തിൽ ഒരു പനിനീർപ്പൂന്തോപ്പായിരുന്നു. ഇന്നത് മിക്കവാറും മുൾക്കാടായി തീർന്നിരിക്കുന്നു. പണ്ടൊക്കെ അമ്പല ദർശനവും മറ്റും ആഹ്ലാദദായകമായി രുന്നു. ഇപ്പോൾ അന്നു സഞ്ചരിച്ച നെൽ വയലു കൾ പെരുമഴപെയ്ത് വെള്ളം നിറഞ്ഞിരിക്കുന്നു. ഞണ്ടുകളിഴയുന്ന ചളിവരമ്പുകളിലൂടെ നടക്കുക ദുസ്സഹമായിരിക്കുന്നു. പതിയിരിക്കുന്ന അപകടം അവരുടെ പരസ്പര പ്രേമത്തിന്റെയും ഉത്കണ്ഠ യുടെയും ഭാവങ്ങളെ ദീപ്തമാക്കുന്നുതാനും. തോട്ടിലെ കുത്തൊഴുക്കിൽ വെള്ളത്തിന്റെ ആഴം കാലുകൊണ്ട് നിർണ്ണയിക്കാൻ ശ്രമിക്കുന്ന നായകന്റെ നില തെറ്റുമോ എന്ന ശങ്ക പ്രേയസി യുടെ മുഖത്ത് ആശങ്കയുടെയും ഭയത്തിന്റെയും നിഴൽ പരത്തുന്നു. ചളിവരമ്പിലൂടെ പ്രേയസി സാരി തെല്ലുയർത്തി വിഷമിച്ചു നടക്കുമ്പോൾ കാലിലെ നനുത്ത രോമങ്ങൾ കണ്ടു പ്രേമ പൂർണ്ണമായ സഹതാപത്തോടെയുള്ള കവിയുടെ ആത്മഗതം.

"പൂവരി നടക്കാവു വിട്ടു ഹാ, പുണ്യപ്രതേ,
നീ വരിച്ചല്ലോ ചളിക്കുഴമ്പു വരമ്പുകൾ"

ഏതാണ്ട് ഈ മട്ടിലുള്ള വികാരം തന്നെ 'വിഷുക്കണിയിൽ' തെല്ലുപരുക്കൻ ഫലിത ത്തിൽ കവി പ്രകടിപ്പിക്കുന്നുണ്ട്.

"തേനാളുംകനിയൊന്നും തിരിഞ്ഞു നോക്കീടാതെ ഞാനാകും പുളിങ്ങയെയെങ്ങനെ കാമിച്ചു നീ"

വയൽ വരമ്പിലെ ഞണ്ടുകൾഃ

ഇറുക്കീലവ നമ്മെ, സ്നേഹ വൈകൃ താൽ തമ്മിൽ പരിക്കേറ്റിന ദയനീയരെന്നോർ ത്തിട്ടാവാം"

ഭാര്യാഭർത്താക്കൻമാർ സ്നേഹിക്കെ ത്തന്നെ സമൂഹത്തിൽ ഒറ്റപ്പെടുകയും, അതേ സമയം പരസ്പരം ഏറെ നോവിക്കയും ഒറ്റപ്പെടു ത്തുകയും ചെയ്യുന്ന ദാരുണവസ്ഥ വെളിവാ ക്കുന്ന ഈരടികൾ ഇതാഃ

"നിർഭയ ലോകത്തിൽ
നാമിരുപേരൊറ്റപ്പെട്ടോർ
അത്രയുമല്ല, തമ്മിൽ തമ്മിലുമൊറ്റപ്പെട്ടോർ,
പിറക്കാതിരുന്നെങ്കിൽ പാരിൽനാം,
സ്നേഹിക്കുവാൻ വെറുക്കാൻ തമ്മിൽ
കണ്ടു മുട്ടാതെയിരുന്നെങ്കിൽ.".


ഇത്രയും പറയുമ്പോഴേക്കും കവിയുടെ തന്നെ വിഫലദാമ്പത്യത്തിന്റെ ബാക്കിപത്രം പൂർണ്ണമാകുന്നതായി നാം ദുഃഖത്തോടെ മനസ്സിലാക്കുന്നു.

എത്രയോ ഭാവദിപ്തങ്ങളും രൂപ ഭദ്ര ങ്ങളുമായ കവിതകൾ ഒന്നു സ്പർശിക്കാൻ കൂടി കഴിയാതെയാണീ കുറിപ്പ് നിർത്തേണ്ടി വരുന്നത്. പ്രൊഫഃ എസ്. ഗുപ്തൻനായർ അദ്ദേഹത്തിന്റെ ആത്മകഥ (മനസാ സ്മരാമി) യിൽ ഇങ്ങനെ കുറിച്ചു.

"മനുഷ്യ മനസ്സിന്റെ തമോഗർത്തങ്ങളിലെല്ലാം പ്രകാശം വർഷിക്കുന്ന ഒരസാധാരണ നക്ഷത്ര മായി വൈലോപ്പിള്ളി എന്നും എന്റെ മനസ്സി ലുണ്ട്."

സവിശേഷമായ കാവ്യാനുഭാവത്തിന്റെ സത്യ സന്ധമായ രേഖയാണത്.

**(അവസാനിച്ചു)**



# പ്രായത്തിന്റെ പരിമിതികൾ



പി. ജയരാമൻ

ഡോക്ടർ ഷെർവിൻ നൂലണ്ട് (Sherwin Nuland) എന്ന അമേരിക്കയിലെ യേൽ(Yale) സർവ്വകലാശാലയിലെ ശസ്ത്രക്രിയാ വിഭാഗം പ്രൊഫസ്സറുടെ "The Art of Aging: A Doctor's Prescription for well Being" എന്ന പുസ്തകത്തിൽ നിന്നുള്ള ചില ആശയങ്ങളാണ് ഇവിടെ പങ്കുവെയ്ക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പുസ്തകത്തിൽ ഗ്രന്ഥകർത്താവ്, നമ്മുടെ ശരീരത്തിലും, മനസ്സിലും, ബന്ധങ്ങളിലും, പ്രായാധിക്യം വരുത്തുന്ന ശക്തിയായ സ്വാധീനത്തെകുറിച്ച് ആരായുന്നുണ്ട്. പ്രായം കൂടുന്നതിനനുസരിച്ച് നമ്മുടെ പഞ്ചേന്ദ്രീയങ്ങളിലും, രൂപത്തിലും, ഭോഗേച്ഛയിലും മറ്റും വന്നു ചേരുന്ന മാറ്റങ്ങൾ ഒരു പക്ഷെ നമുക്ക് സ്വീകര്യമായിരിക്കില്ല. പക്ഷെ പ്രായം വർദ്ധിക്കു ന്നതുകൊണ്ട് അത്ഭുതകരമായ ചില അനുഗ്രഹങ്ങളും പ്രദാനം ചെയ്യാൻ കഴിയും. പല മുതിർന്ന പൗരൻമാരിലും സർഗ്ഗാത്മകത, ആദ്ധ്യാത്മിക തീവ്രത എന്നിവയുടെ ആവിർഭാവം കാണാൻ സാധിക്കും. പ്രായാധിക്യം ഒരു സുഖമല്ല, നേരെ മറിച്ച് ശരിയായ വിധത്തിൽ അതിനെ നേരിടുന്നവർക്ക് അനന്യസാധാരണമായ പ്രതിഫലം നൽകുക തന്നെ ചെയ്യുമെന്ന് ഗ്രന്ഥകർത്താവ് അടിവരയിട്ട് പ്രതിപാദിക്കുന്നുണ്ട്.

അമേരിക്കയിൽ കഴിഞ്ഞ അഞ്ച് ദശകങ്ങളിലായി വൈദ്യശാസ്ത്ര രംഗത്ത് പ്രവർത്തിക്കുന്ന ഗ്രന്ഥകർത്താവിന്റെ പേരെടുത്ത മറ്റൊരു പുസ്തകമാണ് "How we Die : Reflections on Life's Final Chapter" അദ്ദേഹം അമേരിക്കയിലെ കണക്റ്റികട്ട് (Conneticut) എന്ന സ്ഥലത്ത് താമസിക്കുന്നു.

പ്രായത്തെ പക്വതയോടെ നോക്കി കാണാനും, നമ്മുടെ പരിമിതികളുമായി പൊരുത്തപ്പെടാനും, അംഗീകരിക്കാനുമുള്ള ഒരു മനഃസ്ഥിതി വളരെ പ്രധാനമാണ്. മനുഷ്യരുടെ പ്രായവർദ്ധനവും, അതിന്റെ പ്രതിഫലനങ്ങളും അതൃപ്തികളും ചർച്ച ചെയ്യപ്പെടുകയാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യം. കൂടാതെ, മാറ്റങ്ങൾക്കായി നമ്മെ തയ്യാറെടുപ്പിക്കാനും അതിനു വേണ്ടി നമ്മുടെ ലക്ഷ്യങ്ങളേയും, ദിശകളേയും യാഥാർത്ഥ്യബോധത്തോടെ ചിട്ടപ്പെടുത്തുവാൻ സഹായിക്കുവാനും കൂടി ലാക്കാക്കിയാണ് ഈ പുസ്തകം രൂപകൽപ്പന ചെയ്തിട്ടുള്ളത്. പ്രായാധിക്യത്തിന്റെ ഭൗതികവും വികാരപരവുമായ യാഥാർത്ഥ്യങ്ങൾക്കു നേരെ കണ്ണടച്ചതുകൊണ്ട് ഒന്നും തന്നെ നേടാനില്ല. കാര്യങ്ങൾ തന്നെ ശരിയാകുമെന്നോ തീർച്ചയായും സംഭവിക്കു മെന്നോ കരുതാൻ കഴിയാത്ത ഒരു അവസ്ഥയായിരിക്കുമിത്. പ്രായാധിക്യത്തിന്റെ പ്രക്രിയക്ക് വിധേയരാകുന്ന വരെ ആരേയും ഭയപ്പെടുത്താൻ ഉദ്ദേശിച്ചല്ല ഇപ്രകാരം പറയുന്നത്; മറിച്ച് അവരോട് കൂടുതൽ ജാഗരൂകരായിരിക്കാനും എടുത്തു ചാട്ടം ഒഴിവാക്കാനും ഓർമ്മിപ്പിക്കുവാൻ മാത്രമാണ് നമുക്ക് ഗ്രന്ഥകർത്താവിനോടൊന്നിച്ച് പ്രായമാകുന്ന പ്രക്രിയയിൽ കൂടി ഒരു സംക്ഷിപ്തമായ യാത്ര നടത്തി നോക്കാം.

## പ്രായാധിക്യം എപ്രകാരം:

മറ്റുള്ളവരുടെ പ്രായധിക്യത്തോട് ബന്ധപ്പെട്ട പ്രശ്നങ്ങൾ നമുക്ക് ബുദ്ധിമുട്ട്

കൂടാതെ വിവരിക്കാൻ കഴിയുമെങ്കിലും, നമ്മുടെ അത്തരം പ്രശ്നങ്ങൾ ഒഴിവാക്കാനാകുമെന്ന തെറ്റായ ധാരണ നാം പലപ്പോഴും പുലർത്തി വരുന്നുണ്ട്. അമേരിക്കയിൽ 2000-ലെ ജന സംഖ്യാ ഗണനം (Census) അനുസരിച്ച് 65 വയസ്സിന് മുകളിലുള്ളവരുടെ കേവലം അഞ്ച് ശതമാനം ആളുകൾ മാത്രമാണ് പരിചരണാ ലയങ്ങളെ (Nursing Homes) ആശ്രയിക്കുന്നത്. ഈ കുറഞ്ഞ ശതമാന നിരക്ക് തന്നെ ഇടറാതെ താഴുകയും നഴ്സിങ്ങ് ഹോം നിവാസികളുടെ ശരാശരി പ്രായം കൂടി കൊണ്ടിരിക്കുകയും ചെയ്യുന്നു. സാദൃശ്യം തികച്ചും ശരിയാകണ മെന്നില്ലെങ്കിലും, മനുഷ്യ ശരീരത്തെ ഒരു യന്ത്ര ത്തോടുപമിക്കാമെങ്കിലും, പഴക്കം ചെല്ലും തോറും യന്ത്രത്തിന്റേതുപോലെ മനുഷ്യ ശരീര ഭാഗങ്ങൾക്കും ശരിയായ പരിപാലനം നൽകി യാൽ മാത്രമേ അവ വേണ്ട രിതിയിൽ പ്രവർത്തി ക്കുകയുള്ളു. അവയുടെ സജീവവും വിവേക പൂർണ്ണവുമായ ഉപയോഗം അത്യന്താപേക്ഷി തമാണ്. പുതുതായിരിക്കുമ്പോൾ വളരെ കുറഞ്ഞ ശ്രദ്ധമാത്രമേ ആവശ്യമുള്ളു. രോഗവും പ്രായാധിക്യവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കേണ്ടത് പ്രധാനമാണ്. പ്രായാധി ക്യവും അസുഖങ്ങൾക്ക് അപകട സാധ്യത കുട്ടുന്ന ഒരു ഘടകമാണ്. നമ്മുടെ യന്ത്ര സംവിധാനത്തിന്റെ (Machinery) പഴയ കാര്യശേഷി കുറച്ചൊക്കെ നഷ്ടപ്പെടുമെ ങ്കിലും, നമ്മിൽ പലരും രോഗമോ അവശതകളോ ഇല്ലാതെ കുടിയ പ്രായത്തിലെത്തിച്ചേരാറുണ്ട്. സാധാരണയായി പ്രായാധിക്യം ഒരു രോഗമ ല്ലെങ്കിലും, അതിന്റെ അവസാനത്തെ ഉദ്ദിഷ്ട സ്ഥാനം മരണത്തിലേക്ക് നയിക്കുന്ന രോഗമായി തീരുന്ന ഒരു നീണ്ട പ്രതിഭാസമായിരിക്കും. ഒരു നല്ല ജീവിത ശൈലിയുടെ ലക്ഷ്യം കാലക്രമേണ യുള്ള ഈ മാറ്റത്തിന്റെ വേഗത കുറച്ച് മരണത്തെ കഴിവതും നീട്ടാൻ ശ്രമിക്കലാണ്.

കൃത്യമായി നിർവചിക്കാൻ ബുദ്ധിമുട്ടാ ണെങ്കിലും പ്രായാധിക്യത്തെ ഇപ്രകാരം വിവരിക്കാം. "ആരോഗ്യമുള്ള ഒരു വ്യക്തി കാലക്രമേണ ദുർബലനാകുകയും, അദ്ദേഹ ത്തിന്റെ ശാരീരിക കഴിവുകൾ ഇടവിടാതെ ചുരുങ്ങുകയും ചെയ്യുന്ന ഒരു പ്രക്രിയയായി പ്രായം ചെല്ലലിനെ കാണാം. ഈ കാരണ ങ്ങളാൽ ആ വ്യക്തി രോഗത്തിനും, അവസാനം മരണത്തിനും, പാത്രമാകുന്നു". എന്നിരുന്നാലും നിരവധി ജനങ്ങളെ നിരിക്ഷിച്ചതിൽ നിന്നും ലഭിച്ച ശക്തമായ തെളിവുകളുടെ അടിസ്ഥാന ത്തിൽ പ്രായത്തിന്റെ ഗതി കുറച്ചൊക്കെ നമ്മുടെ നിയന്ത്രണത്തിന് വിധേയമായിരിക്കുമെന്ന് കരുതുന്നു. നാല് പ്രധാന ഘടകങ്ങളുടെ-ഉൽപ്പത്തി സംബന്ധമായ പ്രായം ചെല്ലൽ, രോഗം, പാരിസ്ഥിക സ്വാധീനം, ജനങ്ങളെ ക്കുറിച്ച് സമൂഹത്തിന്റെ കുറയുന്ന പ്രതീക്ഷകൾ പരസ്പരാശ്രയം (interdependence) ശരീര ത്തിനും മനസ്സിനും പകരുന്ന അലസ്യം തികച്ചും സങ്കീർണ്ണവും രണ്ട് വ്യക്തികളിൽ വ്യത്യസ്ഥ മായി പ്രതിഫലിക്കുന്നതുമാണ്. ഉയർന്ന പ്രവർത്തനതലവും, നീണ്ട ജീവിത ദൈർഘ്യവും സ്പഷ്ടമായി ബന്ധപ്പെട്ടിരി ക്കുന്നുവെന്ന്, പ്രായത്തിന്റെ മാറ്റമില്ലായ്മയെ ഖണ്ഡിച്ചു കൊണ്ട് പല പഠനങ്ങളും നിസ്സംശയം തെളിയിച്ചിട്ടുണ്ട്.

വ്യക്തികൾ തമ്മിലുള്ള പ്രകടമായ വ്യത്യാസം അവരുടെ പ്രായം ചെല്ലലിനെ കുറിച്ചുള്ള ഗവേഷണങ്ങളുടെ ശ്രദ്ധേയമായ കണ്ടെത്തലുകളിൽ പെടുന്നു. ഈ വത്യാസം കുറെയൊക്കെ പൂർവ്വാർജിത പാടവം മൂല മാണെങ്കിലും, കുറച്ചെങ്കിലും ഒരു വ്യക്തി തന്റെ ജീവിതം എപ്രകാരമാണ് ജീവിക്കുന്ന തെന്നും ആരോഗ്യകരമായ ഒരു ജിവിത ശൈലി പിൻതുടരുന്നതും ആശ്രയിച്ചിരിക്കും. പ്രായ ത്തോടുള്ള പ്രതികരണത്തിന് വ്യക്തികൾ തമ്മിലുള്ള വലിയ വ്യത്യാസത്തിന് ഉദാഹരണ മായി രോഗപ്രതിരോധശക്തിയെ കാണാം. ഭൂരിഭാഗം മുതിർന്ന പൗരൻമാർക്കും ചെറുപ്പ ക്കാരെ അപേക്ഷിച്ച് രോഗപ്രതിരോധശക്തി ഏതാണ്ട് 30 മുതൽ 50 ശതമാനം വരെ കുറവാണെങ്കിലും, ചില വയോധികരുടെ രോഗ പ്രതിരോധശക്തി ചെറുപ്പക്കാരെപോലും വെല്ലുന്നതായിരിക്കും.

തലച്ചോറിന് പ്രായം ബാധിച്ചേക്കാം; പക്ഷെ മനസ്സ് വളർന്നു കൊണ്ടേയിരിക്കുന്നു. ശരിയായി ഉപയോഗിച്ചാൽ പ്രായമാകുന്ന തലച്ചോറ് കൂടുതൽ ഉപയോഗപ്രദവും, വിവേക വുമുള്ളതുമാക്കി മാറ്റാൻ സാധിക്കും. പ്രായമുള്ള വരുടെ തലച്ചോറിലുള്ള കോശങ്ങളിൽ ചെറിയ കുറവ് മാത്രമേ വരുന്നുള്ളു. വിവരങ്ങൾ മനസ്സിലാക്കാനും, അനുഭവങ്ങളിൽ നിന്ന് പഠിക്കാനുമുള്ള കഴിവ് കാര്യമായി മാറുന്നില്ല.

(തുടരും....)

# VITAMINS



ഡോ. പാർവ്വതി കെ. എസ്.

ശരീരത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഊർജ്ജം ആവശ്യമുണ്ട്. ഊർജ്ജം അളക്കുന്നത് കാലറി എന്ന യൂണിറ്റ് ഉപയോഗിച്ചാണ്. ഒരാൾക്ക് ആവശ്യമുള്ള ഊർജ്ജം നിർണ്ണയിക്കുന്നത് അയാളുടെ ജീവിത രീതിയാണ്. ശരീരത്തിന്റെ ആന്തരിക പ്രവർത്തനങ്ങളായ ദഹനം, ശ്വസനം, രക്തചംക്രമണം മുതലായവയ്ക്ക് ഉപയോഗിക്കപ്പെടുന്ന ഊർജ്ജവും പലരിലും വ്യത്യസ്തമായിരിക്കും. ഇതിനെ ബേസൽ മെറ്റബോളിക് റേറ്റ് (Basal Metabolic Rate) എന്നു പറയുന്നു.


അന്നജങ്ങളാണ് നമ്മുടെ പ്രവൃത്തികൾക്കാവശ്യമായ പ്രധാന ഊർജ്ജ സ്രോതസ്സ്. അതിനാൽ ഭക്ഷണത്തിന്റെ വലിയൊരു ശതമാനം ഇതുണ്ടായിരിക്കണം. എന്നാൽ ആവശ്യത്തിലധികം കാർബോഹൈഡ്രേറ്റുകൾ കഴിച്ചാൽ അമിതമായ ഭാഗം ശരീരത്ത് കൊഴുപ്പായി ശേഖരിക്കപ്പെടും. പ്രോട്ടീൻ കോശങ്ങളുടെ നിലനിൽപ്പിനും വളർച്ചയ്ക്കും അത്യാവശ്യമാണ്. മൊത്തം ആവശ്യമുള്ള ഊർജ്ജത്തിന്റെ ആറിലൊന്ന് പ്രോട്ടീനിൽ നിന്നും കിട്ടുന്ന രീതിയിൽ ഭക്ഷണം ക്രമീകരിക്കണം. കൊഴുപ്പും ഊർജ്ജസ്രോതസ്സാണ് എന്നാൽ അമിതമായാൽ അമിതവണ്ണം, ഹൃദ്രോഗം എന്നിവയ്ക്ക് കാരണമാകും.

| ജീവകം | സ്രോതസ്സ് | ധർമ്മം | ദൈനംദിന ആവശ്യങ്ങൾ |
|---|---|---|---|
| A | പാൽ,കരൾ,മുട്ട, മത്സ്യം,കാരറ്റ്, ഇലക്കറികൾ, പപ്പായ, മാങ്ങ ക്കറികൾ, പപ്പായ, മാങ്ങ | കണ്ണ്, ത്വക്ക്, മുടി, അസ്ഥി എന്നിവ യുടെ ആരോഗ്യത്തിന് ആവശ്യം | Adult :750 micro gram Children : 400-600 micro gram Pregnancy 1000 microgram |
| B1 | മാംസം, ധാന്യങ്ങൾ പയർ | നാഡികളുടെ പ്രവർത്തനം | Adult : 1-1.5 mg |
| B2 | മുട്ട, ഇറച്ചി, പാൽ, പാലുത്പന്ന ങ്ങൾ, കരൾ, ഇലക്കറികൾ, ധാന്യങ്ങൾ | നാഡികളുടെയും പേശികളിടെയും ആരോഗ്യം | Adult - 1.5 mg Pregnancy lactation 1.7 - 2mg |
| B3 | മത്സ്യം, ധാന്യങ്ങൾ, പയർ, കപ്പലണ്ടി | ത്വക്കിന്റെ ആരോഗ്യം | 15 - 19 mg |
| B6 | ഇറച്ചി, മീൻ, പഴങ്ങൾ, കരൾ, ധാന്യങ്ങൾ, Peanut | രക്തം ഉത്പാദിപ്പിക്കുന്നതിനും നാഡികളുടെ ബലത്തിനും | Adult-2mg Pregnancy 2.5 mg |
| B12 | പാല്, മീൻ, ഇറച്ചി, മുട്ട, പച്ച ക്കറിയിലകൾ | രക്തം ഉത്പാദിപ്പിക്കുന്നതിനും നാഡികളുടെ ബലത്തിനും | Adult-2mg Pregnancy |
| C | പുളിയുള്ള പഴവർഗ്ഗങ്ങൾ (നെല്ലിക്ക, ഓറഞ്ച്,നാരങ്ങ), പേരയ്ക്ക, ഇലക്കറികൾ | കോശങ്ങളുടെ നിർമ്മാണം, പ്രതിരോധശക്തി | 75 mg/day |

| | | | |
|---|---|---|---|
| D | മീനെണ്ണയിലുണ്ട് സൂര്യതാപത്തിന്റെ സാന്നിധ്യത്തിൽ ത്വക്കിലുത്പാദിപ്പിക്കപ്പെടുന്നു. | കാത്സ്യം ആഗീകരണത്തെ സഹായിക്കുന്നു. പല്ലുകളുടെയും എല്ലുകളുടെയും ബലത്തിനും | Adult-5 micro gram, children 10 micro gram, Pregnancy 1200 micro gram lactation 1200 micro gram |
| E | പച്ചക്കറി, മുട്ട, പഴം, സസ്യ എണ്ണ | കുടലിലെ ബാക്ടീരിയ ഉത്പാദിപ്പിക്കുന്നു. കോശങ്ങളെ നാശത്തിൽ നിന്നും രക്ഷിക്കുന്നു. | |
| K | കരൾ, ഇലക്കറികൾ | രക്തം കട്ടപിടിക്കുന്നതിനും, അസ്ഥി വളർച്ചയ്ക്കും. | |
| Folic Acid | കരൾ, ഇറച്ചി, കശുവണ്ടി, ഇലക്കറികൾ, yeast | കോശ വളർച്ചയ്ക്കും ഗർഭസ്ഥ ശിശുവിന്റെ വളർച്ചയ്ക്കു | |

| **ധാതുക്കൾ (Minerals)** | | | |
|---|---|---|---|
| കാൽസ്യം (Calcium) | മീൻ, മുട്ട, പയർ, പാലുല്പന്നങ്ങൾ | അസ്ഥികളുടെയും പല്ലുകളുടെയും ആരോഗ്യത്തിന് | 500 mg/day |
| ക്രോമിയം (Chromium) | മത്സ്യം, ഇറച്ചി | ഇൻസുലിന്റെ പ്രവർത്തനത്തിന് | 50-75 mg |
| ഇരുമ്പ് (Iron) | മുട്ട, ഇറച്ചി, പാലുത്പന്നങ്ങൾ | രക്തകോശങ്ങളുടെ നിർമാണത്തിനും പേശികളുടെ ബലത്തിനും | 20 mg |
| മഗ്നീഷ്യം (Magnesium) | കടൽമത്സ്യം, ഉണങ്ങിയ പഴങ്ങൾ | അസ്ഥി, പല്ല്, ഡി.എൻ.എ നിർമ്മാണം | 400mg/day |
| സെലിനിയം (Selenium) | മീൻ, ഇറച്ചി, പാലുല്പന്നങ്ങൾ | ഹൃദയത്തിന്റെയും കരളിന്റേയും പ്രവർത്തനം | 50-100 microgram |
| സിങ്കം (Zincum) | കക്കയിറച്ചി, ഞണ്ട്, മുട്ട | വളർച്ചയ്ക്കും മുറിവുണങ്ങുന്നതിനും ബീജങ്ങളുടെ വളർച്ചയ്ക്കും | 15mg/day |
| അയഡിൻ (Iodine) | മത്സ്യം, ഇറച്ചി | തൈറോയ്ഡ് ഗ്രന്ഥിയുടെ പ്രവർത്തനം | 150-200 microgram/day |





(വ്യക്തി വിശേഷം)

# കെ. പി. കേശവമേനോൻ
## (1886-1978)

പാലക്കാട്ട് നെടുവിലേടത്തിൽ ഭീമൻ അച്ഛന്റേയും മീനാക്ഷി നേത്യാരുടെയും മകനായി 1886 സെപ്തംബർ 1 ന് ജനിച്ചു. മദ്രാസിലെ പ്രസിഡൻസി കോളേജ്, ക്രിസ്ത്യൻ കോളേജ് വിദ്യഭ്യാസത്തിനുശേഷം 1915-ൽ ഇംഗ്ലണ്ടിൽ നിന്നും ബാരിസ്റ്റർ പരീക്ഷയും പാസ്സായി. നാട്ടിൽ മടങ്ങി എത്തിയ അദ്ദേഹം കോഴിക്കോട്ടാണ് പ്രാക്ടീസ് ആരംഭിച്ചത്. വൈദേശിക ഭരണത്തിൻ കീഴീൽ അടിച്ചമർത്തപ്പെട്ട ഒരു ജനതയുടെ വിങ്ങിപ്പൊട്ടലുകളും തേങ്ങലുകളും കേട്ട ആ മനസ്സ് വല്ലാതെ വേദനിച്ചു. സ്വാതന്ത്ര്യസമരത്തിലും, പ്രത്യേകിച്ച് ഗാന്ധിജിയുടെ അഹിംസാത്മക സമരരീതിയിലും ആകൃഷ്ടനായി ദേശീയ പ്രസ്ഥാനത്തിലിറങ്ങിയ അദ്ദേഹം കേരളത്തിലെ നവോത്ഥാന പ്രസ്ഥാനത്തിന് നല്കിയ സംഭാവന എന്നും സ്മരിക്കപ്പെടുന്നതാണ്. ഭാരതത്തിൽ പൊതുവെയും കേരളത്തിൽ പ്രത്യേകിച്ചും മതപരമായും, ജാതിയമായുമുള്ള വിവേചനങ്ങളും, അതിൽ നിന്നുളവായ സ്പർദ്ധയും കൊടുമ്പിരിക്കൊണ്ട കാലമായിരുന്നു അത്. അതുകൊണ്ട് തന്നെ ജാതി വിവേചനത്തിനെതിരെ നടന്ന സമരങ്ങളിലെല്ലാം അദ്ദേഹം മുൻപന്തിയിൽ തന്നെ ഉണ്ടായിരുന്നു. ചരിത്ര പ്രസിദ്ധമായ വൈക്കം സത്യാഗ്രഹത്തിന്റെ മുൻനിര പ്രവർത്തകനായിരുന്നു ശ്രീ. മേനോൻ. അന്ന് ബാരിസ്റ്റർ ബിരുദം നേടി എത്തിയ അദ്ദേഹത്തിന് വേണമെങ്കിൽ ഉന്നതമായ സ്ഥാനമാനങ്ങൾ നിഷ്പ്രയാസം ലഭിക്കുമായിരുന്നു. എന്നാൽ ദീനാനുകമ്പയും സേവനമനസ്ഥിതിയും നിറഞ്ഞ അദ്ദേഹത്തിന്റെ മനസ്സ് ആ വഴിക്കല്ല ചിന്തിച്ചത്. നാടിനും നാട്ടാർക്കും വേണ്ടി പടപൊരുതുവാനുള്ള തീരുമാനമാണ് അദ്ദേഹം എടുത്തത്. അങ്ങനെയാണ് ഗാന്ധിജിയുടെ പ്രധാന ശിഷ്യൻമാരിൽ ഒരാളായി അദ്ദേഹം മാറിയത്. മലബാറിൽ സ്വാതന്ത്ര്യ സമരത്തിന്റെ തീജ്വാലകൾ അളിക്കത്തിച്ചതിൽ മുഖ്യ പങ്കു വഹിച്ചത് ശ്രീ. മേനോൻ തന്നെ ആയിരുന്നു.

സാമൂഹ്യസേവനത്തിലും, സ്വാതന്ത്ര്യ സമരത്തിലും മാത്രം ഒതുങ്ങി നില്ക്കുന്ന തായിരുന്നില്ല അദ്ദേഹത്തിന്റെ പ്രവർത്തനമണ്ഡലം. മാതൃഭൂമി പത്രത്തിന്റെ സ്ഥാപകനും, ഏറെക്കാലം അതിന്റെ ചീഫ് എഡിറ്ററുമായിരുന്നു അദ്ദേഹം. സ്വാതന്ത്ര്യാനന്തരം സിലോണിലെ ഇന്ത്യൻ ഹൈക്കമ്മീഷണറായി നിയമിതനായ അദ്ദേഹം നെഹ്റുവിന്റെ നയങ്ങളോടും, കാഴ്ച്ചപ്പാടുകളോടും, പ്രവർത്തന ശൈലിയോടുമുള്ള വിയോജിപ്പുമൂലം ആസ്ഥാനം രാജിവെച്ചു. ആദർശാധിഷ്ഠത രാഷ്ട്രീയത്തിൽ അടിയുറച്ച് വിശ്വസിച്ച ആ മഹാൻ അപ്പോഴും സ്ഥാനമാനങ്ങൾക്കല്ല പ്രാധാന്യം കല്പിച്ചത്.

സാഹിത്യരംഗത്തും തന്റേതായ വ്യക്തി മുദ്ര പതിപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. ഇടുറ്റ അനേകം ഗ്രന്ഥങ്ങളുടെ കർത്താവുമാണ് അദ്ദേഹം.

ആദർശാശിഷ്ഠിത രാഷ്ട്രീയ പ്രവർത്തകൻ, സത്യസന്ധനായ പത്രപ്രവർത്തകൻ, ആത്മാർത്ഥതയുള്ള സാമൂഹ്യപ്രവർത്തകൻ, കഴിവുറ്റ ഭരണാധികാരി, എന്നും സ്മരിക്കപ്പെടുന്ന സാഹിത്യകാരൻ, ഗ്രന്ഥകർത്താവ്, അങ്ങനെ എന്തെല്ലാം വിശേഷണങ്ങക്ക് അർഹനാണ് ആ മഹാൻ.

1978-ാമാണ്ട് നവംബർ മാസം 9-ാം തീയതി മലയാളികൾക്ക് ഒരിക്കലും മറക്കാനാകാത്ത ആ മഹാന്റെ ശരീരം കാലയവനികക്കുള്ളിൽ മറഞ്ഞുവെങ്കിലും അദ്ദേഹത്തിന്റെ സ്മരണകൾ ഇന്നും നമ്മോടൊപ്പം ജീവസ്സുറ്റതായി നിലനില്ക്കുന്നു. ■

# ശബ്ദ മലിനീകരണം
## അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ



ഡോ. കല്ല്യാണി മേനോൻ

മാന്യരെ,

ശബ്ദമലിനീകരണത്തെപ്പറ്റി നാം കേട്ടിട്ടുണ്ടാവുമെങ്കിലും അതിന്റെ ഭീകരതയെപ്പറ്റി കൂടുതൽ അറിയേണ്ടതുണ്ട്. കണ്ണുകൾക്ക് പോളകൾ ഉള്ളതുകൊണ്ട് നമുക്ക് കണ്ണടച്ച് നയനങ്ങളെ സംരക്ഷിക്കാൻ സാധിക്കുന്നു. എന്നാൽ, ഉച്ചത്തിലുള്ള ശബ്ദം തടസ്സമില്ലാതെ നമ്മുടെ കാതുകളിൽ കയറുന്നു - കാരണം, നമ്മുടെ കാതുകൾക്ക് പോളകളോ അടപ്പുകളോ ഇല്ല.

**എന്താണ് ഉച്ചത്തിലുള്ള ശബ്ദം കേട്ടാൽ കുഴപ്പം?**

1. ചികിത്സിച്ച് മാറ്റാൻ സാധിക്കാത്ത കേൾവിക്കുറവും, പിൽക്കാലത്ത് ബധിരതയും.
2. ആന്തരിക കർണ്ണത്തിലെ സൂക്ഷമമായ ഹെയർ സെൽസ് നശിച്ച് പോകുന്നു. ഇവയുടെ സംഖ്യ പരിമിതമാണ്.
3. രക്തസമ്മർദ്ദം (ബിപി) വർദ്ധിക്കുന്നു.
4. കുട്ടികൾക്ക് പഠിക്കാനുള്ള കഴിവ് കുറയുന്നു.
5. ശരീരത്തിലെ രക്തക്കുഴലുകൾക്ക് കേട് പറ്റുന്നു.

നമ്മുടേത്, ആളുകൾ തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശം ആണ്. നാമുണ്ടാകുന്ന ഓരോ ശബ്ദവും അനവധി പേർക്ക് ശല്യവും ആരോഗ്യ പ്രശ്നവു ഉണ്ടാക്കും എന്ന് ഓർക്കുക.

നമുക്ക് എന്തുചെയ്യാം?

1. **ഹോൺ ഒഴിവാക്കുക** - പ്രത്യേകിച്ചും നമ്മുടെ കോളനിയിൽ, ഇടവഴിയിൽ വളവുള്ള ഭാഗത്ത് രണ്ടോ മൂന്നോ സെക്കന്റ് കാത്തു നിന്ന് അപ്പുറവും ഇപ്പുറവും നോക്കിയാൽ, ഹോൺ അടിക്കാതെ തന്നെ വാഹനം സുരക്ഷിതമായി, സാവകാശം മുന്നോട്ടെടുക്കാവുന്നതാണ്. വഴിയിൽ കണ്ണാടി സ്ഥാപിക്കാവുന്നതാണ്.
2. **ഉച്ചത്തിലുള്ള സംഗീതം ഒഴിവാക്കുക** - പ്രത്യേകിച്ചും രാത്രി 9 മണിക്ക് ശേഷം..
3. ലൗഡ് സ്പീക്കർ വേണ്ടി വരുന്ന ഘട്ടങ്ങളിൽ, വളരെ മിതമായ ശബ്ദത്തിൽ മാത്രം പ്രവർത്തിപ്പിക്കുക - അത്യാവശ്യത്തിന് മാത്രം.
4. കാതിൽ തിരുകി വയ്ക്കുന്ന ഇയർഫോൺ ഉപയോഗിക്കുമ്പോൾ ശബ്ദം (Volume) തീരെ കുറച്ച് വയ്ക്കാൻ നിർദ്ദേശിക്കുക.
5. ശബ്ദമുണ്ടാക്കുന്ന യന്ത്രോപകരണങ്ങൾ പകൽ സമയത്ത് മാത്രവും വേണ്ട മുൻകരുതലുകളോടും ഉപയോഗിക്കുക.
6. വളർത്തുമൃഗങ്ങൾ അമിതമായ ശബ്ദത്തിൽ നിരന്തരം കുരയ്ക്കുകയും മറ്റും ചെയ്യാതിരിക്കാൻ വേണ്ട രീതിയിലുള്ള പരിചരണം അവയ്ക്ക് കൊടുക്കുക.

ഓർക്കുക! വികസിത രാജ്യങ്ങളിൽ ശബ്ദമലിനീകരണം ഇല്ല! അതിന് കാരണം അവരുടെ മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയല്ല, മറിച്ച് അവിടത്തെ പൗരൻമാരുടെ ഉത്തരവാദിത്വബോധവും, സഹജീവികളോട് അവർക്കുള്ള പരിഗണനയും ആണ്. ആ സംസ്ക്കാരം നമുക്കും പകർത്തിക്കൂടെ?

ഇന്ത്യൻ മെഡിക്കൽ അസോസിയേഷനും ഇ എൻ ടി സർജൻസ് അസോസിയേഷനും സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന സുരക്ഷിത ശബ്ദത്തിനായുള്ള ദേശീയ കൂട്ടായ്മയിൽ (National Initiative for Safe Sound പങ്കാളിയാകൂ !

ഈ സന്ദേശം മറ്റുള്ളവർക്കും പകർന്നു കൊടുക്കൂ. മികച്ച ഒരു സംസ്ക്കാരം ഇവിടെ പിറക്കട്ടെ!

# എറണാകുളം കരയോഗം – 28–ാമത് ശ്രീമദ് ഭാഗവത സപ്താഹ യജ്ഞം

ടി.ഡി.എം. ഹാളിൽ – 2015 ഫെബ്രുവരി 22 ഞായർ മുതൽ മാർച്ച് 1 ഞായർ വരെ

## 22–02–2015 ● ഞായർ

രാവിലെ 8.00ന് : **സർവ്വൈശ്വര്യ പൂജ**

വൈകുന്നേരം 3.30ന് :

**ശ്രീമദ് ഭാഗവത മാഹാത്മ്യം**



## 23–02–2015 ● തിങ്കൾ

രാവിലെ 6.30 മുതൽ:

**ഭാഗവത ഉൽപ്പത്തി, ശ്രീശുകആഗമനം, ശ്രീശുകപരീക്ഷിത്ത് സംവാദം, വ്യാസനാരദസംവാദം, കുന്തിസ്തുതി, ഭീഷ്മസ്തുതി, വിപ്രശാപം, വരാഹാവതാരം**



## 24–02–2015 ● ചൊവ്വ

രാവിലെ 6.30 മുതൽ:

**കപിലാവതാരം, കപിലോപദേശം, ദക്ഷയാഗം, ധ്രുവചരിതം, പുരഞ്ജനോപാഖ്യാനം, ഋഷഭാവതാരം, ഭരതചരിതം, ഭദ്രകാളി അവതാരം**



## 25–02–2015 ● ബുധൻ

രാവിലെ 6.30 മുതൽ:

**ഭരതരഹുഗണസംവാദം, ജഡഭരതകഥ, ഭൂഗോളവർണ്ണന, നരകവർണ്ണന, അജാമിളമോക്ഷം, പ്രഹ്ളാദചരിതം, നരസിംഹാവതാരം**



## 26–02–2015 ● വ്യാഴം

രാവിലെ 6.30 മുതൽ:

**വർണ്ണാശ്രമധർമ്മം, ഗജേന്ദ്രമോക്ഷം, പാലാഴിമഥനം, കൂർമ്മാവതാരം, വാമനാവതാരം, മത്സ്യാവതാരം, പരശുരാമാവതാരം, ശ്രീരാമാവതാരം, ബലരാമാവതാരം, ശ്രീകൃഷ്ണാവതാരം**



## 27–02–2015 ● വെള്ളി

രാവിലെ 6.30 മുതൽ:


**ബാലലീലകൾ, ബ്രഹ്മസ്തുതി, കാളിയമർദ്ദനം, കംസവധം, രാസലീല, രുക്മിണി സ്വയംവരം**



## 28–02–2015 ● ശനി

രാവിലെ 6.30 മുതൽ:

**നരകാസുരവധം, സ്യമന്തകോപാഖ്യാനം, രാജസൂയം, കുചേലവൃത്തം, സന്താനഗോപാലം, ഭാഗവതധർമ്മകഥനം, ഉദ്ധവോപദേശം**



## 01–03–2015 ● ഞായർ

രാവിലെ 6.30 മുതൽ:

**ഉദ്ധവന്റെ ബദരീയാത്ര, സ്വർഗ്ഗാരോഹണം, കൽക്കി അവതാരം, മാർക്കണ്ഡേയ ചരിതം, ദ്വാദശസ്കന്ധസാരം, ഭാഗവത സംഗ്രഹം, യജ്ഞസമർപ്പണം**



# ഗ്രീവാ സ്തംഭം

## (CERVICAL SPONDYLOSIS



ഡോ. ദേവിദാസ് വെള്ളോടി

കഴുത്ത് തിരിയ്ക്കാൻ പ്രയാസം, വേദന, ചുമലിൽ പേശികൾക്ക് ജഡത(Stiffness), തോളെല്ലിനുള്ളിൽവേദന, കൈവിരലുകളിലേക്ക് കടഞ്ഞിറങ്ങുന്ന വേദന, കൈവിരലുകൾക്ക് തരിപ്പ്, കൈക്ക് വേണ്ടത്ര ബലം തോന്നായ്ക. തലകറക്കം പോലെ കഴുത്തിനും തലക്കും വേദന, ചെറിയ തോതിൽ തലക്കറക്കം എന്നീ ലക്ഷണങ്ങൾ എല്ലാകൂടിയോ ചിലതെല്ലാം കൂടിയോ കണുകയാണെങ്കിൽ, നിങ്ങളുടെ വയസ്സ് അമ്പതിൽ മുകളിലാണെങ്കിൽ തീർച്ച യായും ഒരു വിദഗ്ദപരിശോധന വേണ്ടതാണ് ചിലപ്പോൾ ഗ്രീവാ സ്തംഭം (Cervical Spodylosis) ആയിക്കൂടായ്കയില്ല. ഇന്നത്തെ മാറിയ കാലാവസ്ഥയിൽ കംമ്പ്യൂട്ടറിന്റെ മുന്നിലുള്ള ഇരുത്തവും Laptop ഉപോയിഗിക്കു മ്പോഴുള്ള കൈവിരലുകളുടെ സൂക്ഷ്മമായ ചലനങ്ങളും ചെറുപ്പക്കാരിലും ഈ പ്രശ്നത്തിന് കാരണമായിരിക്കുകയാണ്. നേരത്തെപറഞ്ഞ ലക്ഷണങ്ങളുണ്ടെങ്കിൽ ഗ്രീവാ കശേരുക്കൾക്ക് (Cervical Spine) തേയ്മാനം വരാനോ വന്നു തുടങ്ങിയതായോ അനുമാനിക്കാം.

പക്ഷെ വ്യക്തമായ x-ray അല്ലെങ്കിൽ നല്ല പരിശോധനയാൽ മാത്രമേ ഇതിന്റെ കാഠിന്യം മനസ്സിലാക്കാൻ കഴികയുള്ളു. ചിലപ്പോൾ തലനീരറക്കം വന്നാലും ഇതിന്റെ മിക്ക ലക്ഷണങ്ങളും കണ്ടെന്നു വരാം. എന്താണ് Cervical Spodylosis (ഗ്രീവാ സംതംഭം)

കഴുത്തിലെ കശേരുക്കൾക്കും കശേരു ക്കൾക്കിടയിലുള്ള ഡിസ്ക്കൾക്കും തേയ്മാനം സംഭവിക്കുകയും ക്രമേണ സുഷുമ്ന നാഡി (Spinal Canal) ക്ക് ഞെരുക്കം സംഭവിക്കുകയും ചെയ്യുന്നു. സാധാരണ പ്രായം കൂടുമ്പോഴാണ് കണ്ടുവരാറുള്ളതെങ്കിലും നേരത്തെ സൂചിപ്പി ച്ചതുപോലെ ആധുനിക യുഗത്തിൽ ചെറുപ്പ ക്കാരിലും ഈ അസുഖം കണ്ടുവരുന്നുണ്ട്. സൂഷുമ്ന നാഡിക്ക് ഞെരുക്കം അനുഭവപ്പെടു മ്പോഴാണ് കൈവിരലുകൾക്ക് തരിപ്പ്, കൈക്ക് തന്നെ പൊതുവേ ശക്തിക്കുറവ് എന്നീലക്ഷണ ങ്ങൾ കണ്ടുവരുന്നത്. Spinal Canal ന്റെ വ്യാസം കുറയുക വഴി ഗുരുതരമായ നാഡീ രോഗലക്ഷണ ങ്ങളിലേക്ക് അത് വഴിതെളിയിക്കും.

ആയുർവ്വേദ ശാസ്ത്രപ്രകാരം ഗ്രീവാ സ്തംഭം വ്യാന വായുവിന്റെ വൈഗുണ്യമാണ്. സ്രോതോരോധം എന്ന് വിസ്തരിച്ച് പറഞ്ഞി രിക്കുന്നത് ഈ Spine Cord Compression തന്നെയാണ്.

Cervical SpodylosisനെCervical Arthritis എന്നും Neck Arthritis എന്നും പറയാറുണ്ട്.

**രോഗപരിശോധനഃ**

**രക്തവാതം ഃ** ഗ്രീവാകശേരുക്കൾക്കുണ്ടാകുന്ന നീർകെട്ട്, ട്യൂമറുകൾ തുടങ്ങിയവയാലും മേൽപറഞ്ഞ ലക്ഷണങ്ങൾ കാണാമെന്നതിനാൽ വ്യക്തമായ പരിശോധനയാണാദ്യം വേണ്ടത്. എക്സറേ പരിശോധനയിൽ തന്നെ വ്യക്തമായ സൂചന ലഭിക്കുമെങ്കിലും തേയ്മാനത്തിന്റെ കാഠിന്യം അറിയാൻ D3 യുടെ അളവ് പരിശോധിക്കുന്നതും സ്കാൻ ചെയ്യുന്നതും നല്ലതാണ് സുഷുമ്നാ കാണ്ഡത്തിന് കഠിനമായ ഞെരുക്കം സംഭവിക്കുകയും സുഷുമ്ന നാഡി യുടെ വ്യാസം വളരെ കുറയുകയും ചെയ്തിട്ടു ണ്ടെങ്കിൽ ശസ്ത്രക്രിയ തന്നെയാണ് ഉത്തമ ചികിത്സ. പക്ഷേ ശസ്ത്രക്രിയ വേണമോ നിർബന്ധമാണോ എന്നും മൂന്നുവട്ടം ആലോചി ക്കണം. ആധുനിക ശസ്ത്രക്രിയാ മാർഗങ്ങൾ വളരെ ഫലപ്രദവും അപകടരഹിതവുമാണെ ങ്കിലും ശസ്ത്രകാരന് മാർ തന്നെ അവസാന വാക്കായി മാത്രമെ നിർദ്ദേശിക്കാറുള്ളു. Spinal Cord ൽ തൊട്ടുകളിക്കേണ്ട എന്ന് ചുരുക്കി പ്പറയാം.

**എപ്പോഴാണ് വൈദ്യ നിർദ്ദേശം തേടേണ്ടത്ഃ**

Cervical Spodylosis ഉള്ള എല്ലാവർക്കും ലക്ഷണങ്ങൾ കാണണമെന്നില്ല. ഉദാഹരണത്തി

ന് 60 വയസ്സ് കഴിഞ്ഞ എല്ലാവരിലും നട്ടെല്ലിന് തേയ്മാനം കാണാം. പക്ഷേ അവർക്കെല്ലാ വർക്കും Spodylosis ഉള്ളപോലെ ലക്ഷണങ്ങൾ കാണണമെന്നില്ല. വേദനയുടെ കാഠിന്യത്തിലും ഏറ്റക്കുറച്ചിലുണ്ടാകാം. പ്രധാനലക്ഷണം കഴുത്തിനും ചുറ്റും ചുമലിലുമായുള്ള വേദന തന്നെയാണ്. കഴുത്തിൽ നിന്ന് കൈകളിലേക്കും അവിടെ നിന്ന് വിരലികളിലേക്കും പടർന്നിറ ങ്ങുന്ന വേദന പ്രധാന ലക്ഷണമാണ്.

എഴുന്നേറ്റു നിൽക്കുമ്പോഴോ, തുമ്മു മ്പോഴോ, ചുമയ്ക്കുമ്പോഴോ, കഴുത്ത് തിരിക്കു മ്പോഴോ ഈ വേദന അസഹ്യമാകാം. തുടർന്ന് ചികിത്സിക്കാതിരുന്നാൽ മാംസപേശീശോഷം സംഭവിക്കാം. കഴുത്തിന് Stiffness തലയുടെ പുറകിലുള്ള വേദന, കൈവിരലുകളിലേ തരിപ്പ് എന്നീ ലക്ഷണങ്ങളും കാണാറുണ്ട്. നടക്കു മ്പോൾ ബാലൻസ് കിട്ടായ്ക മൂത്രത്തിന്റെയും, മലശോധനയുടെയും നിയന്ത്രണം കുറയുകയും ചെയ്യാറുണ്ട്.

## Nerve Function Test (EMG)

ഇലക്ട്രോമയോഗ്രാം (EMG) നാഡിക ളുടെ പ്രവർത്തനശേഷി വിലയിരുത്താൻ സഹായിക്കുന്നു. Nerve Conduction Study നാഡിയുടെ ശക്തി പരിശോധിക്കുന്നതിന് ചെയ്യുന്ന പരിശോധനയാണ്.

**ചികിത്സ :**

മിക്ക രോഗികളിലും തുടക്കത്തിലേ ചികിത്സി ച്ചാൽ പരിപൂർണ്ണമായി നിയന്ത്രിക്കാവുന്ന രോഗമാണിത്. വേദന, ജഡത, തരിപ്പ്, മാംസ പേശീശോഷം എന്നീ ലക്ഷണങ്ങൾ തീർത്തും മാറ്റിയെടുക്കാൻ കഴിയും. രോഗിയുടെ പ്രായം ജന്മനാലുള്ള ആരോഗ്യം, പ്രമേഹം, തുടങ്ങിയ രോഗങ്ങൾ, അമിതവണ്ണം, ജോലി എന്നീ ഘടകങ്ങൾ ചികിത്സയുടെ റിസൾട്ടിനെ സ്വാധീ നിക്കും. ഇന്ന് കാണുന്ന Cervical Spodylosis രോഗികളിൽ ശസ്ത്രക്രിയ വേണ്ടവർ അഞ്ചു ശതമാനത്തിൽ താഴേയാണ്.

**ഫിസിക്കൽ തെറാപ്പി :**

ആധുനിക ശാസ്ത്രത്തിൽ വേദന സംഹാരികളും വിറ്റാമിൻ ഗുളികകളും കഴിഞ്ഞാൽ ഫിസിക്കൽ തെറാപ്പിയാണ് നിർദ്ദേശിക്കാറുള്ളത്. ഫിസിയോ തെറാപ്പി Stiffness കുറക്കുവാനും കഴുത്തിന്റെ സുഗമമായ ചലനത്തിന് സഹായിക്കുന്നു. Neck Collar ഇടുന്നതും വേണ്ടിവന്നാൽ Traction ചെയ്യുകയും വേദനയെ കുറയ്ക്കു കയും ചെയ്യുന്നു.

**ശസ്ത്രക്രിയ :**

ദീർഘകാലമായി അനുഭവിച്ചുകൊണ്ടിരി ക്കുകയും വളരെയധികം സുഷുമ്നാനാഡീയെ ബാധിച്ചിരിക്കുന്നതുമായ രോഗികൾക്ക് ശസ്ത്ര ക്രിയ തന്നെയായിരിക്കും ശരണം. പക്ഷെ അതിനു മുമ്പ് ആയൂർവ്വേദ ചികിത്സകളും ഫിസിക്കൽ തെറാപ്പിയും പരീക്ഷിച്ചു നോക്കേ ണ്ടതായിട്ടുണ്ട്.

**ആയൂർവ്വേദ ചികിത്സ :**

ശാസ്ത്രീയമായ ആയൂർവ്വേദ ചികിത്സ നിദാന പരിവർജനമാണ്. അപ്പോൾ നിലവിലുള്ള ജീവിതരീതി, ഓഫീസ്, ജീവിത രീതി എന്നിവ ക്രമീകരിക്കുക എന്നത് പ്രഥമമായ ചികിത്സ യാണ്. ആയൂർവ്വേദ Cervical Spodylosis ന് ഫലപ്രദമായ മരുന്നുകളും ചികിത്സയുമുണ്ട്.

**ആയൂർവ്വേദമരുന്നുകൾ :**

ഗുൽഗുലു അടങ്ങിയ യോഗരാജഗുൽഗുലു, ത്രിയോദശാംഗ ഗുൽഗുലു തുടങ്ങിയ ഗുളിക കളും പ്രസാരണ്യാദി കഷായം, ധന്വന്തരം കഷായം Cap Cervilan തുടങ്ങിയ മരുന്നുകളും വൈദ്യ നിർദ്ദേശാനുസരണം കഴിക്കണം.

**അഭ്യംഗം :**

യുക്തമായ തൈലങ്ങളാലുള്ള മൃദുവായ അഭ്യംഗം വളരെ ഫലപ്രദമാണ്. ശക്തമായ വേദനയുള്ള സമയത്ത് എണ്ണ പുരട്ടിയാൽ മാത്രം മതി, തലോടരുത്. മരുന്നിനാലും വിശ്രമത്താലും വേദന ഒരു പരിധിവരെ കുറഞ്ഞാൽ മാത്രമേ അഭ്യംഗം കിഴി തുടങ്ങിയ ചികിത്സകൾ ചെയ്യാവൂ. വേദനയ്ക്ക് ശമനം വരുന്ന സമയത്ത്, കിടക്കപ്പൊറുതിയായാൽ പൊടിക്കിഴി, ഇലക്കിഴി, പിഴിച്ചിൽ ഉരോവസ്തി തുടങ്ങിയ ചികിത്സകൾ വൈദ്യന്റെ നിർദ്ദേശാനുസരണം ചെയ്യണം. ഇടവിട്ട് മൂന്നു മാസം കുടുമ്പോൾ ഒരാഴ്ച വീതം ചികിത്സിക്കുന്നത് രോഗലക്ഷണങ്ങളെ പരി പൂർണ്ണമായി ഇല്ലാതാക്കും. വൈദ്യൻ പറയുന്ന പോലെ പത്ഥ്യത്തോടെ വിശ്രമിച്ചു വേണം ചികിത്സ ചെയ്യാൻ.

**ഭക്ഷണക്രമം, ജീവിതക്രമം (Diet & Life Style) :**

കുടുതൽ കൊഴുപ്പുള്ള ഭക്ഷണങ്ങൾ, ശരീരഭാരം വർധിയിക്കുന്ന ഭക്ഷണങ്ങൾ, കാർബണേറ്റിങ്ങ് പാനീയങ്ങൾ, അമിതമായ അരിഭക്ഷണം എന്നിയ ഒഴിവാക്കണം. തുടർച്ച യായി ഒരേ രീതിയിലിരുന്ന് കംപ്യൂട്ടറിൽ ജോലി ചെയ്യരുത്, ടെലിവിഷന്റെ നേരെയിരുന്ന് കാണണം, ലാപ്ടോപ്പ് കിടന്നുകൊണ്ട് ഉപ യോഗിക്കരുത്. അമിതമായ കഴുത്തിൽ സമ്മർദ്ദം വരുന്ന വ്യായാമങ്ങൾ ചെയ്യരുത്. തലയിൽ ചുമടെടുക്കരുത്. പ്രാണായാമം ശീലിക്കുക, ദിവസേന മൃദുവായി കഴുത്ത് തൈലമിട്ട് തലോടുക, കഴുത്തിന്റെ ചലനങ്ങൾക്കുള്ള മൃദുവായ വ്യായമങ്ങൾ ചെയ്യുക. ഇറുകി ടൈ ധരിക്കാതിരിക്കുക, വെയിലത്ത് കുട ചൂടി നടക്കുക (നീരിറക്കം ഇല്ലാതാക്കാൻ) എന്നിവ നല്ല ശീലങ്ങളാണ്. "നിദാനപരിവർജ്ജനം" എന്ന വാക്കിന്റെ പൊരുൾ അറിഞ്ഞ് പ്രവർത്തിക്കുക. സ്വയം ചികിത്സിക്കരുത്, ബന്ധുമിത്രാദികൾ പറഞ്ഞുതന്ന ചികിത്സ ചെയ്യരുത്. വൈദ്യ നിർദ്ദേശാനുസരണം ചികിത്സിക്കണം. ■

**കഴിഞ്ഞലക്കം പ്രസിദ്ധീകരിച്ച 'അശനം' എന്ന ലേഖനത്തിൽ വിട്ടുപോയ അവസാനഭാഗം താഴെ കൊടുക്കുന്നു.**

തിരിച്ച് തിരുവനന്തപുരത്തെത്തിയപ്പോൾ, വിവരം നേരത്തെ അറിഞ്ഞ രാജാവ് അല്പം നീരസത്തോടേ "ഓഹോ, ചമ്പകനാട്ടിലെ ഊണ് ഇവിടത്തേക്കാൾ അത്ര കേമമാണോ" എന്ന ചോദ്യത്തിന് കൊടുത്ത ഉത്തരംഃ

| | | |
|---|---|---|
| പത്രം വിസ്തൃതമത്ര തുമ്പ | = | ഇവിടെ എല തുമ്പയിലയുടെ അത്രയേള്ളു |
| മലര് തോറ്റോടീടിനോരന്നവും | = | മലര് പോലെയുള്ള ചോറും പുത്തന് |
| നെയ് കിനിയെ | = | പുതിയ നെയ്യാണ്, പക്ഷെ ഒരല്പം മാത്രം |
| പഴുത്ത പഴവും കാളി | = | പഴുത്ത ചീഞ്ഞതുപോലുള്ള പഴവും |
| പഴം കാളനും | = | പഴയ (വളിച്ച) കാളനും |
| പത്തഞ്ഞൂറു കറിക്ക് ദാസ്യം<br>ഇയലും നാരങ്ങയും മാങ്ങയും | = | നാരങ്ങാക്കറിയും മാങ്ങാക്കറിയും<br>പത്തഞ്ഞുറു കറിക്ക് ദാസ്യ വേല ചെയ്യും |
| നിത്യം ചെമ്പകനാട്ടിലഷ്ടി | = | എന്നും ചെമ്പകനാട്ടിൽ ഊണ് |
| തയിർമോര് തട്ടാതെ കിട്ടും | = | തൈരും മോരും തൊടീക്കാതെ<br>(ഇല്ലെന്നർത്ഥം) |
| ദൃഢം | = | തീർച്ച |

അങ്ങനെയൊക്കെ വേണം വിമർശിക്കാൻ!

# മാതൃപഞ്ചകം

**ആസ്താം താവദിയം പ്രസൂതിസമയേ ദുർവാരശൂലവ്യഥാ**
**നൈരുച്യം തനുശോഷണം മലമയീ ശയ്യ ച സാംവത്സരീ**
**ഏകസ്യാപി ന ഗർഭഭാരഭരണക്ലേശസ്യ യസ്യഃ ക്ഷമോ**
**ദാതും നിഷ്കൃതിമുന്നതോപി തനയസ്തസ്യൈ ജനന്യൈനമഃ**

പ്രസവസമയത്ത് അനുഭവിക്കേണ്ടിവരുന്ന കുത്തിനോവ്, ഗർഭകാലത്തുണ്ടാവുന്ന രുചിയില്ലായ്മ, ശരീരം മെലിയൽ, ഒരു കൊല്ലക്കാലം മലമയമായ ശയ്യയിലെ കിടപ്പ് എന്നതൊക്കെ ഇരിക്കട്ടെ, ഗർഭഭാരം വഹിക്കുക എന്ന ഒറ്റ ക്ലേശത്തിനുപോലും നിഷ്കൃതി ചെയ്യുവാൻ അത്യുന്നതനായാൽ പോലും മകൻ അപ്രാപ്തനാവുന്നുവോ അത്രയ്ക്ക് ക്ഷമാവാത്സല്യദയാനിധിയായ ആ അമ്മയ്ക്ക് നമസ്കാരം.

# എറണാകുളം കരയോഗം

## ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2015 ജനുവരി മാസത്തിൽ സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | ശ്രീ. എൻ. വേണുഗോപാലൻ,മാധവം, 88, ജവഹർ നഗർ, കടവന്ത്ര, കൊച്ചി-682020 | 1,00,000 |
| 2. | ശ്രീമതി. വത്സല എൽ. കുമാർ, ഹരിപ്രിയ, പ്ലോട്ട് ജി. 88. പനമ്പിള്ളി നഗർ, എറണാകുളം | 25,000 |
| 3. | ശ്രീമതി .സുകുമാരി ദേവി,ആനന്ദഭവൻ, രവിപുരം, കൊച്ചി-682016 | 25,000 |
| 4. | ശ്രീമതി. ജയശ്രീ. എം. വിജയൻ, ശ്രീഗോവിന്ദം, പി.ആർ.ആർ.എ 25, പള്ളിശ്ശേരി ജംങ്ഷൻ, തമ്മനം | 16,845 |
| 5. | ശ്രീ. ശിവദാസ്. ആർ. മേനോൻ, രശ്മി, അശോക റോഡ്, കലൂർ, കൊച്ചി | 10,631 |
| 6. | ശ്രീമതി. ഗീതാ വേണുഗോപാൽ, 3 ബി, ജോമർഹാവൻ, ഇല്ലം റോഡ് | 10,000 |
| 7. | ശ്രീ. ജയശങ്കരൻ തോട്ടയ്ക്കാട്ട്, ശ്രുതി, 31/1018, ചങ്ങമ്പുഴ നഗർ, ഇടപ്പള്ളി | 10,000 |
| 8. | ശ്രീമതി. ശാന്തിനി. കെ. ആർ, ബാബുകോട്ടേജ്, ആലപ്പാട്ട് റോഡ്, കൊച്ചി-682016 | 10,000 |
| 9. | ശ്രീ. ശ്രീകണ്ഠൻ നായർ, 5 ബി, ചാക്കോളാസ് വാട്ടർസ്കേപ്പ്, പി. കെ. റോഡ്, തേവര, കൊച്ചി-13 | 10,000 |
| 10. | ശ്രീമതി. ശ്രീദേവി. വി., 1454/29, വൈറ്റില, കൊച്ചി. | 5,001 |
| 11. | ശ്രീ. കെ. രാമചന്ദ്രൻ നായർ, രമ്യ 39/2882, ദിവാൻസ് റോഡ്, എറണാകുളം | 5,000 |
| 12. | ശ്രീ. എം. ആർ. രാജേന്ദ്രൻ നായർ, 8 എ ആർ ഡി എസ്, നെടുങ്ങാടൻ റസിഡൻസി, കൊച്ചി | 5,000 |
| 13. | ശ്രീ. രഘുനന്ദൻ. എം, സരസ്വതി, ചങ്ങമ്പുഴ നഗർ, കൊച്ചി-682033 | 5,000 |
| 14. | ശ്രീ. എൽ. എൻ. സേതുമാധവൻ&ശാന്ത സേതുമാധവൻ, കോടക്കാട്ട് ഹൗസ്, കാരിക്കാമുറി ക്രോസ്സ് റോഡ്, എറണാകുളം | 5,000 |
| 15. | ശ്രീ. വേണുഗോപാൽ. കെ.ജി, തെക്കേചെരുപ്പിൽ, കലൂർ | 5,000 |
| 16. | ജി. ഗംഗാധരൻ, സി 16 എച്ച്. ഐ.ജി അവന്യൂ, ഗാന്ധിനഗർ, കൊച്ചി | 5,000 |

## ആദരാഞ്ജലി

2015 ജനുവരി മാസം അന്തരിച്ച കരയോഗം അംഗങ്ങൾ



**എം. കെ. കെ. മേനോൻ (എൽ. 1089)**
നന്ദനം, 48594 എ, ക്രോസ്സ് റോഡ്,
കീർത്തി നഗർ, എളമക്കര
കൊച്ചി-682026



**കെ. ലളിത മേനോൻ (എൽ. 2715)**
XL/472, പൂതള്ളിൽ കോമ്പൗണ്ട്
എം.ജി. റോഡ്, കൊച്ചി-682011



## കൈലാസ മാനസ സരോവർ

**ജൂൺ**

ശിവ പാർവതിമാരുടെ ആസ്ഥാനമായ കൈലാസവും മാനസസരോവരവും നേപ്പാളിലെ പശുപതി നാഥ്, ബദരീനാഥ്, സ്വയം ഭൂനാഥ് ക്ഷേത്രങ്ങളും, കാഠ്മണ്ഡു നഗരവും സന്ദർശിക്കുന്നു.





## ദ്വാരക, സോമനാഥ്, പോർബന്ദർ, ഗിർവനം

**ഫെബ്രുവരി**





## അമർനാഥ്, വൈഷ്ണോദേവി, ശ്രീനഗർ, സുവർണ്ണക്ഷേത്രം, വാഗാ ബോർഡർ

**ജൂലൈ**





## കാശി, അയോദ്ധ്യ, ബുദ്ധഗയ, അലഹബാദ്

**ആഗസ്റ്റ്**






## പുരി, കൊണാർക്ക്, കൽക്കട്ട

**സെപ്റ്റംബർ**



## കേദാർനാഥ്, ബദരീനാഥ്, യമുനോത്രി, ഗംഗോത്രി

**ഒക്ടോബർ**

ഹരിദ്വാർ, ഋഷികേശ്, വസിഷ്ടഗുഹ, ദേവപ്രയാഗ്, രുദ്രപ്രയാഗ്, ഗുപ്തകാശി, ഗൗരീകുണ്ഡ്, ജോഷിമഠം, വ്യാസ ഗുഹ, ഗണേഷ് ഗുഹ, ഉത്തരകാശി...

## അസം, അരുണാചൽ പ്രദേശ്, മേഘാലയ

**നവംബർ**


# MANASA SAROVAR TOURS & TRAVELS

**0484 - 2347016, 2558304**
**“Kailasm”, Ponoth Road, Kochi - 682017**
**www.kailasayathra.com/e.mail: kailasayathra@gmail.com**

# 9961200400 / 9961200500

# 6–ാം ചരമവാർഷികം

**26.01.2015**



## എളമക്കര രഞ്ജിത്

